2010 ജൂൺ
ഹി.ശ 1389 - എഹ്‌സാൻ
1431 ജ.ആഖർ - റജബ്
പുസ്തകം 82 ലക്കം 6
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് -**
**ശുഹദാക്കൾ മരിക്കുന്നില്ല**

6 **സൃഷ്ടിയും ആജ്ഞയും**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

8 **ലാഹോർ ആക്രമണം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ലേഖനം

17 **ചോരയിൽ കുതിർന്ന മതം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

21 **പാകിസ്താനിൽ ഭീകരതക്ക്**
**വിഭാഗീയതയുടെ പുതിയമാനം**
അനിതാ ജോഷ്വാ

23 **ഭീകരതാണ്ഡവത്തിനു മുന്നിലും**
**അഹ്മദി യുവാക്കളുടെ ധീരത**

25 **മതവൈവിധ്യങ്ങൾ എന്തുകൊണ്ട്?**
**മതങ്ങൾക്ക് എങ്ങനെ ഐക്യപ്പെടാം?**
എ.എം. മുഹമ്മദ് സലിം

29 **ഇസ്‌ലാമിന്റെ പേരിലുള്ള 'തീവ്രവാദ'**
**ത്തിന്റെ അടിവേരുകൾ....**
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

34 **റസൂൽ തിരുമേനി(സ)യുടെ രണ്ടാം ദൗത്യം**
**ഇമാം മഹ്ദി(അ)യിലൂടെ പൂർത്തിയാകുന്നു**
ഏ.ക്യു. മഹ്ദി

37 **'വടി' ഒഴിവാക്കുകയോ?**
ഖലീഫത്തുൽ മസീഹ് IV

കുറിപ്പുകൾ

39 **ക്രെയ്ഗ് വെൻഡർ ജീവന്റെ സ്രഷ്ടാവോ?**

**അനുസ്മരണം**

| | | |
|---|---|---|
| **ചീഫ് എഡിറ്റർ** : | മുഹമ്മദ് ഇസ്മായിൽ | Mob : 9446656123 |
| **എഡിറ്റർ** : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384, **E-mail: salimqld@yahoo.in** |
| **മാനേജർ** : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്

സത്യവിശ്വാസികളേയും സത്യവിശ്വാസിനികളേയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് നരകശിക്ഷയുണ്ടാകും. എരിച്ചുകളയുന്ന ശിക്ഷയാണ് അവർക്കുണ്ടാകുക.

***(85:11)***

## നബിവചനം

ഇബ്നു അബ്ബാസി(റ)ൽ നിന്നും നിവേദനം: റസൂൽ തിരുമേനി(സ) മുആദി(റ)നെ യമനിലേക്കയച്ചു കൊണ്ടു പറഞ്ഞു 'മർദ്ദിതന്റെ ശാപത്തെ ഭയപ്പെടുക. മർദ്ദിതന്റെ പ്രാർത്ഥനക്കും അല്ലാഹുവിനും ഇടയിൽ യാതൊരു മറയുമില്ല.

***(ബുഖാരി)***

**യുഗശബ്ദം**

# രക്തസാക്ഷികളുടെ സ്വർഗ്ഗം

### ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



മരിച്ച ഉടൻ തന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന പരിശുദ്ധാത്മാക്കളെപ്പറ്റിയുള്ള നിരവധി ഖുർആൻ വചനങ്ങളിലും ഹദീസുകളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ചില ഹദീസുകളിൽ ശുഹദാക്കന്മാർ സ്വർഗ്ഗത്തിലെ പഴങ്ങൾ ഭക്ഷിക്കുമെന്ന് പറയപ്പെട്ടിരിക്കുന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നു: **'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആത്മീയാഹാരം നൽകപ്പെടുകയും ചെയ്യുന്നു'** (3:170).

മുൻവേദഗ്രന്ഥങ്ങളും ഖുർആന്റെ ഈ പ്രസ്താവനയെ പിന്തുണക്കുന്നു. ഇത് തെളിയിക്കുന്നത്, പരിശുദ്ധാത്മാക്കൾ സ്വർഗത്തിൽ പ്രവേശിക്കുന്നു എന്നാണ്. സ്വർഗത്തിൽ വിവിധങ്ങളായ ഭൗതികാനുഗ്രഹങ്ങളും വശങ്ങളും ഉണ്ടെന്ന് വക്കുക. അതിനർത്ഥം അതെല്ലാം അനുഭവവേദ്യമാവുക എന്നാണ്. അങ്ങനെ വരുമ്പോൾ ആത്മാവിന്റെ മാത്രം സ്വർഗ്ഗപ്രവേശം എന്നത് നിരർത്ഥകവും പ്രയോജനരഹിതവുമായിരിക്കും. ആത്മാവ് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും അവക്ക് അവിടുത്തെ അനുഗ്രഹങ്ങളൊന്നും ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകുമോ? **'എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക'** (90:31) എന്ന വചനം വ്യക്തമായും സൂചിപ്പിക്കുന്നത് ഒരു വിശ്വാസിക്ക് മരണശേഷം അത് അനുഭവിക്കാനുള്ള ഒരു ശരീരം നൽകപ്പെടും എന്നാണ്. പരിശുദ്ധന്മാരായ വിശ്വാസികൾക്ക് മരിച്ച ഉടനെത്തന്നെ ഒരു ശരീരം നൽകപ്പെടുന്നതാണ്. രക്തസാക്ഷികൾക്ക് സ്വർഗ്ഗത്തിന്റെ പ്രാന്തപ്രദേശമാണ് ലഭിക്കുക എന്ന ധാരണ അവിശ്വാസത്തോളം പോന്നതാണ്.

........... സത്യമെന്താണെന്ന് വെച്ചാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവിതം സമർപ്പിച്ചവർ രക്തസാക്ഷികളാണ്. പരിശുദ്ധനായ റസൂൽ തിരുമേനി(സ)യാണ് രക്തസാക്ഷികളിൽ ഒന്നാമൻ.

***(ബറാഹീനെ അഹ്മദിയ്യ ഭാഗം V റൂഹാനി ഖസായിൻ വോ. 21 പേ. 388-390)***

**മുഖക്കുറിപ്പ്**

# ശുഹദാക്കൾ മരിക്കുന്നില്ല

***അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് 'മരിച്ചവർ' എന്നു നിങ്ങൾ പറയരുത്. അല്ല (അവർ) ജീവിച്ചിരിക്കുന്നവരാണ്. പക്ഷേ, നിങ്ങൾ അത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം.*** (2:155).

റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത മസീഹി (അ)നെ വിശ്വസിച്ചതിന്റെ പേരിൽ ജീവൻ ബലിദാനം ചെയ്യപ്പെട്ട് സ്വർഗ്ഗസ്ഥരായ ശുഹദാക്കളേ, നിങ്ങളുടെ വിശുദ്ധ രക്തത്തോടൊപ്പം ഞങ്ങളുടെ അഗാധദുഃഖത്തിന്റെ കണ്ണീരും ദൈവസവിധത്തിൽ പ്രാർത്ഥനകളായർപ്പിക്കുന്നു. കൂട്ടക്കുരുതികൾ നടത്തി അഹ്മദിയ്യാ ജമാഅത്തിനെ ഇല്ലാതാക്കാമെന്ന് കരുതുന്നവർക്ക് തെറ്റി. പൈശാചികശക്തികളുടെ ഖഡ്ഗങ്ങളേറ്റ് ഭൂമിയിൽ ചിന്തിയ നിഷ്ക്കളങ്കരായ ദൈവഭക്തരുടെ വിശുദ്ധ രക്തമാണ് സത്യപ്രസ്ഥാനങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതെന്ന സത്യം അക്രമികൾക്ക് മനസ്സിലാവില്ല. പാകിസ്താനിലെ ഈ ശഹാദത്തിന്റെ അരുണഹാരങ്ങൾ ത്യാഗോജ്ജ്വലമായ അഹ്മദിയ്യാ ചരിത്രത്തിന്റെ കീർത്തിമുദ്രകളായി വിലയിരുത്തപ്പെടും. അനശ്വരരായ അവരുടെ സ്മരണകൾ യുഗാന്ത്യം വരെയുള്ള അഹ്മദിയ്യാ ജമാഅത്തിന്ന് ആവേശമായി മാറും. അതിനേക്കാളുപരി രക്തത്തിൽ കുളിച്ചുനിൽക്കുന്ന ഈ ഘട്ടത്തിലും പ്രതികാരലേശമില്ലാതെ സമസ്ത ദുഃഖങ്ങളും അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് സുജൂദുകളിൽ പ്രണിപതിച്ച് കണ്ണീരൊഴുക്കി പ്രാർത്ഥിക്കുകയും സഹനത്തിന്റെ മാർഗ്ഗം അവലംബിക്കുകയും ചെയ്യുന്ന അഹ്മദികൾ വിനഷ്ടമായ ഇസ്‌ലാമിക സംസ്കാരത്തെയാണ് പുനരുജ്ജീവിപ്പിക്കുന്നത്.

2010 മെയ് 28ന് പാകിസ്താനിൽ ലാഹോറിന്റെ മോഡൽ ടൗണിലെ ബൈത്തുന്നൂർ, ഗാരിഗാഹുവിലെ ദാറുദിക്ർ എന്നീ മസ്ജിദുകളിലാണ് ജുമാ നമസ്കാരാനന്തരം നരാധമന്മാരായ ഭീകരരുടെ ആക്രമണത്തിൽ അഹ്മദികൾ ശഹീദാക്കപ്പെട്ടത്. കഴിഞ്ഞ മുപ്പത്തഞ്ച് വർഷമായി ഒരു രാഷ്ട്രം നടത്തിവരുന്ന നികൃഷ്ടമായ മനുഷ്യാവകാശ ധ്വംസനത്തിന്റേയും പീഡനത്തിന്റേയും പശ്ചാത്തലത്തിൽ ആധുനിക മനുഷ്യചരിത്രത്തിൽ തുല്യതയില്ലാത്ത ഹീനകൃത്യമാണ് പാകിസ്താനിൽ അരങ്ങേറിയത്. 1953ൽ മതരാഷ്ട്രവാദത്തിന്റെ വക്താക്കൾ നടത്തിയ രക്തരൂഷിതമായ കലാപത്തോടെയാണ് പാകിസ്താനിൽ അഹ്മദിയ്യാ വിരുദ്ധ വികാരം ആരംഭിക്കുന്നത്. 1974-ൽ വീണ്ടും കലാപതരംഗങ്ങൾ അലയടിച്ചുയർന്നു. അതിന്റെ ഫലമായി ആ വർഷം, സപ്തംബർ 7-ാം തിയ്യതി പാകിസ്താൻ നാഷനൽ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. 1984ൽ പട്ടാളഭരണകൂടം 20-ാം നമ്പർ ഓർഡിനൻസിലൂടെ പ്രസ്തുത നിയമം നടപ്പാക്കുകയും അഹ്മദികൾക്ക് എല്ലാവിധ മതസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും നിഷേധിക്കുകയും ചെയ്തു. പൗരന്റെ സ്വാതന്ത്ര്യം സംരക്ഷിക്കേണ്ട ഭരണകൂടം തന്നെ അവരുടെ പീഡകരായി മാറി. ചങ്ങലക്ക് തന്നെ ഭ്രാന്ത് പിടിച്ച അവസ്ഥ!!

മൂന്നു പതിറ്റാണ്ടു കാലമായി നീതിരാഹിത്യത്തിന്റെ ഈ അഗ്നിപരീക്ഷകൾ പാകിസ്താനിലെ ദശലക്ഷക്കണക്കിന് അഹ്മദികൾ മൂകനിശബ്ദരായി സഹിക്കുകയാണ്. രണ്ട് ദശകത്തിനകം പ്രതിഭാശാലികളായ നൂറ് അഹ്മദികളെയാണ് ഒറ്റപ്പെട്ട കൊലപാതകപരമ്പരകളിലൂടെ തീവ്രവാദികൾ ശഹീദാക്കിയത്. ഇപ്പോഴിതാ അഹ്മദികളുടെ സഹന സമരത്തിന്റെ ചരിത്രാദ്ധ്യായത്തെ രക്തത്തിൽ കുളിപ്പിച്ചുകൊണ്ട് ലാഹോറിലെ മസ്ജിദുകളിൽ അഹ്മദികളെ കൂട്ടക്കൊലക്കിരയാക്കിയിരിക്കുന്നു. ഭൂമിയേക്കാൾ ക്ഷമിച്ചിട്ടും അറേബ്യൻ സൈകതങ്ങളിൽ ആടുമാടുകളെപ്പോലെ അറുത്തിടപ്പെട്ട റസൂൽ തിരുമേനി(സ)യുടെ

*(ശേഷം 7-ാം പേജിൽ)*

ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

# സൃഷ്ടിയും ആജ്ഞയും

ചിന്തയുടേയും നിരീക്ഷണത്തിന്റേയം ഫലമായി ഒരാളുടെ മനസ്സിൽ ഉദയം ചെയ്യുന്ന നന്മയുടേയും തിന്മയുടേയും പദ്ധതികൾ, ആരിൽ നിന്ന് എവിടെ നിന്ന് ആണ് അത് ഉരുവം കൊള്ളുന്നത് എന്ന് ചോദിക്കപ്പെട്ടേക്കാം. അതിന്നുള്ള ഉത്തരമിതാണ്. അതായത്, അത്തരം ചിന്തകളെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ് (ഖൽഖ്). അവന്റെ ആജ്ഞ (അംറ്) അല്ല. അല്ലാഹുവിന്റെ സൃഷ്ടിയും അവന്റെ 'ആജ്ഞയും' തമ്മിൽ വ്യത്യാസമുണ്ട്. 'സൃഷ്ടി' എന്നത് ഭൗതിക ഉപാധികളിലൂടെ എന്തെങ്കിലും ഒന്ന് ഉല്പാദിപ്പിക്കുക എന്നതാണ്. ആ ഉൽപാദനം അവനിൽ തന്നെ ആരോപിതമാണ്. കാരണം അവനാണ് കാര്യകാരണ പരമ്പരകളുടെ ആദികാരണം. 'ആജ്ഞ' എന്നാൽ യാതൊരു ഉപാധിയുടേയും ഇടപെടൽ കൂടാതെ ദൈവത്തിൽ നിന്നും നേരിട്ടു ഉത്ഭവിക്കുന്നവയാണ്. വെളിപാടുകൾ ദൈവത്തിന്റെ ആജ്ഞകളുടെ ലോകത്തു നിന്നും ഇറങ്ങുന്നതാണ്. അത് സൃഷ്ടിയുടെ ലോകത്ത് നിന്നുമുള്ളതല്ല.

ചിന്ത എന്നത് വിചിന്തനത്തിന്റേയും നിരീക്ഷണങ്ങളുടേയും ഫലമായി ആളുകളുടെ മനസ്സിൽ ഉദയം കൊള്ളുന്നതാണ്. എന്നാൽ ദിവ്യശക്തികൾ ഭൗതികോപാധികളുടെ തിരശ്ശീലക്ക് പിന്നിൽ നിന്നാണ് പ്രവർത്തിക്കുക. ഉപാധികളുടെ ലോകത്ത് നിരവധി ശക്തികളും കഴിവുകളും സജ്ജമാക്കിക്കൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അവ നന്മയിലോ തിന്മയിലോ വ്യാപൃതമാവുമ്പോൾ തദനുസൃതമായ പദ്ധതികൾ മനുഷ്യന്റെ മനസ്സിൽ രൂപം കൊള്ളുന്നവിധത്തിലുള്ള സ്വഭാവത്തോട് കൂടിയാണ് ഈ കഴിവുകളും ശക്തികളും മനുഷ്യനിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. അത് പ്രകൃതിനിയമത്തിന്റെ ഭാഗമായിക്കൊണ്ടാണ് പ്രവർത്തിക്കുക. ഒരു മനുഷ്യൻ തന്റെ ദൃഷ്ടി തുറക്കുകയാണെങ്കിൽ അവന് എന്തെങ്കിലും കാണുവാൻ സാധിക്കും. അവൻ തന്റെ കർണ്ണപുടം ശബ്ദത്തിന്റെ ദിശയിലേക്ക് തിരിക്കുകയാണെങ്കിൽ അവന്നു അവ കേൾക്കാൻ സാധിക്കും. അപ്രകാരം ഒരാൾ നന്മയുടേയോ തിന്മയുടേയോ വിചാരത്തോടെ ഒരു മാർഗ്ഗത്തിൽ മുന്നേറുകയാണെങ്കിൽ ചില പദ്ധതികൾ അവന്റെ മനസ്സിൽ ഉടലെടുക്കും. നല്ല മനുഷ്യൻ നന്മയെക്കുറിച്ചും ചീത്ത മനുഷ്യൻ തിന്മകളെക്കുറിച്ചും ചിന്തിക്കുന്നു. ഒരു തസ്ക്കരൻ കവർച്ചയെ സംബന്ധിച്ച നാനാവഴികളെക്കുറിച്ച് ആലോചിച്ചുകൊണ്ടാണ് ഒരു കളവ് നടത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. അതായത് മനുഷ്യന് ഹീനമായ പദ്ധതികളെക്കുറിച്ച് അഗാധനിമഗ്നനായി ചിന്തിക്കാൻ സാധിക്കും. അപ്രകാരം അവന്റെ ഈദൃശ കഴിവുകൾ നന്മയുടെ മാർഗ്ഗത്തിൽ ഉപയോഗിച്ച് വിചിന്തനം ചെയ്യുകയാണെങ്കിൽ അവൻ നല്ല പദ്ധതികളെക്കുറിച്ചായിരിക്കും ചിന്തിക്കുക. ഒരാളുടെ ചീത്ത ചിന്ത, അത് എത്ര അഗാധവും ഫലപ്രദമാണെന്നാലും അതൊരിക്കലും വെളിപാടുകളായിരിക്കില്ല. അതേപോലെ ഒരാൾ നന്മയിൽ മുഴുകി ചിന്തിക്കുകയാണെങ്കിൽ ആ ചിന്തയും വെളിപാടുകളായിരിക്കില്ല. ചുരുക്കത്തിൽ, വിചിന്തനത്തിന്റേയും നിരീക്ഷണത്തിന്റേയും ഫലമായി നല്ല മനുഷ്യരിൽ എന്തുതന്നെ സദ്ചിന്തകൾ

കഴിവുകൾക്കതീതമായി നിലകൊള്ളുന്നു. അവ പൂർണതയിൽ തികവുറ്റതും, വീര്യവത്തും പരിശുദ്ധവുമാണ്. അതിന്റെ പ്രകടനത്തിന്റെ ഒന്നാമത്തെ ഉപാധി മനുഷ്യന്റെ കഴിവുകൾ പൂർണമായും ഇല്ലാതാവുകയും ഉപയോഗശൂന്യമാവുകയും ചെയ്യുക എന്നതാണ്. അവിടെ വിചിന്തനമോ നിരീക്ഷണമോ ഉണ്ടാവില്ല. ആ വ്യക്തി ഒരു മൃതദേഹം പോലെ നിർജ്ജീവമായിരിക്കും. ആരുടെ അസ്തിത്വമാണോ യഥാർത്ഥവും വാസ്തവുമായിട്ടുള്ളത് ആ സർവ്വശക്തനായ ദൈവം തന്റെ വചനങ്ങൾ അവന്റെ പ്രത്യേകമായ കല്പനപ്രകാരം അയാളുടെ ഹൃദയത്തിൽ ഇറക്കുന്നു. ആ വ്യക്തിയാകട്ടെ, അപ്പോൾ സകല ഉപാധികളും വിച്ഛേദിക്കപ്പെട്ട അവസ്ഥയിലുമായിരിക്കും. (ബറാഹീനെ അഹ്മദിയ്യ വോ. 1 പേ. 232-242- ഫുട്ട്നോട്ട് 11) ■

നിക്ഷേപിച്ചിരിക്കുന്നു. മനുഷ്യന് ആവശ്യമുള്ളപ്പോൾ നല്ലതോ ചീത്തയോ ആയ പദ്ധതികൾ ആവിഷ്കരിക്കാൻ ചിന്താശക്തി ഉപയോഗിക്കത്തക്കരീതിയിലാണ് അവൻ മനുഷ്യനിൽ അത് നിക്ഷേപിച്ചിരിക്കുന്നത്. ഒരു കവി ആക്ഷേപഹാസ്യഭാവത്തോടെ ഒരാളുടെ നേർക്ക് തിരിയുകയും അദ്ദേഹത്തിന്റെ മനസ്സ് ആ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അത്തരം ഒരു കവിത തങ്ങളിൽ രൂപം കൊള്ളുന്നു. മറ്റൊരു കവി അതേ വ്യക്തിയെ സ്തുതിഭാവത്തോടെ കാണുകയാണെങ്കിൽ സ്തുതിഗീതങ്ങളായിരിക്കും അ യാളുടെ മനസ്സിൽ വരിക. ഈ വിധത്തിലുള്ള നല്ലതോ ചീത്തയോ ആയ ചിന്തകൾ ദൈവികേച്ഛയുടെ പ്രതിഫലനമല്ല. അവ ദൈവത്തിന്റെ വചനങ്ങളാണെന്ന് പറയാനും സാധ്യമല്ല. ദൈവിക വചനങ്ങൾ മനുഷ്യന്റെ

ഉദിച്ചുയർന്നാലും അപ്രകാരം കള്ളന്മാർ, കൊള്ളക്കാർ, കൊലപാതകികൾ, വ്യഭിചാരികൾ, വ്യാജന്മാർ എന്നിവരുടെ മനസ്സിൽ തിന്മയുടെ ചിന്തയുടെ ഫലമായി എന്തുതന്നെ പദ്ധതികൾ സംജാതമായാലും അതെല്ലാം തന്നെ അവരുടെ സ്വാഭാവികഗുണങ്ങളുടെ പ്രവർത്തനം കൊണ്ടും ദൈവം കാര്യകാരണ പരമ്പരകളുടെ ഉടയവനായതുകൊണ്ടുമാണ് സംഭവിക്കുന്നത്. അവയെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്നാണ് വിളിക്കപ്പെടുന്നത്. ഇത് അവന്റെ 'ആജ്ഞ'യിൽ നിന്നുള്ളതല്ല. ചില പച്ചക്കറിയിനങ്ങളിൽ വയറിളക്കത്തിന്റേയോ മലബന്ധമുണ്ടാക്കുന്നതിന്റേയോ ഗുണങ്ങളുണ്ടാവും. അതുപോലെ അതിന്റെ മറ്റു ഗുണങ്ങളും അതിൽ സ്വാഭാവികമായുള്ളതാണ്. വിവിധ ഗുണങ്ങൾ മറ്റു വസ്തുക്കളിൽ സന്നിവേശിപ്പിച്ചത് പോലെ മനുഷ്യനിലും ദൈവം ചിന്താശക്തി

---

സർവശക്തനായ ദൈവം പാകിസ്താനുമേൽ കരുതിവെച്ചിരിക്കുന്നത് എന്താണെന്ന് നമുക്ക് കാത്തിരുന്നു കാണാം. അല്ലാഹു പറയുന്നു.

***'അക്രമികൾ പ്രവർത്തിക്കുന്ന ചെയ്തികളെക്കുറിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ ഒരിക്കലും ധരിച്ചുപോകരുത്. കണ്ണുകൾ തുറിച്ചു മേൽപോട്ട് നോക്കുന്ന ഒരു നാളത്തേക്ക് അവർക്ക് അവസരം നീട്ടിക്കൊടുക്കുക മാത്രമാണ് അവൻ ചെയ്യുന്നത്.'*** (14:43) ■

രക്തം ചിന്തിയിട്ടും അല്ലാഹു പ്രതികരിക്കാതിരിക്കുമെന്ന് ആരും കരുതേണ്ട. ദ്രോഹികളായ ജനത്തിനുമേൽ അല്ലാഹുവിന്റെ കോപതാപങ്ങൾ പെയ്തിറങ്ങിയ ഖുർആനിലെ ചരിത്രസത്യങ്ങൾ കേവലം രാക്കഥകളോ പുരാവൃത്തങ്ങളോ അല്ല. അവ എക്കാലവും സജീവമായ ചരിത്രനിയമങ്ങളാണെന്നോർക്കുക.

പാകിസ്താൻ ഇന്ന് അധഃപതനത്തിന്റെ അഗാധഗർത്തങ്ങളിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന നിർഭാഗ്യമായൊരു ദേശമാണ്.

*(5-ൽ നിന്ന് തുടർച്ച)*

അനശ്വര ശുഹദാക്കളെപ്പോലെ റോമിലെ കൊളീസിയങ്ങളിൽ വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ വലിച്ചെറിയപ്പെട്ട ഈസാ മസീഹി (അ)ന്റെ അനുയായികളായ ആദിമ ക്രിസ്ത്യാനികളെപ്പോലെ അഹ്മദികൾ നിഷ്ഠൂരമായി വധിക്കപ്പെടുന്നു!! ആത്മീയ സ്ഥൈര്യത്തിന്റെ ഐതിഹാസികമായ സമകാലീന ഇസ്ലാമിക ചരിത്രമാണ് ഇവിടെ രചിക്കപ്പെടുന്നത്.

നിരപരാധരും ഭക്തരുമായ സത്യാത്മാക്കളുടെ വിശുദ്ധ

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (റഹ്)

ഖലീഫത്തുൽ മസീഹ് V

# ലാഹോർ ആക്രമണം

## ഖലീഫത്തുൽ മസീഹ് അഞ്ചാമൻ മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) 2010 ജൂൺ 4ന് ലണ്ടനിൽ നിർവ്വഹിച്ച ഖുത്ബ.

***തങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും. വളരെയധികം പൊറുക്കുന്നവനും കരുണാമയനുമായവനിൽ നിന്നുള്ള ആതിഥ്യമായിരിക്കും അത്*** (41:31 –33)

ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളുടെ അർത്ഥമാണിത്.

ഓരോ ആഴ്ചയും വിവിധ വിഷയവുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് കത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. രോഗശമനത്തിന് ദുആക്കപേക്ഷിച്ചുകൊണ്ടുള്ളതുണ്ടാകും. തങ്ങളുടെ അടുത്ത ബന്ധുക്കൾക്ക് വേണ്ടിയുള്ള കത്തുകളുണ്ടാകും. ചിലർ വിവാഹത്തിന്റെ സന്തോഷത്തിൽ എന്നെ ഉൾപ്പെടുത്തിക്കൊണ്ട് കത്തെഴുതും. വിവാഹബന്ധങ്ങൾ ലഭിക്കുന്നതിലുള്ള പ്രയാസങ്ങൾ ഉൾക്കൊള്ളുന്ന കത്തുകൾ അതിലുണ്ടാകും. തങ്ങളുടെ ജോലിയും ബിസിനസ്സും അനുഗൃഹീതമായിത്തീരാൻ ദുആക്ക് വേണ്ടി അപേക്ഷിക്കുന്നതുണ്ടാകും. പരീക്ഷാ വിജയത്തിനായി കുട്ടികളും അവരുടെ മാതാപിതാക്കളും എഴുതുന്നു. ചുരുക്കത്തിൽ, ഇതുപോലുള്ളതും വ്യത്യസ്തതകൾ നിറഞ്ഞതുമായ കത്തുകളാണ് വന്നുകൊണ്ടിരിക്കാറുള്ളത്. എന്നാൽ കഴിഞ്ഞാഴ്ച എനിക്ക് ലഭിച്ച ആയിരക്കണക്കിന് കത്തുകൾ സാധാരണ ലഭിക്കുന്ന കത്തുകളിൽ നിന്നും വ്യത്യസ്തമായ കത്തുകളാണ്. ആ കത്തു കളുടെ എല്ലാം കേന്ദ്ര ബിന്ദു ലാഹോറിലെ ശുഹദാക്കളുടെ മഹത്തായ ശഹാദത്തിനെക്കുറിച്ച് അവരവരുടെ വികാരപ്രകടനങ്ങളായിരുന്നു. ദുഃഖവും സങ്കടവും അതിൽ പ്രകടമായിരുന്നു. ദേഷ്യപ്രകടനമുണ്ടായിരുന്നെങ്കിൽ അടുത്തവരികളിൽ തന്നെ ആ ദേഷ്യമെല്ലാം ക്ഷമയിലും പ്രാർത്ഥനയിലും ഒതുക്കുമായിരുന്നു. എല്ലാവരും തങ്ങളുടെതായ മറ്റു പ്രശ്നങ്ങളെല്ലാം മറന്നു.

ഈ കത്തുകൾ പാകിസ്താനിൽ നിന്നും അറബ് നാടുകളിൽ നിന്നും ഇന്ത്യയിൽ നിന്നും ആസ്ത്രേലിയയിൽ നിന്നും ദ്വീപുകളിൽ നിന്നും യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും ആഫ്രിക്കയിൽ നിന്നും എല്ലാം വരുന്നുണ്ട്. ഈ കത്തുകളിൽ പാകിസ്താനികൾ അവരുടെ നാട്ടുകാർക്കു നേരെയുണ്ടായ അതിക്രമത്തിന്റെ വികാരപ്രകടനമല്ല കണ്ടത്. മുഹമ്മദീ മസീഹിന്റെ കൈകളിൽ ബൈഅത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ച ഓരോ ദേശവാസിയും തങ്ങളുടെ അടുത്ത ബന്ധുക്കൾ ആക്രമിക്കപ്പെട്ടതുപോലുള്ള വൈകാരിക പ്രകടനങ്ങളാണ് യഥാർത്ഥത്തിൽ നടത്തിയിരിക്കുന്നത്. അതോടൊപ്പം ശഹാദത്ത് വരിച്ച (രക്തസാക്ഷിത്വം വരിച്ച) വരുടെ ബന്ധുക്കളുടെ കത്തുകളും അതിൽ ഉണ്ടായിരുന്നു. ആ കത്തുകളിൽ അവർ എന്നെ ആശ്വസിപ്പിക്കയായിരുന്നു. തന്റെ അടുത്ത ബന്ധുക്കളുടേയും തന്റെ മക്കളുടേയും, തന്റെ പിതാവിന്റേയും, സഹോദരിയുടേയും, തന്റെ ഭർത്താവിന്റേയും രക്തസാക്ഷിത്വത്തിൽ അല്ലാഹുവിന്റെ മുമ്പിൽ അവർ പ്രകടിപ്പിച്ച ക്ഷമയുടേയും സഹനത്തിന്റേയും ഒരു മഹത് വൃത്താന്തം തന്നെ രചിക്കുകയായിരുന്നു.

എനിക്ക് നൽകപ്പെട്ട അറിവിന്റെ അടിസ്ഥാനത്തിൽ ഓരോ വീട്ടിലും ഞാൻ നേരിട്ട് ഫോൺ മുഖേന ബന്ധപ്പെട്ടുകൊണ്ട് അവരെ അനുശോചനം അറിയിക്കാൻ വേണ്ടി ശ്രമിച്ചു. ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ എന്നെ അറിയിക്കാൻ താൽപര്യപ്പെടുന്നു. ഞാൻ ഓരോ വീട്ടിലും ഫോൺ ചെയ്തപ്പോൾ മക്കളേയും ഭാര്യമാരേയും മാതാപിതാക്കളേയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരായി കണ്ടു. കത്തുകളിൽ വികാരങ്ങൾ മറച്ചുവെക്കാൻ സാധിക്കും. എന്നാൽ ഫോണിൽ അവരുടെ ധീരമായ ശബ്ദങ്ങൾ എനിക്ക് വ്യക്തമായ സന്ദേശമാണ് നൽകിയത്. അല്ലാഹു വിശ്വാസികളുടെ പ്രതികരണമായിപ്പറഞ്ഞ ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ (ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരാണ്. അവനിലേക്ക് തന്നെയാണ് മടങ്ങുന്നത്) എന്നത് ഞങ്ങൾ ആത്മാർത്ഥമായി പ്രകടിപ്പിക്കുന്നു. ഞങ്ങൾ പൂർണ്ണബോധത്തോടെ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരാണ്. ഒന്നോ രണ്ടോ ത്യാഗങ്ങൾ എന്തിരിക്കുന്നു. ഞങ്ങൾ സർവ്വവും ഞങ്ങളുടെ രക്തത്തിന്റെ ഓരോ തുള്ളിയും മസീഹ് മൗഊദി(അ)ന്റെ ജമാഅത്തിന് വേണ്ടി ഖുർബാൻ ചെയ്യാൻ (ത്യാഗം ചെയ്യാൻ) സന്നദ്ധരാണ്. ഇത് ഞങ്ങളുടെ രക്തവും ഞങ്ങളുടെ ത്യാഗവുമാണ്. ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി (സ) ഏറ്റവും ശ്രേഷ്ഠനായ പ്രവാചകനും ഖാത്തമുൽ അമ്പിയാ ആണെന്നുമുള്ള പ്രഖ്യാപനം ലോകത്ത് നടത്തുന്നവരാണ് ഞങ്ങൾ.

ആദ്യ നൂറ്റാണ്ടുകളിൽ മുസ്ലിംകൾ പ്രകടിപ്പിച്ച ആ മാതൃകകൾ പുനരുജ്ജീവിപ്പിക്കുകയാണ് ഞങ്ങൾ. റസൂൽ (സ) തിരുമേനിയുടെ മഹാന്മാരായ സഹാബാക്കളുടെ മഹനീയ മാതൃകകൾ ഞങ്ങളുടെ മുമ്പിലുണ്ട്.

ഇങ്ങനെയുള്ള കത്തുകളും വികാരപ്രകടനങ്ങളും വായിച്ചുകേട്ടുകൊണ്ട് എന്റെ വികാരം പ്രകടിപ്പിക്കാൻ ഞാൻ അശക്തനാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ഉന്നത ലക്ഷ്യം കരസ്ഥമാക്കുന്നതിനായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)ന് നൽകിയ പ്രിയരാണ് ഇവരെന്ന ദൃഢജ്ഞാനം ഇതുമുഖേന ഒന്നുകൂടെ വർദ്ധിക്കുകയുണ്ടായി. ഇവരെല്ലാം ക്ഷമയുടേയും സ്ഥിരചിത്തതയുടേയും ഉത്തമ പ്രതീകങ്ങളാണ്. ഇവരിൽ നിന്ന് വിട്ടുപിരിഞ്ഞവരും വിശ്വാസസ്ഥൈര്യം കാണിച്ചുകൊണ്ട് വിടപറഞ്ഞു. അങ്ങനെ അവർ വിശുദ്ധ ഖുർആന്റെ ഈ വചനത്തിന് അർഹരായി.

അവർ ലോകരോട് പറയുന്നത്, നിങ്ങൾ ഞങ്ങളെ മരിച്ചവരാണെന്ന് പറയരുത്; ഞങ്ങൾ ജീവിച്ചിരിക്കുന്നവരാണ്. നിത്യജീവനിൽ ഞങ്ങൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കിയതോടൊപ്പം അല്ലാഹുവിന്റെ മതത്തിന്റെ വളർച്ചക്ക് കാരണമാകുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ ഓരോ തുള്ളി രക്തത്തിൽ നിന്നും ആയിരക്കണക്കിന് ഫലവൃക്ഷങ്ങൾ വളർന്ന് പന്തലിക്കുന്നതാണ്. മലക്കുകൾ അവരുടെ മടിയിൽ ഞങ്ങളെ ഇരുത്തിയിരിക്കുന്നു. ഞങ്ങളുടെ ജീവൻ ദാനം നൽകുമ്പോൾ ഞങ്ങൾക്ക് എവിടെ എത്ര വെടിയുണ്ടകൾ ഏറ്റിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ഗ്രനേഡ് മുഖേന ഏൽക്കേണ്ടിവന്ന മുറിവുകളും ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞിട്ടില്ല. ക്ഷമയുടേയും സഹനത്തിന്റേയും ആൾരൂപമായ ഇവർ, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് പ്രതിജ്ഞാബദ്ധരായിരുന്നു. ദീനിന് വേണ്ടി തങ്ങളുടെ ജീവൻ ബലി നൽകിയ ഇക്കൂട്ടർ തങ്ങളുടെ മുറിവുകളിൽ നിന്നും ഒഴുകിക്കൊണ്ടിരിക്കുന്ന രക്തം മണിക്കൂറുകളോളം കണ്ടിരുന്നു. എന്നാൽ ഒരു വിധ പരാതിയും പറയാതെ ദുആ മുഖേനയും സ്വലാത്ത് ചൊല്ലിക്കൊണ്ടും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ഈ നിമിഷങ്ങൾ വിനിയോഗിക്കയാണ് ചെയ്തത്. വേദന കടിച്ചമർത്തി അവസാന ശ്വാസം വരെ അവർ തിരുനബി(സ)യിൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയാണ് ചെയ്തത്. അവർ മുഹമ്മദീ മസീഹിനോട് തങ്ങൾ ചെയ്ത പ്രതിജ്ഞ തങ്ങളിതാ നിറവേറ്റുന്നു എന്ന ഉറപ്പാണ് അല്ലാഹുവിനും അവന്റെ റസൂലിനും (സ) നൽകിയത്. മുറിവേറ്റ ഒരാൾ തന്റെ മൊബൈൽ ഫോണിൽ റിക്കാർഡ് ചെയ്ത വേദനാനിർഭരമായ ഒരു രംഗം ഞാൻ കാണുകയുണ്ടായി. അത് കണ്ടപ്പോൾ വല്ലാത്ത ഒരവസ്ഥയായിരുന്നു ഹൃദയത്തിൽ

ഇവർ അല്ലാഹുവിനുവേണ്ടി ത്യാഗങ്ങൾ ചെയ്തു. അതോടൊപ്പം മലക്കുകൾ ഇവരിൽ സമാധാനം ഇറക്കുകയും ചെയ്തു. മണിക്കൂറുകളോളം ഒരു വിധ പ്രയാസവും പ്രകടിപ്പിക്കാതെ ക്ഷമയുടേയും സഹനത്തിന്റേയും മകുടോദാഹരണങ്ങളായി ഇവർ മാറുകയുണ്ടായി. ലാഹോറിലുള്ള ഒരു കുട്ടി എന്നോട് ഫോണിൽ പറയുകയുണ്ടായി. 19 വയസ്സുള്ള തന്റെ സഹോദരന് നാലോ അഞ്ചോ വെടി ഏറ്റിട്ടുണ്ടായിരുന്നു. അവൻ മണിക്കൂറുകളോളം അവിടെത്തന്നെ കിടന്നു. തന്റെ സ്ഥാനത്ത് നിന്ന് ഇളകിയതുപോലുമില്ല. ദുആ ചെയ്തുകൊണ്ടിരുന്നു. പോലീസ് തക്ക സമയത്ത് എത്തിയിരുന്നെങ്കിൽ വിലപിടിച്ച എത്രയോ ജീവൻ രക്ഷിക്കാമായിരുന്നു. അവിടെയുള്ള പോലീസ് സംവിധാനം ആകെ തകർച്ചയിലാണ്. അവരിൽ നിന്നും

ഒരു നന്മയും നമുക്ക് പ്രതീക്ഷിക്കാനില്ല.

ഒരു യുവാവ് ശത്രു എറിഞ്ഞ ഗ്രനേഡ് കൈ കൊണ്ട് തടഞ്ഞു നിർത്തി തിരിച്ച് അവന്റെ നേരെ തന്നെ എറിയാൻ ശ്രമിക്കുമ്പോഴേക്കും ഗ്രനേഡ് പൊട്ടി ത്തെറിച്ചു. അങ്ങനെ ആ യുവാവ് തന്റെ ജീവൻ നൽകി മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുകയുണ്ടായി.

പ്രായമുള്ള ഒരാൾ തന്റെ ജീവൻ ആഹൂതി നൽകി യുവാക്കളേയും കുട്ടികളേയും രക്ഷിക്കുകയുണ്ടായി. അക്രമിക്ക് നേരെ അദ്ദേഹം പാഞ്ഞടുക്കുകയും അവ നുതിർത്ത വെടിയുണ്ടകളെല്ലാം തന്റെ നെഞ്ചിൽ ഏറ്റു വാങ്ങുകയും ചെയ്തു. ഇന്ന് പോലീസ് ഐ.ജി വളരെ അഭിമാനത്തോട് കൂടി പറഞ്ഞത് പോലീസ് രണ്ട് തീവ്ര വാദികളെ പിടിച്ചു എന്നാണ്. സത്യവും അസത്യവും അടിമുടി വേർതിരിച്ചറിയാൻ കഴിയാത്തവരായി മാറി യാൽ ഇങ്ങനെയുള്ള പ്രസ്താവനകൾ തന്നെയാണ് പുറത്തേക്ക് വരിക. രണ്ട് തീവ്രവാദികളെ പിടിച്ചത് നമ്മുടെ കുട്ടികളാണ്. ഈ പിടിച്ചവരിൽ ഒരാൾ മെലിഞ്ഞ ശരീരപ്രകൃതമുള്ള ആളായിരുന്നു. എന്നാൽ വിശ്വാസത്താൽ അവൻ കരുത്തനായിരുന്നു. ഒരു കൈകൊണ്ട് തീവ്രവാദിയുടെ കഴുത്ത് മുറുക്കിപ്പിടിച്ചു ആ ധീരയുവാവ് മറ്റെകൈകൊണ്ട് തീവ്രവാദി അണിഞ്ഞ ആത്മഹത്യാ ജാക്കറ്റിലെ ഗ്രനേഡ് പിൻ വലിച്ച് പൊട്ടിക്കാനായി ശ്രമിച്ച് അയാളുടെ കൈ ബട്ട നിലേക്ക് കൊണ്ടുപോകുന്നതിനെ തടഞ്ഞുവെക്കു കയും ചെയ്തു.

ഈ തീവ്രവാദികൾ ചെറുപ്പക്കാരാണ്. 18 നും 22 നും ഇടയിൽ പ്രായമുള്ളവരാണിവർ. ദരിദ്രമാതാപി താക്കളുടെ മക്കളാണിവർ. ചെറുപ്പത്തിൽ തന്നെ ദാരിദ്ര്യം കാരണം ആക്രമണം ആസൂത്രണം ചെയ്ത വരുടെ കൈകളിൽ ഇവർ വരുന്നു. മതപഠനത്തിന്റെ പേരും പറഞ്ഞ് അവരെ തീവ്രവാദ പ്രവർത്തനങ്ങ ളാണ് പഠിപ്പിക്കുന്നത്. ബ്രൈൻ വാഷ് ചെയ്യപ്പെടുന്ന ഇവർ ആത്മഹത്യാ സ്ഫോടനങ്ങളിൽ മരിച്ചാൽ സ്വർഗം ലഭിക്കുമെന്ന് ധരിക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ കോപത്തിന് കാരണമായിത്തീരുന്ന മര ണമാണിത്. ഈ തീവ്രവാദികളുടെ നേതാക്കൾ ഒരി ക്കലും മുന്നോട്ടു വരാറില്ല.അവർ തങ്ങളുടെ മക്കളെ ഇതിന്നായി വിനിയോഗിക്കാറുമില്ല. ഇങ്ങനെയുള്ള ജീവാഹൂതിക്ക് അവർ ദരിദ്രരുടെ മക്കളെ ബ്രൈൻ വാഷ് ചെയ്തുകൊണ്ട് ഉപയോഗിക്കുന്നു.

മലക്കുകൾ ഇറങ്ങി സമാധാനം ആശംസിക്കും എന്ന് പറഞ്ഞ രംഗം മുറിവേറ്റവരിൽ നാം കണ്ടതു പോലെ രക്തസാക്ഷികളുടെ പിൻഗാമികളിലും ഈ സമാധാനാവസ്ഥ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ഇത് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതു മുഖേന അവർക്ക് ലഭിച്ച വിശ്വാസത്തിന്റെ ഫലമാണ്. ഇവി ടെയും അല്ലാഹു മലക്കുകളെ അയച്ചുകൊണ്ട് 'എന്റെ ദാസർക്ക് സമാധാനം ഇട്ടുകൊടുക്കുക' എന്ന് പറഞ്ഞു. പ്രാർത്ഥിക്കുന്നവർക്ക് നിങ്ങൾ സമാധാനവും മനഃശാ ന്തിയും പ്രദാനം ചെയ്യുക എന്നും മലക്കുകളോട് കൽപ്പിച്ചു.

എല്ലാ വീടുകളിലും എനിക്ക് ഈ കാഴ്ചയാണ് കാണാൻ സാധിച്ചത്. ഇവരുടെ ഈ മാതൃക കാണു മ്പോൾ ഹദ്റത്ത് മസീഹ് മൗഊദി(അ) ന് ഏതെല്ലാം രീതിയിലുള്ള ആളുകളേയാണ് അല്ലാഹു നൽകിയിരി ക്കുന്നത് എന്നോർത്ത് അത്ഭുതപ്പെട്ടുപോകുന്നു. ഓരോ രുത്തരും തന്നെ ..... 'തന്റെ മനോവ്യഥയും വ്യസനവും എല്ലാം താൻ അല്ലാഹുവിന്റെ മുമ്പിൽ ബോധിപ്പി ക്കുന്നു' എന്ന അവസ്ഥയിലായിരുന്നു. ഒരു വിശ്വാസി യെ മറ്റുള്ളവരിൽ നിന്നും വ്യതിരിക്തമാക്കുന്നതിനുള്ള അടയാളവും ഇതാണ്. ദുഃഖം വരുമ്പോൾ ക്ഷമ കൈക്കൊള്ളാനാണ് അല്ലാഹു വിശ്വാസികളോട് കൽപ്പി ച്ചിരിക്കുന്നത് അല്ലാഹു പറയുന്നു (2:154)

വിശ്വസിച്ചവരേ! നിങ്ങൾ സഹനവും പ്രാർത്ഥ നയും വഴി സഹായം തേടുവിൻ നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു.

അല്ലാഹുവിന്റെ ദാസൻ അവന്റെ മുമ്പിലാണ് എല്ലാം സമർപ്പിക്കുന്നത്. കരച്ചിലിനും ബഹളം വെക്കു ന്നതിനും പകരം കോലാഹലങ്ങളും പ്രതിഷേധപ്രകട നങ്ങളും നടത്തുന്നതിനു പകരം, നിയമം കയ്യിലെടു ക്കുന്നതിനു പകരം ക്ഷമയിലും സഹനത്തിലും പ്രാർത്ഥനയിലും തന്റെ വികാരങ്ങൾ ഒതുക്കുമ്പോൾ അവർ അല്ലാഹുവിന്റെ സുവാർത്തകൾക്ക് അർഹരാ യിത്തീരുന്നു. വിശ്വാസികളോട് പരീക്ഷണം ഉണ്ടാകും എന്ന് നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഖുർആൻ പറ യുന്നു:

ക്ഷമ കൈക്കൊള്ളുകയും പ്രാർത്ഥനാ നിരതരാ കുകയും ചെയ്യുന്നവർക്ക് സന്തോഷത്തിന്റെ സു വാർത്ത അല്ലാഹു നൽകുന്നു. തന്റെ പ്രീതിയുടെ സ്വർഗത്തെക്കുറിച്ച് അവരെ അറിയിക്കുന്നു. അല്ലാഹു വിന്റെ മാർഗത്തിൽ ശഹീദാകുന്നവർക്ക് സ്വർഗത്തിന്റെ സുവാർത്തയുണ്ട്. അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ച് ഈ ലോകത്ത് ജീവിക്കുന്നവർക്കും സ്വർഗത്തിന്റെ സുവാർത്തയുണ്ട്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാ ക്കുക എന്നതായിരിക്കും അവരുടെ ജീവതലക്ഷ്യം (2:156). ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളിൽ വിശ്വാ

സികളിലുണ്ടാകുന്ന ഈ വിധ ലക്ഷണങ്ങളെക്കുറിച്ചാണ് പറയുന്നത്. പരീക്ഷണഘട്ടങ്ങളിൽ സ്ഥിരചിത്തത കാണിക്കുന്നവർക്ക് മലക്കുകൾ ഇറങ്ങി മനഃസമാധാനം നൽകുന്നു. വിശ്വാസികൾ നാനാ ഭാഗത്തു നിന്നും പരീക്ഷിക്കപ്പെടുമ്പോൾ, അവരുടെ ജീവൻ പോലും അപകടത്തിലാകുമ്പോൾ, അവരുടെ ധനം നഷ്ടപ്പെടുത്തുകയോ അതിന്നായി പരിശ്രമിക്കുകയോ ചെയ്യുമ്പോൾ അവരുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുകയോ ക്ഷതമേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ സഹായങ്ങൾ നാനാ ഭാഗത്തുനിന്നും പൂർണ്ണമായും അടഞ്ഞുപോയിരിക്കുന്നു എന്ന് തോന്നുമ്പോൾ ക്ഷമാശീലർക്ക് സുവാർത്തകളുണ്ടെന്ന് മനസ്സിലാക്കി അചഞ്ചലമായി അടിയുറച്ചു നിൽക്കുമ്പോൾ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ഉടമകളായി മാറുന്നു. അവർ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നു. പെട്ടെന്ന് വിജയത്തിന്റേയും ഉന്നതിയുടേയും സഹായത്തിന്റേയും കവാടങ്ങൾ അവർക്കായി തുറക്കപ്പെടുന്നു. ഇങ്ങനെ ഒരു വിജയം വിശ്വാസികൾ പോലും പ്രതീക്ഷിച്ചതായിരിക്കില്ല. മനുഷ്യന് ചിന്തിക്കാൻ പോലും കഴിയാത്തരീതിയിലുള്ള അത്ഭുതങ്ങൾ അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്നു.

ചുരുക്കത്തിൽ ഇസ്തിഖാമത്ത് (സ്ഥിരചിത്തത) അനിവാര്യമാണ്. ലാഹോറിലെ അഹ്മദികൾ ഈ അചഞ്ചല മാതൃക പ്രകടിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

അല്ലാഹുവാണ് തങ്ങളുടെ നാഥൻ എന്ന് പറയുകയും വ്യാജദൈവങ്ങളിൽ നിന്ന് അകന്നിരിക്കുകയും എന്നിട്ട് സ്ഥിരചിത്തത കാണിക്കുകയും വിവിധങ്ങളായ പ്രയാസങ്ങൾ നേരിടേണ്ടിവരുമ്പോഴെല്ലാം ക്ഷമ കൈക്കൊള്ളുകയും ചെയ്തവരിൽ മലക്കുകൾ ഇറങ്ങിക്കൊണ്ട് പറയും, നിങ്ങൾ ഭയപ്പെടരുത്, ദുഃഖിക്കുകയുമരുത്, മറിച്ച് നിങ്ങൾ സന്തോഷിക്കുക, സന്തോഷത്താൽ നിങ്ങളെ നിറക്കുക. കാരണം നിങ്ങളോട് വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗ്ഗസുഖത്തിന്റെ അവകാശികളായി നിങ്ങൾ മാറിയിരിക്കുന്നു. ഈ ലോകത്തും പരലോകത്തും ഞങ്ങൾ നിങ്ങളുടെ കൂട്ടുകാരായിരിക്കും. ഈ വചനങ്ങൾ മുഖേന അല്ലാഹു ഇവിടെ വെളിപ്പെത്തുന്നത് സ്ഥിരചിത്തരായി നിന്നാൽ അല്ലാഹുവിന്റെ പ്രീതി കരഗതമാകും എന്നാണ്. സ്ഥിരചിത്തത എന്നത് അത്ഭുത ദൃഷ്ടാന്തങ്ങളെക്കാളും മികച്ചതാണ്. നാനാഭാഗത്തുനിന്നും കഷ്ടതകളും, ക്ലേശങ്ങളും വലയം ചെയ്യപ്പെടുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവനും അഭിമാനവും സമ്പത്തും അപകടത്തിലാവുകയും എത്രമാത്രമെന്നാൽ പരീക്ഷണം എന്ന നിലയിൽ മനസ്സിന് സമാധാനം നൽകുന്ന ജാഗ്രത ദർശനങ്ങളും വെളിപാടുകളും സ്വപ്നങ്ങളും എല്ലാം അല്ലാഹു നിർത്തുകയും ചെയ്യുകയും ഭയവിഹ്വലമായ ഒരവസ്ഥയിലേക്ക് വിട്ടുകളയുകയും ചെയ്താലും ഒരിക്കലും ധൈര്യക്ഷയം പ്രകടിപ്പിക്കാതിരിക്കുക എന്നതാണ് യഥാർത്ഥ സ്ഥിരചിത്തത. ഭീരുക്കളെപ്പോലെ പിൻവലിയരുത്. ആത്മാർത്ഥതയിലും കൂറിലും അൽപംപോലും വിഘ്നം അനുവദിക്കരുത്. സത്യസന്ധതയ്ക്കും സ്ഥിരനിശ്ചയത്തിനും മുറിവേൽപ്പിക്കരുത്. എളിമയിലും അപമാനസ്ഥിതിയിലും സന്തോഷവാന്മാരായിരിക്കുക. മരണത്തിൽ തൃപ്തിപ്പെടുക. സ്വന്തം ചുവടുറപ്പിനായി ഒരു സുഹൃത്തിന്റേയും സഹായം പ്രതീക്ഷിക്കാതിരിക്കുക. ആ സമയം ദൈവത്തിന്റെ സുവാർത്തകളെപ്പോലും പ്രതീക്ഷിക്കാതെ ബലഹീനതയിലും നിസ്സഹായതയിലും മനചാഞ്ചല്യം കാണിക്കുകയോ മുറുമുറുക്കുകയോ ചെയ്യാതെയും ദൈവാഭീഷ്ടത്തിൽ സംതൃപ്തനായി ആത്മ ത്യാഗത്തിനുള്ള സന്നദ്ധതയോടുകൂടി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഇങ്ങനെ നാനാ മുഖമായ പരീക്ഷാഘട്ടത്തെ വിജയപൂർവ്വം തരണം ചെയ്യുന്ന സ്ഥിരഭക്തിയാണ് ദൈവദർശനത്തിന് പര്യാപ്തമായത്. ഈ മഹത്തായ സ്ഥിരോത്സാഹത്തന്റെ ആത്മസൗരഭ്യം പ്രവാചകന്മാരുടേയും പുണ്യാത്മാക്കളുടേയും പൊടിമണ്ണിൽ നിന്ന് ഇപ്പോഴും വീശിക്കൊണ്ടിരിക്കുകയാണ്.

ഇന്ന് നമ്മുടെ ശുഹദാക്കളുടെ മണ്ണിൽ നിന്നും ഈ സൗരഭ്യമാണ് വീശി അടിച്ചുകൊണ്ടിരിക്കുന്നത്. അത് നമ്മുടെ മസ്തിഷ്ക്കത്തിൽ പരിമളം പരത്തിക്കൊണ്ടിരിക്കുന്നു. അവരുടെസ്ഥിരത നമ്മോട് വിളിച്ചുപറയുന്നത്, നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ഈ സ്ഥിരചിത്തത ഒരിക്കലും കൈവിടരുത്. അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുകതന്നെ ചെയ്യും. പരീക്ഷണങ്ങളുടെ അവധി നീണ്ടുപോകുന്നതു കാരണം നിങ്ങളുടെ കാലുകൾ ഇടറാൻ അനുവദിക്കരുത്. നന്ദികേടിന്റെ ഒരു വചനം പോലും ഒരിക്കലും നിങ്ങളുടെ നാവിൽ നിന്നും വരാതെ സൂക്ഷിക്കണം.

ഈ ശുഹദാക്കളെക്കുറിച്ച് ചിലർ നല്ല സ്വപ്നങ്ങൾ കണ്ടിട്ടുണ്ട്. അവർ സസന്തോഷം സ്വർഗത്തിൽ സഞ്ചരിക്കുകയാണ്. മാത്രമല്ല, മെഡലുകൾ നൽകി അവരെ ആദരിക്കുന്നു. ഭൗതികമായ മെഡലുകൾ ലഭിക്കുന്നത് വലിയ വലിയ സേവനങ്ങൾക്ക് ശേഷമാണ്. ഇവിടെ യുവാക്കൾക്ക് യുവത്വത്തിൽ തന്നെ മെഡലുകൾ ലഭി

ക്കുന്നു.

അതുകൊണ്ട് നമ്മുടെ കരച്ചിലും നമ്മുടെ ദുഃഖവും അല്ലാഹുവിന്റെ മുമ്പിൽ നാം സമർപ്പിക്കുന്നു. അതിൽ ഒരു കുറവും നാം വരുത്തരുത്.

ലാഹോറിലുള്ളവരെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദി(അ) ന് ഇപ്രകാരം ഇൽഹാം ഉണ്ടായിട്ടുണ്ട്? "ലാഹോറിൽ നമ്മുടെ വിശുദ്ധരായ അംഗങ്ങളുണ്ട്. ലാഹോറിൽ നമ്മുടെ വിശുദ്ധരായ പ്രേമികളുണ്ട്." ഇത് നിങ്ങൾക്കുള്ള സ്ഥാനമാണ്. ഇത് നിലനിറുത്താൻ നിങ്ങൾ ശ്രമിക്കുക. എന്റെ കാഴ്ചപ്പാടനുസരിച്ച് ശത്രുക്കൾ ഈ ആക്രമണം നടത്തിയത് വെറും ജീവൻ നഷ്ടപ്പെടുത്താൻ വേണ്ടി മാത്രമല്ല. അതോടൊപ്പം മറ്റു ചില ലക്ഷ്യങ്ങളും ഉണ്ടായിരുന്നു. ഒന്ന് ജമാഅത്തംഗങ്ങൾക്കിടയിൽ ഭീതി ജനിപ്പിച്ചുകൊണ്ട് ബലഹീനരായ അഹ്മദികളെ അഹ്മദിയ്യത്തിൽ നിന്നും അകറ്റുക. യുവാക്കൾക്കിടയിൽ അസ്വസ്ഥത ഉണ്ടാക്കുക. എന്നാൽ, ഇവർ അറിയാതെപോയ ഒരു കാര്യമുണ്ട്. ഈ മക്കളുടെ മാതാക്കളുടെ രക്തത്തിൽ അവരുടെ മുലപ്പാലിൽ തങ്ങളുടെ ജീവനും സ്വത്തും അഭിമാനവും സമയവും എല്ലാം ത്യഗം ചെയ്യാൻ സന്നദ്ധരാണെന്ന പ്രതിജ്ഞ കറങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. പ്രതിജ്ഞാ പാലനത്തിനുള്ള ആവേശം ആ മാതാക്കളിൽ അലതല്ലിക്കൊണ്ടിരിക്കുകയാണ്.

ഇത്രവലിയ ആഘാതം താങ്ങാനുള്ള കരുത്ത് അഹ്മദികൾക്കുണ്ടാകില്ല. അങ്ങനെ അവർ റോഡിലിറങ്ങി ഇതിന്നെതിരിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയും എല്ലാം തകർക്കുകയും ചെയ്യും എന്ന് ശത്രക്കൾ കരുതി. അങ്ങനെ ഗവർമെന്റിന് തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് അഹ്മദികളെ കശാപ്പ് ചെയ്യാൻ സാധിക്കുകയും ലോകത്തിന്റെ മുമ്പാകെ അഹ്മദികളുടെ ഈ അവസ്ഥ കാണിച്ച് അവരെ ദുഷ്പേരിന് കാരണമാക്കുകയും ചെയ്യാമായിരുന്നു. എന്നാൽ, അഹ്മദികൾ അല്ലാഹുവിൽ നിന്നും ലഭിച്ചിരിക്കുന്ന ക്ഷമയും ദുആയും മുഖേന അല്ലാഹുവിനോട് സഹായം തേടുന്നവരും അവന്റെ സംരക്ഷണത്തിൽ വരുന്നവരുമാണ്. ഖിലാഫത്തിന്റെ പതാകക്കു താഴെ ഒരുമിച്ചുകൂടുന്നവരാണ്. അത്കൊണ്ട് ഒരിക്കലും ഇങ്ങനെയുള്ള പ്രതികരണങ്ങൾ അവരിൽ നിന്നും ഉണ്ടാകില്ല. അവർ പ്രതീക്ഷിച്ച രീതിയിലുള്ള പ്രതികരണം അഹ്മദികളിൽ നിന്നും പ്രകടമാകാതിരുന്നപ്പോൾ അതോടൊപ്പം ഈ ക്രൂരമായ നടപടിയെ പുറം നാടുകളും ശക്തമായി അപലപിച്ചു. മാത്രമല്ല മാധ്യമങ്ങളും ഇവരുടെ തനിനിറം പ്രകടമാക്കുകയും ചെയ്തു. അപ്പോഴാണ് അവിടെയുള്ള ഗവൺമെന്റ് ബോധം വന്ന് പ്രതികരിച്ചത്. അതിനുശേഷം സഹാനുഭൂതി പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രസ്താവനകൾ അവർ ഇറക്കി. നാണക്കേട് മറച്ചുവെക്കാമെന്ന് അവർ കരുതി.

അത്ഭുതകരമായ കാര്യം ഇതുവരെ ലോകർക്ക് പ്രത്യേകിച്ച് ഇവർക്ക് അഹ്മദിയ്യത്ത് എന്താണെന്ന് മനസ്സിലായിട്ടില്ല എന്നതാണ്. അഹ്മദികൾ ഒരു ഇമാമിന്റെ കീഴിൽ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ അദ്ധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കാൻ വന്ന വാഗ്ദത്ത് മസീഹിനെ വിശ്വസിച്ചവരാണ്. തിരുനബി (സ) മൃഗതുല്ല്യമായി ജീവിച്ചവരെ മനുഷ്യരും മനുഷ്യരെ ദൈവിക മനുഷ്യരുമാക്കി പരിവർത്തിപ്പിക്കുകയുണ്ടായി. അത്കൊണ്ട് ഞങ്ങളിൽ നിന്നും പ്രതിഷേധ പ്രകടനങ്ങളും കൊള്ളയും കൊലയും കൊള്ളിവെപ്പും എങ്ങനെ നിങ്ങൾ പ്രതീക്ഷിച്ചു? ഞങ്ങൾ അല്ലാഹുവിന്റെ പ്രീതി മുന്നിൽ കണ്ടുകൊണ്ട് ഇന്നാലില്ലാഹി വഇന്നാ ഇലൈഹിറാജിഊൻ എന്ന് പറഞ്ഞ് ഞങ്ങളുടെ കാര്യം അല്ലാഹുവിൽ ഏൽപ്പിക്കുകയാണ് ചെയ്തത്. ഞങ്ങളുടെ വ്യഥകളും ദുഃഖങ്ങളും അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിച്ചിരിക്കുകയാണ്. അവന്റെ തൃപ്തിയിൽ തൃപ്തരാണ്.. അവന്റെ തീരുമാനം ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്. ഈ മൃഗീയതയും ഭീകരതയും നിങ്ങൾക്ക് നല്ലതായിരിക്കട്ടെ.

തങ്ങൾക്ക് ഖുർആനും ശരീഅത്തും മതി എന്നാണ് അവരുടെ വാദം. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) കൊണ്ടുവന്ന ഖുർആനും ശരീഅത്തും അനുസരിച്ചാണോ നിങ്ങളുടെ ഈ പ്രവർത്തനം? അല്ലാ ഒരിക്കലുമല്ല. പ്രവാചപ്രകീർത്തനത്തിന്റെ പേരും പറഞ്ഞ് എന്റെ വിശുദ്ധ പ്രവാചകന്റെ പേര് കളങ്കപ്പെടുത്താനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഖിയാമത്ത് നാളിൽ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ് എന്ന കലിമ നിങ്ങളുടെ ഓരോരുത്തരേയും പിടിച്ച് നിങ്ങളുടെ നാശത്തിലേക്ക് എത്തിക്കുന്നതാണ്.

ഈ അതിക്രൂരമായ മൃഗീയ നടപടിയിൽ അഹ്മദികൾ ക്ഷമ കൈക്കൊണ്ടത് കണ്ട മറ്റുള്ളവർ സഹാനുഭൂതി പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത്. ചിലർ അഹ്മദിയ്യത്തിൽ ആകൃഷ്ടരാവുകയും ബൈഅത്തിൽ വരാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ട് നിങ്ങൾ ഞങ്ങളോട് ചെയ്തിരിക്കുന്ന ഈ അക്രമങ്ങൾക്ക് ഈ ലോകത്ത് വെച്ച്തന്നെ അതിന്റെ പ്രതിഫലം ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്.

ലാഹോറിൽ നടന്ന ചില സംഭവങ്ങൾ വിവരിക്കാൻ

ആഗ്രഹിച്ചതാണ്. എന്നാൽ ചിലത് വിവരിക്കുമ്പോൾ എനിക്ക് എന്റെ വികാരം നിയന്ത്രിക്കാൻ കഴിയുമോ എന്നെനിക്ക് ശങ്കയുണ്ട്. അത്രമാത്രം വേദനാ നിർഭര മാണ്. അതുകൊണ്ട് ചിലത്മാത്രം ഞാൻ കേൾപ്പിക്കാം.

നാഇബ് നാസിർ ഇസ്‌ലാഹ്‌വ ഇർശാദ് എഴുതുന്നു. ജുമാനമസ്കാരത്തിന് വന്ന ഒരു അഹ്മദി പറഞ്ഞു: 'എനിക്ക് ഒരു സമ്മാനം കൂടി ലഭിച്ചിരിക്കുന്നു. ഞാൻ ശഹീദായ പിതാവിന്റെ മകനാണ്."

മോഡൽ ടൗണിൽ ഇഅ്ജാസ് സാഹിബിന്റെ സഹോദരൻ ശഹീദായി. പള്ളിയിൽ തന്നെ അവർക്ക് ഇതുസംബന്ധമായി അറിവ് ലഭിക്കുകയും ചെയ്തു. വേഗം ആശുപത്രിയിൽ എത്തിച്ചേരാൻ പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: "നമ്മോട് വിട്ടു പിരിഞ്ഞവർ അല്ലാഹുവിന്റെ പക്കൽ എത്തിയിരിക്കുന്നു. അഹ്മദീ സഹോദരൻമാർക്ക് ഒരു പക്ഷേ എന്റെ രക്തം ആവശ്യമുണ്ടാകും. അതുകൊണ്ട് ഞാൻ ഇവിടെത്തന്നെ നിൽക്കാം."

ഒരു മാതാവ് പറഞ്ഞു: 'എന്റെ മടിയിൽ നിന്നും യുവാവായ എന്റെ മകനെ ഞാൻ അല്ലാഹുവിന്റെ മടിയിലേക്ക് കൊടുത്തിരിക്കുന്നു. ഇത് ആരുടെ അമാനത്തായിരുന്നുവോ അവനെത്തന്നെ ഏൽപ്പിച്ചിരിക്കുന്നു.'

നമ്മുടെ മുറബ്ബിയായ മഹ്മൂദ് അഹ്മദ് ശാഹിദ് സാഹിബ് മോഡൽ ടൗണിൽ തന്റെ ഡ്യൂട്ടി വളരെ നല്ല രീതിയിൽ നിർവ്വഹിക്കുകയുണ്ടായി. ഖുത്വ്ബ നൽകിക്കൊണ്ട് ദുആ ചെയ്യാനും ക്ഷമ കൈക്കൊള്ളാനും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കാനും ഉപദേശിച്ചുകൊണ്ടിരുന്നു. വിശുദ്ധ ഖുർആനിലെ ചില ആയത്തുകളും കേൾപ്പിച്ചു. ദുആകളും കേൾപ്പിച്ചു. ഉച്ചത്തിൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്തു. അല്ലാഹു അക്ബർ എന്ന വചനവും ഉച്ചത്തിൽ പറഞ്ഞു. അങ്ങനെ ശഹീദാകുകയുണ്ടായി.

സർദാർ അബ്ദുസ്സമീഅ് സാഹിബ് പറയുന്നു. സുബ്ഹി നമസ്കാരത്തിന് ശേഷം ചക്ക് സിക്കന്ദരിൽ നടന്ന സംഭവങ്ങളേയും ശുഹദാക്കളേയും കുറിച്ചാണ് പറഞ്ഞിരുന്നത്. അവിടെയായിരുന്നു അദ്ദേഹത്തിന്റെ ഡ്യൂട്ടി.

ഒരാൾ എഴുതുന്നു. പുറത്ത് ഗോവണിക്ക് താഴെ നൂറ് നൂറ്റമ്പത് പേർ ഉണ്ടായിരുന്നു. പള്ളിഹാളിന്റെ ഒരു മൂലയിൽ നിന്ന് കൊണ്ട് തീവ്രവാദി വെടി ഉതിർത്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ മുറ്റത്തെ ഒരു കോർണർ വരെ എത്തി. അയാൾ പുറത്തേക്ക് വന്നിരുന്നെങ്കിൽ പുറത്തുള്ള ഈ നൂറ് നൂറ്റമ്പതുപേര് ഇന്നുണ്ടാകുമായിരുന്നില്ല. എന്നാൽ എന്റെ കൺമുമ്പിൽ 65 ന് വയസ്സിന് മുകളിലുള്ള ഒരു അൻസാർ തൂണിന്റെ പിന്നിൽ നിന്നും എഴുന്നേറ്റ് ആ വ്യക്തിയുടെ അടുത്തേക്ക് പാഞ്ഞടുത്തു. അങ്ങനെ അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് വെടിയുണ്ട തുളച്ച് കയറുകയും അദ്ദേഹം ശഹീദാകുകയും ചെയ്തു. അദ്ദേഹം കാണിച്ച ധീരത കാരണം തീവ്രവാദിക്ക് പുറത്തേക്ക് വരാൻ അൽപം താമസം നേരിടുകയും അപ്പോഴേക്ക് പല അഹ്മദികളും സുരക്ഷിതസ്ഥാനത്ത് എത്തുകയും ചെയ്തു. പിന്നീട് അയാൾ ഗ്രനേഡ് എറിഞ്ഞിരുന്നു. ഞങ്ങൾ പുറത്ത് വന്നപ്പോൾ പലരും ഗോവണിയിൽ ശഹീദായിക്കിടക്കുന്നതാണ് കണ്ടത്.

ഒരാൾ എനിക്കെഴുതി. അദ്ദേഹം ജനാസയിൽ പങ്കെടുത്തിരുന്നു. ആഖരീങ്ങളുടെ ഈ ശഹാദത്ത് തിരുനബി (സ) യുടെ കാലത്തുണ്ടായിരുന്ന ശഹാദത്തുകളെ ഓർമ്മപ്പെടുത്തുകയുണ്ടായി. റബ്വയിലെ മലകളുടെ താഴ്‌വരയിൽ ഈ അനുഗൃഹീത വ്യക്തിത്വങ്ങളെ മറവു ചെയ്യുമ്പോൾ ഈ കാലത്തല്ല നാം ജീവിക്കുന്നത് എന്ന് തോന്നിപ്പോയിരുന്നു. അവിടെ കണ്ട ക്ഷമയുടേയും സഹനത്തിന്റേയും കാഴ്ച വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. അൻസാറുല്ലാ ഹാളിൽ എന്റെ അടുത്തിരുന്ന ഒരാളോട് ഞാൻ ചോദിച്ചു, നിങ്ങളുടെ ആരാണ് വഫാത്തായത്? അപ്പോൾ അദ്ദേഹം പറഞ്ഞു എന്റെ മകൻ ശഹീദായിട്ടുണ്ട്. എഴുതുന്നു. എന്റെ ഹൃദയം ഉരുകുകയായിരുന്നു അവിടെ. എന്നാൽ വിശ്വാസ ദാർഢ്യത്തിൽ നിറഞ്ഞുതുളുമ്പുന്ന ഇവരുടെ മുഖം കണ്ട്കൊണ്ട് എനിക്ക് ഒന്നും പറയാൻ കഴിഞ്ഞിരുന്നില്ല. അപ്പോഴേക്കും അദ്ദേഹം പറഞ്ഞു, അൽഹം ദുലില്ലാഹ്. അല്ലാഹുവിന് ഇതായിരുന്നു ഇഷ്ടം. എഴുതുന്ന വ്യക്തി ഇതും എഴുതി. ദൃഢനിശ്ചയം നിറഞ്ഞുതുളുമ്പുന്ന മുഖങ്ങളായിരുന്നു എനിക്ക് ചുറ്റും. ഞാൻ എന്നെത്തന്നെ നിയന്ത്രിച്ചുകൊണ്ടിരുന്നു. ദൃഢചിത്തരായ ഈ മഹത് വ്യക്തിത്ത്വങ്ങളുടെ മുമ്പാകെ എനിക്ക് നാണിക്കേണ്ടതായി വരുന്ന ഒരു വിധ പ്രവർത്തനങ്ങളും എന്നിൽ നിന്നും ഉണ്ടാകാതിരിക്കട്ടെ എന്ന് ഞാൻ ആഗ്രഹിച്ചു.

ഞാൻ പലരുമായി കണ്ടു മുട്ടി. വിവിധങ്ങളായ അനുഭവങ്ങളിലൂടെയാണ് ഞാൻ കടന്നുപോയത്. രക്തത്തിൽ കുളിച്ചുകിടക്കുന്ന ഒരു ശഹീദിന്റെ അടുത്ത് നിൽക്കുകയായിരുന്നു ഞാൻ. ഉടനെ ഒരു ശബ്ദം വന്നു, എന്റെ ശഹീദിനെ നോക്കിയാലും.

ഒരു സ്ത്രീ എഴുതുന്നു: എന്റെ ചെറിയ മോൻ ജുമുഅ നമസ്കരിക്കാൻ പോയിരുന്നു. അല്ലാ ഹു തന്റെ ഫള്ൽ കൊണ്ട് അവനെ രക്ഷിച്ചു. പള്ളിയിൽ

വെടിവെപ്പ് നടന്നുകൊണ്ടിരിക്കുമ്പോൾ ഈ വാർത്ത ടി.വി.യിൽ കണ്ട്കൊണ്ട് എന്റെ അയൽവാസികൾ എന്റെ അടുത്തേക്ക് ഓടിവന്നു. ഇവരുടെ വീട് പള്ളി യുടെ അടുത്തായിരുന്നു. ഞാൻ കരയുകയായിരിക്കും എന്നാണ് അവർ കരുതിയത്. ഞാൻ അവരോട് പറ ഞ്ഞത്; ഞങ്ങളുടെ കാര്യം അല്ലാഹുവിന്റെ പക്കലാണ്. കുട്ടികളെക്കുറിച്ച് എനിക്കൊരു ആവലാതിയുമില്ല. അവിടെയുള്ളവരെല്ലാം ഞങ്ങളുടേതാണ്. എന്റെ മക്കൾ ശഹീദായാൽ അല്ലാഹുവിന്റ സമീപസ്ഥരായി അവർ മാറുന്നതാണ്. ഇനി രക്ഷപ്പെട്ടാൽ അതിലും തൃപ്ത യായിരിക്കും. ഇത്കേട്ട് സ്ത്രീകളെല്ലാം അന്തംവിട്ടുപോ യി. അവർ തിരിച്ചുപോകുകയും ചെയ്തു.

അവർ എഴുതുന്നു. റബ്വയിലുള്ളവർ രാപകൽ ഇതിന്നായി ചെയ്ത സേവനങ്ങൾക്ക് താങ്കൾക്കും അവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഒരു മാതാവിന് 18 വയസ്സുള്ള ഏക മകൻ ഉണ്ടാ യിരുന്നു. ആൺകുട്ടിയായിട്ട് ഇവൻ മാത്രമാണുണ്ടാ യിരുന്നുത്. മറ്റുള്ളവർ പെൺകുട്ടികളാണ്. മെഡി ക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ കുട്ടിയും ശഹീദായി. ഈ മാതാപിതാക്കൾ വളരെ ഉദാത്തമായ ക്ഷമയും സഹനവുമാണ് പ്രകടിപ്പിച്ചത്.

സിറിയയിലെ മുസല്ലാംദ്ദഹബി സാഹിബ് അവിടെ പോയിരുന്നു. ഇദ്ദേഹത്തിനും പരിക്ക് പറ്റിയിട്ടുണ്ട്. കാലിനാണ് മുറിവ് പറ്റിയത്. അദ്ദേഹം എഴുതുന്നു. ഇങ്ങനെയുള്ള ഒരു കാഴ്ച ഞാൻ ജീവിതത്തിൽ കണ്ടി ട്ടില്ല. അവിടെ ഒരു വിധത്തിലുള്ള വെപ്രാളം പിടിച്ച ഓട്ടമോ ഉന്തും തള്ളുമോ ഒന്നും ഇല്ലായിരുന്നു. ആരിലും ഭയം കണ്ടില്ല. ശത്രുക്കൾ വെടിയുണ്ടകൾ ഉതിർത്തുകൊണ്ടിരുന്നപ്പോഴും ഓരോരുത്തരും അവ രവരുടെ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാ ണ്. ജമാഅത്ത് സംവിധാനം നൽകിക്കൊണ്ടിരുന്ന നിർദ്ദേശങ്ങളനുസരിച്ച് അവിടെ പ്രവർത്തിച്ചുകൊണ്ടി രുന്നു. ഈ രീതിയിലുള്ള ഒരവസ്ഥ ഞാൻ ഒരിക്കലും ദർശിച്ചിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ജമാ അത്തിൽ വളർത്തിയെടുത്ത മാതാക്കളാണിത്. ത്യാഗ ത്തിന്റെ മഹത്തായ ഉദാഹരണങ്ങളാണിത്. തന്റെ മക്കൾ എന്തായെന്നോ തങ്ങളുടെ മക്കൾ ശഹീദാ യെന്നോ ഉള്ള ചിന്തയല്ല അവർക്കുള്ളത്. ജമാ അത്തൊന്നടങ്കം വേദനാനിർഭരമായി ദുആ ചെയ്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അഹ്മദീ ഉമ്മ മാരേ! ഈ വിശുദ്ധവും പവിത്രവുമായ വികാരങ്ങ ളെയും ചിന്തകളെയും ഒരിക്കലും മരിക്കാൻ അനുവ ദിക്കരുത്. ഈ വികാരം നിലനിൽക്കുന്ന കാലത്തോളം ഈ ഉന്നതമായ കാഴ്ചപ്പാടുകൾ നിലനിൽക്കുന്ന കാല ത്തോളം ഒരു ശത്രുവിനും ജമാഅത്തിനെ ഒന്നും ചെയ്യാൻ സാധ്യമല്ല.

ഒരു അഹ്മദി എഴുതുന്നു. ഞാൻ റബ്വയിൽ നിന്നും പോയതായിരുന്നു. ഒരു ഖാദിമിനോടൊപ്പം ഓരോ ജനാസയും എടുത്ത് മാറ്റിക്കൊണ്ടിരുന്നു. അവ സാനം ഒരു ജനാസ ഉണ്ടായിരുന്നു. അതും ഞങ്ങൾ എടുത്ത് ആമ്പുലൻസിലേക്ക് മാറ്റി. അതിനുശേഷം ആ യുവാവ് പറഞ്ഞു. ഇത് എന്റെ ഉപ്പയാണ്. എന്നിട്ട് ആ ആമ്പുലൻസിന്റെ കൂടെ ആ ഖാദിം പോകുകയല്ല ചെയ്തത് . അവൻ ഉടനെ പള്ളിയിലേക്ക് തിരിച്ചു ചെല്ലു കയും ആ ഖാദിമിനെ ഏൽപ്പിച്ച ഡ്യൂട്ടി തുടർന്നു ചെയ്യു കയും ചെയ്തു.

തങ്ങളുടെ വികാരങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ മാത്രം സമർപ്പിക്കുന്ന മുഹമ്മദീ മസീഹിന്റെ ധീരയോ ദ്ധാക്കളാണിവർ. ഇങ്ങനെയുള്ള എത്രയോ സംഭവങ്ങ ളുണ്ട്. ഇതെല്ലാം ക്രോഡീകരിച്ചുകൊണ്ട് പ്രസിദ്ധീക രിക്കുന്നതായിരിക്കും. (ഇൻശാ അല്ലാഹ്) എല്ലാവരും പറഞ്ഞ ഒരു കാര്യമുണ്ട്. തീവ്രവാദികൾ അവരുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വിധത്തിലുമുള്ള അസ്വസ്ഥതയും അവിടെ ദൃശ്യമായി രുന്നില്ല. അമീർ സാഹിബും മുബല്ലിഗ് സാഹിബും മറ്റു ഭാരവാഹികളും അവസാന ശ്വാസം വരെ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും അതനുസരിച്ച് ജനങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവർ ശഹീദായതിനുശേഷവും ഒരു വിധത്തിലുമുള്ള ഉന്തും തള്ളും ഒന്നും അവിടെ നടന്നില്ല. വളരെ പ്ലാനോട് കൂടി വെടിയുണ്ടകളിൽ നിന്നും രക്ഷപ്പെടാൻ ചുമരി നോട് ചേർന്നുകൊണ്ട് നിന്നു. ആ നിമിഷങ്ങൾ പ്രാർത്ഥനാ നിർഭരമായി അവർ കഴിച്ചുകൂടി. ഒരു സഹോദരൻ ഈ സമയങ്ങളിലെല്ലാം സുജൂദിൽ കിടന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. വെടിയുണ്ട കൾ ചീറിപ്പായുന്നതിനെ അദ്ദേഹം ഗൗനിച്ചതേയില്ല.

യഥാർത്ഥ വിശ്വാസികളുടെ ധീരമായ പ്രവർത്ത നങ്ങളാണിവ. സൂറ അഹ്സാബിൽ അല്ലാഹു പറഞ്ഞ ഒരു കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള കത്തുകളും എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാ ളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ. അവ രിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരി ക്കുന്നു. അവരിൽ ചിലർ അവസരം പാർത്തിരിക്കുക യുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല. (37:24)

അവസരം പാർത്തിരിക്കുന്നവരുമുണ്ടെന്ന കാര്യം എഴുതിക്കൊണ്ട് തങ്ങളും ഈ പ്രതിജ്ഞ നിറവേറ്റാൻ സന്നദ്ധരാണെന്ന് അറിയിക്കുന്നു. ശത്രുക്കൾ കരുതിയത് ഈ പ്രവർത്തനം അഹ്മദികളെ തളർത്തിക്കളയും എന്നായിരുന്നു. ജമാഅത്തിന്റെ ശക്തി ഛിദ്രമാകുമെന്ന് അവർ ധരിച്ചുപോയി. പട്ടണങ്ങളിൽ വസിക്കുന്നവർക്ക് ഒരു പക്ഷെ, ഇത്ര വിശ്വാസ ദൃഢത ഉണ്ടാവില്ലെന്ന് അവർ ധരിച്ചിരിക്കാം. എന്നാൽ ഈ പട്ടണങ്ങളിൽ താമസിക്കുന്നവരിൽ വാഗ്ദത്തമസീഹ് (അ) വിശ്വാസത്തിന്റെ ചൂടും ആവേശവും നിറച്ചിരിക്കുന്ന കാര്യം ഇവർക്കെങ്ങനെ അറിയാൻ സാധിക്കും?. ഇവർ ദീനിന് വേണ്ടി വലിയ വലിയ ത്യാഗങ്ങൽ വരിക്കാൻ നിത്യവും തയ്യാറായിരിക്കുകയാണ്. ഭൗതികമായ ചുറ്റുപാടുകളിൽ ഉൾപ്പെടുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ അവരുടെ ലക്ഷ്യം വെറും ഭൗതിക നേട്ടമല്ല. ദീനിന്ന് വേണ്ടി വിളിക്കപ്പെടുമ്പോൾ ലബ്ബൈക്ക് എന്ന് പറഞ്ഞുകൊണ്ട് അവർ ഓടി വരുന്നു. ഇവർ മാനവികതയുടെ പ്രതീകങ്ങളാണ്. ഈ അഹ്മദികളും ഇവരുടെ തന്നെ സമുദായത്തിൽ നിന്നു വന്നവരല്ലേ? കുടുംബ ബന്ധങ്ങൾ എല്ലാം അതുതന്നെ. മതത്തിന്റെ പേരിൽ കാടത്തവും മൃഗീയതയും നടപ്പിൽ വരുത്തുന്ന അതേ സമൂഹത്തിൽ നിന്ന് തന്നെയാണ് ഇവരും വരുന്നത്. എന്നാൽ, വാഗ്ദത്ത മസീഹി(അ)നെ അംഗീകരിച്ചതിനുശേഷം ഇവർ മതത്തിന്ന് വേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ അല്ലാഹു നിർദ്ദേശിച്ച മാർഗത്തിലൂടെയാണ്.

പാകിസ്താൻ പ്രസ്സ് ഈ സംഭവങ്ങൾ എടുത്ത് ഉദ്ധരിക്കുകയുണ്ടായി. അല്ലാഹു അവർക്ക് പ്രതിഫലം നൽകുമാറാകട്ടെ. എപ്പോഴും സത്യം പറയാനുള്ള തൗഫീഖ് അല്ലാഹു അവർക്ക് നൽകുമാറാകട്ടെ. ഈ സത്യം പ്രഖ്യാപിച്ചതിനുശേഷം മൗലവിമാരെ പേടിച്ച് മുമ്പത്തെ അവസ്ഥയിലേക്ക് തിരിച്ചുപോകാതിരിക്കട്ടെ. ലോകത്തിലെ വിവിധ സ്ഥലങ്ങളിലുള്ള പ്രസ്സുകളിൽ നിന്ന് പ്രസ്താവനകൾ വരികയുണ്ടായി. അനുശോചന സന്ദേശങ്ങൾ വരികയുണ്ടായി. വിവിധ ഗവർമെന്റുകളുടെ പ്രതിനിധികളും ഇവിടെയുള്ള ഗവൺമെന്റ് പ്രതിനിധികളും പാർലിമെന്റ് മെമ്പറും സഹാനുഭൂതിയുടേയും അനുശോചനത്തിന്റേയും സന്ദേശങ്ങൾ അയക്കുകയുണ്ടായി. അല്ലാഹു ഈ എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ.

അഹഫ്ഫുളെ ഖത്മുന്നുബുവ്വത്ത് സംഘടനയിൽ നിന്നുപോലും ഇത് വളരെ മോശമായ പ്രവൃത്തിയാണെന്നും കാട്ടാളത്തമാണിതെന്നും ഇത് സംഭവിക്കരുതായിരുന്നു എന്നും പ്രസ്താവന വരികയുണ്ടായി. എന്നാൽ, അഹ്മദികളെ വളരെ മോശമായി ചിത്രീകരിക്കുകയും അവരെ മുർത്തദ്ദാണെന്ന് പറയുകയും അവരെ വധിച്ചുകളയേണ്ടത് നിർബന്ധമാണെന്ന് എഴുതുകയും ചെയ്ത പോസ്റ്ററുകളും ബേനറുകളും എല്ലാം ഇപ്പോഴും തെരുവുകളിലും റോഡുകളിലും എത്രമാത്രമെന്നാൽ ഹൈക്കോടതി ജസ്റ്റിസുമാരുടെ നൈംപ്ലേറ്റിനു ചുവട്ടിൽ വരെ കാണുന്നതെല്ലാം ആരുടേതാണ്? ഈ അൽപബുദ്ധികളെ ആവേശംകൊള്ളിച്ചുകൊണ്ട് ഈ ക്രൂര നടപടികൾ ചെയ്യിക്കുന്നത് നിങ്ങളല്ലേ? എന്നാൽ, ഇപ്പോൾ ലോകർ ഈ നിന്ദ്യമായ പ്രവർത്തനത്തെ ശക്തമായി അപലപിച്ചപ്പോൾ ഈ നീച പ്രവർത്തനങ്ങളിൽ അവർ ഭാഗഭാക്കുകളായിരുന്നിട്ടുകൂടി ലോകത്തിന്റെ മുമ്പിൽ തങ്ങൾ ഇതിൽ പങ്കാളികളെല്ലന്ന് വരുത്തിത്തീർക്കാൻ ഇപ്പോൾ പ്രസ്താവനകളുമായി വന്നിരിക്കുകയാണ്. അഹ്മദികൾക്കെതിരിൽ ഈ മുല്ലാക്കൾ മുഖേന പ്രകടമായിക്കൊണ്ടിരിക്കുന്ന വിദ്വേഷവും പകയും ആണ് ഈ നീചപ്രവർത്തനത്തിന്റെ പിന്നിലുള്ള കാരണം. പാകിസ്താനിലെ ചീഫ് ജസ്റ്റിസ് ചെറിയ ചെറിയ കാര്യങ്ങൾക്ക് സ്വയം കേസ്സെടുക്കാറുണ്ട്. അത് പത്രങ്ങളിലെല്ലാം വരികയും ചെയ്യുന്നു. എന്നാൽ ഇത്ര വലിയ ആക്രമണമുണ്ടായിട്ടും ഇതിന് പ്രചോദനം നൽകുന്ന വലിയ വലിയ ബാനറുകളും പോസ്റ്ററുകളും എല്ലാം കണ്ടിട്ടും സ്വയം ഒരു കേസ്സെടുക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല. അതേപോലെ ജനങ്ങളെ ഇളക്കിവിടുന്ന ഉലമാക്കൾക്കെതിരിൽ നടപടിയെടുക്കാൻ തയ്യാറാകുന്നില്ല! നീതി നിർവ്വഹണം എന്നത് സ്വന്തം ഇഷ്ടത്തിനനുസരിച്ച് മാത്രമാണ്.

ഞങ്ങളുടെ കരച്ചിലും ദുഃഖങ്ങളും എല്ലാം ഞങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ തന്നെ സമർപ്പിക്കുന്നു. ഇവരോട് ഞങ്ങൾ ഒന്നും ചോദിക്കുന്നില്ല. അവരുടെ അവസ്ഥ വിവരിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഓരോ പരീക്ഷണങ്ങൾക്ക് ശേഷവും അല്ലാഹുവിന് വേണ്ടി ചെയ്യുന്ന ത്യാഗങ്ങളുടെയും അവന്റെ പ്രീതി കരസ്ഥമാക്കാനുള്ള വഴികളും കൂടുതൽ തെളിഞ്ഞു വരികയാണ് ചെയ്യുന്നത്. സൃഷ്ടികൾക്ക് ഞങ്ങളെ ഒന്നും ചെയ്യാൻ സാധ്യമല്ല. ഞങ്ങൾക്ക് വല്ലതും തരാനും ഇവർക്ക് സാധ്യമല്ല.

ലോകത്ത് തീവ്രവാദം ഇക്കാലത്ത് വളരെ കൂടുതലാണെന്നത് ശരിതന്നെ. പാകിസ്താനിൽ അത് അതിർവരമ്പുകൾ ലംഘിച്ചിരിക്കുന്നു. എന്നാൽ അഹ്മദികൾക്കെതിരിൽ നടക്കുന്ന തീവ്രവാദപ്രവർത്തനങ്ങൾക്ക് നിയമ സംരക്ഷണമുണ്ട്. അതുകൊണ്ട് അവർക്ക് തോന്നുന്നത് ചെയ്യാം. ഒരു സ്ഥലത്ത് തീവ്ര

വാദി പിടിക്കപ്പെട്ടിരുന്നു. അയാളോട് എന്താണ് ഇവർ ചെയ്തത്. അയാളെ ശിക്ഷിച്ചോ? അയാൾ ഇന്നും പാകിസ്താൻ തെരുവീഥികളിൽ സ്വതന്ത്രമായി വിഹരിക്കുന്നു. അതുകൊണ്ട്, ഇവരിൽ നിന്ന് ഒന്നുംതന്നെ ഒരഹ്മദിയും പ്രതീക്ഷിക്കുന്നില്ല.

നമ്മുടെ യജമാനൻ നമ്മുടെ അല്ലാഹുവാകുന്നു. അവനിൽ നമ്മൾ പൂർണ്ണമായും തവക്കുൽ ചെയ്യുന്നു. നമ്മുടെ സഹായിയും സഹകാരിയും അവനാണ്. അവൻ എപ്പോഴും തന്നെ അവന്റെ സംരക്ഷണത്തിൽ ഞമ്മളെ വെക്കുന്നതാണ്. ഇവരിൽ നിന്ന് ഭാവിയിലും ഒരു നന്മയും ഞമ്മൾ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് അഹ്മദികൾ ജാഗരൂകരായിരിക്കുക. കൂടുതലായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

അല്ലാഹുമ്മ ഇന്നാ നസ്അലുക ഫീനുഹൂരിഹിം വനഊദുബിക്ക മിൻ ശുരൂറിഹിം എന്ന ദുആ കൂടുതലായി ചെയ്യുക. റബ്ബി കുല്ലു ശൈഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ എന്ന ദുആ നിർബന്ധമായും ചെയ്യുക. ഇതുകൂടാതെയും ദുആ ചെയ്യുക. ഇവർ ചെയ്തതിന്റെ നാശം ഇവർക്ക് ലഭിക്കുന്നതിന് വേണ്ടി ദുആ ചെയ്യുക.

ഇരു പള്ളികളിൽ നിന്നും മുറിവേറ്റവരുണ്ട്. അവർക്കായി നിങ്ങൾ ദുആ ചെയ്യുക. അവരിലുള്ള ഒരാളായ ഡോക്ടർ ജംറാൻ സാഹിബ് ഇന്ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹു തആലാ ബാക്കിയുള്ള പരുക്കേറ്റവർക്ക് ശിഫാ നൽകുമാറാകട്ടെ. ഓരോ അഹ്മദിയേയും എല്ലാ ശർറിൽ നിന്നും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ.

ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. ഒരു അഹ്മദി വളരെ വൈകാരികമായി ഒരു കത്തെഴുതി. എന്നാൽ അദ്ദേഹത്തന്റെ കാഴ്ചപ്പാടിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. വിദ്യാസമ്പന്നനാണ്. അതോടൊപ്പം ജമാഅത്തിന് സേവനം ചെയ്യുന്നയാൾ കൂടിയാണ്. അദ്ദേഹത്തിന്റെ ഒരു വരി ഇപ്രകാരമായിരുന്നു. 'ശത്രുക്കൾ ഏതെല്ലാം തരത്തിലുള്ള രത്നങ്ങളെയാണ് മണ്ണിൽ ആഴ്ത്തിക്കളഞ്ഞത്.' ഈ കാഴ്ചപ്പാട് തെറ്റാണ്. ഈ രത്നങ്ങളെ അവർ മണ്ണിൽ ചവിട്ടിത്താഴ്ത്തുകയല്ല ചെയ്തത്. ഇവരെ മണ്ണിൽ ചവിട്ടിത്താഴ്ത്താനുള്ള ഒരു കുത്സിത ശ്രമം ശത്രു ചെയ്തു നോക്കി. എന്നാൽ അല്ലാഹു അവരുടെ മൂല്യങ്ങളെ മുമ്പത്തേക്കാളുപരി വർദ്ധിപ്പിച്ചു. ആ രത്നങ്ങളെ തന്റെ കരങ്ങളിലെടുത്ത് തന്റെ നെഞ്ചോട് ചേർത്ത് പിടിച്ചിരിക്കുകയാണ് അല്ലാഹു. നിത്യ ജീവൻ ഇവർക്ക് നൽകി. ഈ ഓരോ രത്നവും തങ്ങളുടെ പിന്നിൽ വിട്ടേച്ചുപോയ രത്നങ്ങളെ ഒന്നുകൂടി തിളക്കമുള്ളതാക്കിത്തീർത്തു. നമ്മിൽ നിന്നും വിട്ടുപിരിഞ്ഞുപോയ ഈ മുത്തുകളെ അല്ലാഹു ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ആകാശ മണ്ഡലത്തിൽ പ്രശോഭിതമായ നക്ഷത്രങ്ങളാക്കി സ്ഥാപിക്കുകയുണ്ടായി. അതുമുഖേന പുതിയ പുതിയ ക്ഷീരപഥങ്ങൾ നിർമ്മിക്കപ്പെടുകയാണ്. നമുക്ക് നവംനവങ്ങളായ മാർഗങ്ങൾ അവ കാണിച്ചു തരുന്നു. ഈ ഓരോ നക്ഷത്രവും ഒറ്റക്ക് തന്നെ നമുക്ക് മാർഗദീപമായി മാറുന്നു.

അതുകൊണ്ട് നമ്മുടെ ശത്രുക്കൾക്ക് ഒരിക്കലും അവരുടെ കുത്സിത ശ്രമങ്ങളിൽ വിജയം കൈവരികയില്ല. ഓരോ ശഹാദത്തും വിലപിടിച്ച ഫലങ്ങൾ ഉണ്ടാക്കുന്നു. ഉന്നതസ്ഥാനങ്ങൾ നേടിത്തരുന്നു.

ഈ എല്ലാ ശഹീദുമാരടേയും പദവി അല്ലാഹു ഉയർത്തുമാറാകട്ടെ. നാമും എപ്പോഴും സ്ഥിരചിത്തത കാണിച്ചുകൊണ്ട് ദീനിന് വേണ്ടി ത്യാഗങ്ങൾ ചെയ്യുന്നവരായിത്തീരട്ടെ.

ശുഹദാക്കളെക്കുറിച്ച് പറയാൻ ആഗ്രിഹിച്ചിരുന്നു. എന്നാൽ ഇത് നീണ്ടുപോകും. ഭാവിയിൽ സം ക്ഷിപ്തമായി വിവരിക്കുന്നതാണ്. ഏകദേശം 85 ശഹീദുകളാണുള്ളത്. ചുരുങ്ങിയ രീതിയിൽ വിവരിക്കാൻ തന്നെ കുറെ സമയമെടുക്കും. ജുമുഅക്ക് ശേഷം ഇവരുടെ ജനാസ നമസ്കരിക്കുന്നതാണ്.

ഈ സംഭവത്തിന് രണ്ട്മൂന്ന് ദിവസത്തിനുശേഷം നാറോവാൾ എന്ന സ്ഥലത്ത് നമ്മുടെ ഒരു അഹ്മദിയെ ശഹീദാക്കി.നിഅ്മത്തുല്ലാഹ് സാഹിബ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം തന്റെ വീടിന്റെ മുറ്റത്ത് ഉറങ്ങുകയായിരുന്നു. കത്തികൊണ്ട് തുരുതുരെ കുത്തിയാണ് അദ്ദേഹത്തെ ശഹീദാക്കിയത്. അദ്ദേഹത്തിന്റെ മൂത്ത മകൻ ഉപ്പയെ രക്ഷിക്കാനായി വന്നപ്പോൾ അദ്ദേഹത്തിനും കുത്തേറ്റു. അദ്ദേഹം ഇപ്പോൾ ഹോസ്പിറ്റലിലാണ്. അല്ലാഹു അദ്ദേഹത്തിനും ശിഫ നൽകുമാറാകട്ടെ. ശഹീദിന്റെ പദവി ഉയർത്തുമാറാകട്ടെ. ഭാര്യയും മൂന്ന് ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്. ഇവരുടെ ബന്ധുക്കളും ലാഹോറിൽ ശഹീദായിട്ടുണ്ട്. കൊലയാളിയെ പിടിച്ചിട്ടുണ്ട്. അയാൾ തഹഫ്ഫുസെ ഖത്മന്നുബുവ്വത്തുമായി ബന്ധപ്പെട്ട ആളാണ്. ഒരു ഭാഗത്ത് ലാഹോറിൽ നടന്ന സംഭവം വളരെ മോശമായിപ്പോയെന്ന് പറയുന്നു. എന്നാൽ ഇപ്പോഴും തങ്ങളുടെ അണികളെ അഹ്മദികളെ കൊല്ലുന്നതിന് ഇളക്കിവിടുകയുമാണിവർ ചെയ്യുന്നത്. അഹ്മദികളെ കൊന്ന് സ്വർഗത്തിൽ പ്രവേശിക്കുക എന്നാണ് ഇവർ

*(ശേഷം 36 - ൽ)*

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

ലേഖനം

# ചോരയിൽ കുതിർന്ന മതം

## വ്യാജമതത്തിന്റെ പ്രതിനിധികളാണ് മതത്തിന്റെ പേരിൽ അക്രമം നടത്തുകയും രക്തം ചിന്തുകയും ചെയ്തത്. മതം എപ്പോഴും ശാന്തിയുടെ പക്ഷത്ത് നില്ക്കുന്നു

നമ്മുടെ ചരിത്രം ആരംഭിക്കുന്നത് കായേനിൽ *[A] പതിച്ച ശാപമേറ്റിട്ടാണോ? ചരിത്ര സംഭവങ്ങളെല്ലാം നരഹത്യകളുടെയും നിഷ്ഠൂര പാതകങ്ങളുടെയും പീഡനങ്ങളുടെയും രക്തപങ്കിലമായ കഥകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഭുവനമാസകലം ചെഞ്ചായം പൂശുവാൻ മാത്രം രക്തം ചരിത്രത്തിൽ ചിന്തപ്പെട്ടിട്ടുണ്ട്. എന്നാലുമേറെ രക്തം ബാക്കി കാണും. തന്റെ സഹചരനെ വധിക്കുന്നത് മനുഷ്യൻ എപ്പോഴാണ് അവസാനിപ്പിക്കുക? എന്നെങ്കിലും അവന്റെ രക്തദാഹത്തിന് ശമനമുണ്ടാകുമോ?

അകാരണമായി തന്റെ സഹോദരനാൽ വധിക്കപ്പെട്ട പ്രഥമ മനുഷ്യനാകുന്നു ഹാബേൽ. ഈ ഭ്രാതൃഹത്യയുടെ കഥ നമുക്കെല്ലാം ഒരു ഗുണപാഠം എന്ന നിലയ്ക്ക് ഖുർആനിലും ബൈബിളിലും പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. കല്പാന്തകാലംവരെ അതൊരു മാതൃകാ പാഠമായി നിലകൊള്ളും. ചരിത്രം പഠിക്കുമ്പോൾ ഒരു കാര്യം സ്പഷ്ടമാവുന്നു. അതായത്, മനുഷ്യൻ അക്രമണോത്സുകനായ ഒരു ജീവിയാകുന്നു. നാഗരികതയുടെ ഉൽഗതികൊണ്ടൊന്നും അവന്റെ നൃശംസതയ്ക്ക് മെരുക്കം വന്നിട്ടില്ല. സഹസ്രാബ്ദങ്ങൾക്ക് മുമ്പേയുള്ളതുപോലെ നരൻ ഇന്നും ക്രൂരനായി തുടരുന്നു. അവന്റെ നിർദ്ദയത്വത്തിന്റെയും ബീഭത്സതയുടെയും ആക്രമണങ്ങളുടെയും കഥ അതിദീർഘവും വേദനാ നിർഭരവുമാണ്. കിരാതത്വത്തിന്റെ ആയിരം വർഷം പിന്നിട്ടിട്ടും മനുഷ്യന്റെ ആക്രമണത്വരക്ക് ശമനമുണ്ടായില്ല.

വ്യക്തികളെ വധിക്കുന്നതും ജനവർഗ്ഗങ്ങളുടെ ഉൻമൂലനവും ചരിത്രത്തിന്റെ ആവർത്തന സ്വഭാവമുള്ള പ്രമേയമാണ്. രാജ്യങ്ങൾ അവരുടെ അയൽ രാജ്യങ്ങളേയും വിദൂര രാജ്യങ്ങളേയും ആക്രമിച്ചു. പുൽമേടുകളിലും മരുസ്ഥലികളിലും പാർത്തിരുന്ന ജനങ്ങൾ ചിരപുരാതനമായ സംസ്കാരങ്ങൾ ആവഹിച്ച ജനപദങ്ങൾ കീഴടക്കി. സീസറും, അലക്സാണ്ടറും രക്തമൊഴുക്കി. ഹല്ലാക്കും ചെംഗിസ് ഖാനും ബാഗ്ദാദ് നാമാവശേഷമാക്കി. കൗരവരുടെയും പാണ്ഡവരുടെയും രക്തത്താൽ കുരുക്ഷേത്രഭൂമി രുധിരസിക്തമായി.

ചിലപ്പോൾ യശസ്സിന്റെ പേരിലും മറ്റു ചിലപ്പോൾ തങ്ങൾ തെറ്റാണെന്ന് ധരിച്ച അപരാധങ്ങൾക്കെതിരെയുള്ള പ്രതികാരമായിക്കൊണ്ടും രക്തമൊഴുക്കപ്പെടുകയുണ്ടായി. ചിലപ്പോൾ രോഷാകുലമായ ആൾക്കൂട്ടം ആഹാരം തേടിയുള്ള യാത്രയിൽ ശാന്തമായ ഭൂമികളിൽ അശാന്തി വിതച്ചു. ലോകമേധാവിത്വത്തിനു വേണ്ടിയും ഏറെ രക്തമൊഴുക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, മിക്കപ്പോഴും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ പാവന രക്തം അവന്റെ സ്രഷ്ടാവിന്റെ പേരിൽ തന്നെയാണ് ഒഴുക്കപ്പെട്ടത്. കൂട്ടമനുഷ്യഹത്യകളുടെ നീതീകരണത്തിനായി മതം ഉപയോഗിക്കപ്പെട്ടു. മനുഷ്യസ്വഭാവത്തിന്റെ ഈ ഹീനവശം വിശകലന വിധേയമാക്കുമ്പോൾ മനുഷ്യൻ ഭൂമിയിൽ ഏറ്റവും അധമനും നിർദയനുമായ ജീവിയാണോ എന്ന് ആരും അത്ഭുതപ്പെട്ടു പോകും. മതം മനുഷ്യനെ സംസ്കാരം പഠിപ്പിക്കുമെന്ന് ഒരാൾ പ്രതീക്ഷിക്കുന്നു. പക്ഷേ, മതം സ്വയം തന്നെ ചോരയിൽ കുതിർന്നാണ് നില്ക്കുന്നത്. ഈ വസ്തുത ആദമിന്റെ സൃഷ്ടിവേള

*[A] **കായേൻ:** ആദമിന്റെയും ഹവ്വായുടെയും ആദ്യജാതൻ. (ഉൽപത്തി4:1) കർഷകനായിരുന്നു കായേൻ. അദ്ദേഹത്തിന്റെ സഹോദരനായിരുന്നു ഇടയനായ ആബേൽ. രണ്ടു പേരും ദൈവത്തിന് വഴിപാട് നല്കി. പക്ഷേ, ദൈവം ഇടയനായ ആബേലിന്റെ മൃഗബലിയാണ് സ്വീകരിച്ചത്. ആബേലിൽ ദൈവം പ്രസാദിക്കുകയും ചെയ്തു. ഇത് മൂലം അസൂയപ്പെട്ട കായേൻ ആബേലിനെ വധിച്ചു. ലോകത്തിലെ ആദ്യത്തെ സഹോദരഹത്യയായി ഇത് കണക്കാക്കപ്പെടുന്നു. ഭ്രാതൃഹന്താവായ കായേൻ ദൈവത്താൽ ശപിക്കപ്പെട്ട് ഏദൻ തോട്ടത്തിന് കിഴക്ക് വശത്തുള്ള നോദ് ദേശത്ത് സന്തതികളുമായി കഴിഞ്ഞുവെന്ന് ബൈബിൾ പറയുന്നു. (വിവ:)

യിൽ ഉണ്ടായ ഒരു സംഭവത്തെ സ്മൃതിപഥത്തിലെത്തിക്കുന്നു. ഖുർആനും ബൈബിളും ആ കഥ വിവരിക്കുന്നുണ്ട്.

വിശുദ്ധ ഖുർആൻ പറയുന്നു: **ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ? ഞങ്ങളാവട്ടെ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നുണ്ട്. (2:31)**

മാലാഖമാരും ദൈവവും തമ്മിൽ നടന്ന ഈ സംഭാഷണം ആശയക്കുഴപ്പുമുണ്ടാക്കുന്ന ഒന്നാണ്. കാരണം, മതചരിത്രത്തെപ്പറ്റി എഴുതപ്പെട്ട എല്ലാ പുസ്തകങ്ങളും മാലാഖമാർ പറഞ്ഞ അഭിപ്രായമായിരുന്നു ശരി എന്നതിലേക്ക് തെളിവു നല്കുന്നു. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ദൈവം മാലാഖമാരുടെ ഉപദേശം തിരസ്കരിച്ചു? ദൈവത്തിന്റെ പദ്ധതിക്കെതിരെ അവരുയർത്തിയ തടസ്സവാദം എന്തുകൊണ്ട് അവഗണിക്കപ്പെട്ടു? വാസ്തവത്തിൽ മാലാഖമാരുടെ അഭിപ്രായം മഹത്തായ ഒരു പ്രവചനത്തിന് വിഘാതമായിരുന്നു. ആത്യന്തികമായി പ്രവാചകൻമാരുടെ മുദ്രയായ മുഹമ്മദ് നബി(സ)യുടെ സൃഷ്ടിപ്പിന് അത് തടസ്സമാകുമായിരുന്നു. അതുകൊണ്ടാണ് അത് നിരസിക്കപ്പെട്ടത്.

ലോകത്തെവിടെയും എല്ലാ കാലത്തുമുണ്ടായിരുന്ന മതചരിത്രം പീഡനത്തിന്റെയും അടിച്ചമർത്തലിന്റെയും കൊലപാതകത്തിന്റെയും ക്രൂശീകരണത്തിന്റെതുമാണ്. യുദ്ധവും സംഘർഷവും കൊണ്ട് നിറഞ്ഞ ലോകത്ത് ശാന്തിയുടെ അവസാനത്തെ അഭയ കേന്ദ്രമാണെന്ന് കരുതുന്ന മതംതന്നെ നാശത്തിനും രക്തച്ചൊരിച്ചിലിനും ഹേതുവാണെന്ന് വരുന്നത് തീർച്ചയായും നിരാശാജനകമാണ്. വാസ്തവത്തിൽ മതം ഒരിക്കലും മനുഷ്യക്കുരുതിയുടെ യഥാർത്ഥ കാരണമല്ല. മതം അങ്ങനെയാണെന്ന് ചിന്തിക്കുന്നതാണ് തെറ്റ്. മതങ്ങൾ ഒരിക്കലും മനുഷ്യനെ കൊല്ലുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

ദൈവം ഇത്തരം നാശകരമായ ആവശ്യങ്ങൾക്കൊന്നുമല്ല മതത്തെ സൃഷ്ടിച്ചത് എന്ന് സംതൃപ്തിയുടെയും സന്തോഷത്തിന്റെയും മിശ്രവികാരത്തോടെ ഒരാൾ കണ്ടെത്തുമ്പോൾ അയാൾക്ക് പ്രതീക്ഷയുടെ ഒരു ആശാകിരണം ലഭിക്കുന്നു. ഏതൊരു പ്രതിനിധിയുടെ സൃഷ്ടിപ്പിനെക്കുറിച്ച് മാലാഖമാർ തടസ്സം പറഞ്ഞുവോ ആ പ്രതിനിധി യഥാർത്ഥത്തിൽ ഒരു മഹാനായ പരിഷ്ക്കർത്താവായിരുന്നു. അദ്ദേഹം ഉദ്ബോധനം ചെയ്ത മതം ഇസ്‌ലാമായിരുന്നു, അതായത് സമാധാനത്തിന്റെ മതം. എങ്കിലും ചോദ്യം വീണ്ടും അവശേഷിക്കുന്നു. ഏകമാത്ര ദർശനത്തിൽ എന്തുകൊണ്ട് മതം സമാധാനത്തിന്റെ പേരിൽ രക്തച്ചൊരിച്ചിലും കൊലപാതകങ്ങളും അനുവദിക്കുന്ന പ്രതീതി ജനിപ്പിക്കുന്നു എന്നതാണ് ആ ചോദ്യം. ബഹിർഭാഗസ്ഥമായ ഈ ചരിത്ര വീക്ഷണം എന്തുകൊണ്ട് ഇത്തരം നിഗമനത്തിലെത്തുന്നുവെന്നതിലേക്ക് ഖുർആൻ വെളിച്ചം വീശുന്നു. മതത്തിന്റെ പേരിൽ ക്രൂരതയെ മാനവ ചരിത്രത്തിൽ എഴുതിച്ചേർത്തവർ ഒന്നുകിൽ മതവിരുദ്ധരോ അല്ലെങ്കിൽ ദുഷിച്ച മതത്തിന്റെ വക്താക്കളോ ആയിരുന്നു എന്ന വസ്തുത ഭൂതകാല ചരിത്രമുദ്ധരിച്ചുകൊണ്ട് ഖുർആൻ വ്യക്തമാക്കുന്നു. ഹൃദയാർദ്രതയും കനിവും കാരുണ്യവും സാത്വികതയും സ്പർശിക്കാത്ത മതനേതാക്കൻ മാരായിരുന്നു അവർ. സത്യം പറയുകയാണെങ്കിൽ, അധികാര ദുര മൂത്ത കാപട്യക്കാരായിരുന്നു അവർ. ക്രൂരതയായിരുന്നു അവരെ നയിച്ച വികാരം. അത്തരം മനുഷ്യരുടെ അകൃത്യങ്ങളുമായി മതത്തെ കൂട്ടിക്കുഴക്കുന്നത് വമ്പിച്ച തെറ്റാകുന്നു. കാരുണ്യത്തിന്റെ സ്രോതസ്സായ ദൈവം ഒരു മതത്തിന്റെ അനുയായികളെയും, അവന്റെ സൃഷ്ടികളായ ജനങ്ങളെ മർദ്ദിക്കാൻ അനുവദിക്കുന്നില്ല എന്നതാണ് സത്യം.

ഈ വസ്തുത തെളിയിക്കാൻ ചരിത്രത്തിൽനിന്ന് നിരവധി ഉദാഹരണങ്ങൾ ഖുർആൻ ഉദ്ധരിക്കുന്നു. മതപരിഷ്ക്കരണങ്ങളുടെ ഉദാത്തമാതൃക എന്ന നിലക്കും മത പ്രബോധനത്തിന് വഴികാട്ടി എന്ന നിലയിലും പ്രവാചകൻമാരുടെ ജീവിതത്തിലെ ആദ്യകാല സംഭവങ്ങൾ ഖുർആൻ വിവരിക്കുന്നു. ദൈവം ശക്തി ഉപയോഗിക്കാൻ അനുമതി നല്കിയിരുന്നെങ്കിൽ മതസ്ഥാപകർ അത് പ്രയോഗിക്കുമായിരുന്നു. പക്ഷേ, ശക്തി ഉപയോഗിക്കുന്നത് വ്യക്തമായും നിരോധിക്കപ്പെട്ടിരിക്കയാണ്. പ്രവാചകൻമാരുടെ കാലഘട്ടത്തിനു ശേഷം വളരെ കഴിഞ്ഞുവന്ന ചില അനുയായികളാണ് ശക്തി ഉപയോഗിച്ചു മതം പ്രചരിപ്പിച്ചത്. അവർ ദുഷിച്ച മതത്തിന്റെ പിന്തുടർച്ചക്കാരോ സ്വയംതന്നെ ദുഷിച്ചവരോ ആയിരുന്നു. യഥാർത്ഥത്തിൽ അവരുടെ മതം മതത്തിന്റെ പേരിൽ ബലം പ്രയോഗിക്കുന്നതിനെതിരായിരുന്നു. എന്നിട്ടുപോലും അവർ ബലം പ്രയോഗിച്ചിട്ടുണ്ട്.

മതത്തിന്റെ പേരിൽ ശക്തിയും ക്രൂരതയും പ്രയോഗിച്ച വിമതരുടെ ഉദാഹരണങ്ങൾകൊണ്ട് ഖുർആനിലെ മത ചരിത്രം മുഴുവൻ നിറഞ്ഞിരിക്കുന്നു. ദൈവത്തെസ്സംബന്ധിച്ച നേരിയ ധാരണകൾ പോലുമില്ലാത്തവരാണ് ദൈവത്തിന്റെ പേരിൽ കൊടും പീഡനങ്ങൾ നടത്തിയത്. ജനങ്ങളെ സാത്വികതയിലേക്കും നേർമാർഗ്ഗത്തിലേക്കും വിളിച്ചു കൊണ്ട് ഉദ്ബോധനങ്ങൾ നടത്തിയ നൂഹ്(അ) ഒരു മർദ്ദകനായിരുന്നില്ല. അദ്ദേഹത്തിന്റെ ശബ്ദം അടിച്ചമർത്താൻ ആഗ്രഹിച്ചവരായിരുന്നു അപരാധികൾ. നൂഹി(അ) ന്റെ സന്ദേശം കേട്ടപ്പോൾ അവർ പ്രതിവചിച്ചു.

**നൂഹേ, നീ വിരമിക്കുന്നില്ലെങ്കിൽ തീർച്ചയായും നീ എറിഞ്ഞു കൊല്ലപ്പെടുന്നവരിൽ ഉൾപ്പെടുന്നതാണ്. (വി. ഖുർആൻ 26:117)**

ഖുർആൻ വിവരിക്കുന്ന മതപീഡനത്തിന്റെ ചരിത്രമനുസരിച്ച് സത്യമതത്തിന്റെ അനുയായികളായിരുന്നു പീഡനത്തിനു വിധേയമായത്. ഖുർആൻ ഇബ്റാഹീം നബി(അ) യുടെ ചരിത്രം ഉദാഹരിക്കുന്നു. അദ്ദേഹം ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിച്ചത് സ്നേഹവും വിനയവും അനുകമ്പയും മുഖേനയായിരുന്നു. അദ്ദേഹത്തിന്റെ കൈയ്യിൽ വാളില്ലായിരുന്നു; ഒരു ആയുധം പോലുമില്ലായിരുന്നു. പക്ഷേ, അദ്ദേഹം പ്രബോധനം നടത്തിയ ജനതയിലെ നേതാക്കൻമാർ അതിനു മുമ്പേ നൂഹിന്റെ മത വിരുദ്ധരായ എതിരാളികൾ ചെയ്തത് അനുകരിക്കുകയായിരുന്നു. ഇബ്റാഹീ(അ)മിന്റെ പിതാവ് ആസർ പറഞ്ഞു:

**നീ നിന്റെ വിശ്വാസത്തിൽ നിന്നു വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ എറിഞ്ഞു കൊല്ലും (വി. ഖുർആൻ 19:47)**

ആസർ ഉപയോഗിച്ച വാക്കുകൾ തന്നെയാണ് ഫലത്തിൽ നൂഹിന്റെ ശത്രുക്കളും ഉപയോഗിച്ചത്. നൂഹും (അ) ഇബ്റാഹീമും (അ) അപമാനിതരും പീഡിതരുമായി. രണ്ടുപേർക്കും പ്രഹരവും മർദ്ദനവുമേറ്റു. രണ്ടുപേരും അതെല്ലാം സഹനത്തോടും ക്ഷമയോടും കൂടി ഏറ്റുവാങ്ങുകയുണ്ടായി. പീഡനത്തിന്റെയും ക്രൂരതയുടെയും അഗ്നികൊളുത്തിക്കൊണ്ട് ആ ഖലന്മാർ ഇബ്റാഹീം നബി(അ)യെ ജീവനോടെ ദഹിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി.

അതുപോലെ ലൂത്തി(അ)നെ എതിർത്തവർക്ക് മതത്തെപ്പറ്റി യാതൊന്നുമറിയില്ലായിരുന്നു. എന്നിട്ടും അവർ അദ്ദേഹത്തിന്റെ ശത്രുക്കളാവുകയും അദ്ദേഹത്തെയും അനുയായികളെയും മതത്തിന്റെ പേരിൽ ദ്രോഹിക്കുകയും ചെയ്തു. അവർ അക്രമം കൊണ്ട് നൂഹി(അ)നെ ഭീഷണിപ്പെടുത്തി. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വിരാമമിടാൻ അവരെക്കൊണ്ടാവുന്നതെല്ലാം ചെയ്തു.

ശുഅയ്ബി(അ)ന്റെ മർദ്ദകരും അതുതന്നെയാണ് പറഞ്ഞത്: **ഓ ശുഅയ്ബ്, നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്കരിക്കുക തന്നെ ചെയ്യും. നിനക്ക് ഞങ്ങളുടെ മതത്തിലേക്ക് മടങ്ങേണ്ടി വരും (വി. ഖുർആൻ 7:89)**

ഈ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ തെളിയിക്കുന്നത്, സത്യമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവരുടെയും അത്തരം പരിവർത്തനങ്ങളോട് ശത്രുത പുലർത്തുന്നവരുടെയും മാതൃകാരൂപം എല്ലാ കാലത്തുമുണ്ടായിരുന്നു എന്നാണ്. ഭീഷണികൾക്കെതിരെ ശുഅയ്ബി(അ)ന്റെ മറുപടി ദൈവത്തിന്റെ പ്രവാചകൻമാരുടെ സമീപനത്തിന്റെ ഉത്തമ നിദർശനമാണ്: **ഞങ്ങൾ അതിന് തയ്യാറല്ലെന്നിരിക്കെ, നിങ്ങൾ ഞങ്ങളെ നിർബന്ധിക്കുകയാണോ? (വി. ഖുർആൻ 7:89)**

ഹൃദയത്തെ ശക്തി ഉപയോഗിച്ച് പരിവർത്തനം ചെയ്യാൻ സാധ്യമാണോ? ഒരു മതം അസത്യമാണെന്ന് കണ്ടെത്തിയതിനാൽ അത് ഉപേക്ഷിച്ചുപോയ ഒരാളെ ശക്തി ഉപയോഗിച്ച് വീണ്ടും തിരിച്ചു കൊണ്ടുവരുവാൻ സാധ്യമാണോ? ഒരു പുതിയ മതത്തിന്റെ സത്യം ബോദ്ധ്യമായി അതിൽ പ്രവേശിച്ചാൽ അയാളെ ശക്തി ഉപയോഗിച്ച് അതിൽനിന്നു പുറത്തു കൊണ്ടുവരാനാകുമോ?

കേവലമായ ഈ യുക്തിശാസ്ത്രത്തിനു മുമ്പിൽ ഒരു ഏകാധിപതിക്കും ഒഴിഞ്ഞുമാറാനാവില്ല. വാൾ ഒരിക്കലും മനുഷ്യഹൃദയത്തെ അടക്കി വാണിട്ടില്ല എന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്. ഇനിയൊരിക്കലും അടക്കി വാഴുകയുമില്ല. മനുഷ്യശരീരം ബലപ്രയോഗത്തിനു മുമ്പിൽ വഴിപ്പെട്ടേക്കാം. എന്നാൽ, ആത്മാവിനെ കീഴടക്കാൻ സാധ്യമല്ല. വിശ്വാസം എന്നത് ഹൃദയവുമായി ബന്ധപ്പെട്ട കാര്യമാണ്. ഒരിക്കലും ബലപ്രയോഗം കൊണ്ട് മാറ്റാൻ സാധ്യമല്ലാത്ത മനുഷ്യപ്രകൃതിയാകുന്നു അത്. നിരപരാധികളായ നിരവധി ആളുകളെ മതത്തിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധേയരാക്കുന്നു. പക്ഷേ, വധശിക്ഷ നല്കുന്നവരറിയുന്നില്ല, ഈ അനീതിക്കെതിരെ വീണ്ടും ശബ്ദമുയരുമെന്ന്. അവർ എല്ലാ കാലത്തും തീക്ഷ്ണമായ ഈ ചോദ്യം അഭിമുഖീകരിക്കേണ്ടി വരും.

***'മതത്തിന്റെ പേരിൽ മതഹത്യ' എന്ന പുസ്തകത്തിൽ നിന്ന്. വിവ: എ.എം.)***

കവിത

ഡോ. മുബാറക്ക മുഹമ്മദ്

# ദൈവസ്മരണ

ദൈവമേ നിത്യം നിന്റെ നാമങ്ങളുരുവിട്ട്
ഭക്തിസാന്ദ്രമായ്ത്തീർന്നിടട്ടെയെൻ നിമിഷങ്ങൾ
എണ്ണിയാലൊടുങ്ങാത്ത സൗഭാഗ്യങ്ങളാലെന്നെ-
ത്തഴുകി നീ, ഞാൻ നിന്നെയെങ്ങനെ വാഴ്ത്തിടേണ്ടൂ!

നാഥാ നിൻ വരദാനമോരോന്നായെണ്ണുമ്പോഴെൻ
ശിരസ്സ് കുനിയുന്നു സുജൂദിൽ തവ മുന്നിൽ
ജീവിത യാത്രയിലെ തമസ്സൊന്നകറ്റി നിൻ-
ജ്യോതിസ്സിലെക്കെന്നെ കൈപിടിച്ചുയർത്തേണേ.

സുപ്രഭാതത്തിൽ കൊച്ചുപക്ഷികൾ മുഴക്കീടു-
ന്നവർതൻ ഭാഷയിൽ നിൻ തസ്ബീഹിൻ മന്ത്രധ്വനി
ആ സ്തുതി കീർത്തനങ്ങളേററു പാടീടാനെന്റെ
മാനസവീണയിൽ ഞാൻ കമ്പികൾ മുറുക്കട്ടെ.

പ്രകൃതിയൊരുക്കീടും വർണ്ണദൃശ്യങ്ങൾ കാൺകെ
സ്തബ്ധയാക്കീടുന്നെന്നെ പിന്നിലെ കലാകാരൻ
എൻ മനോമുകുരത്തിലരൂപനാകും നിന്റെ-
യായിരം വർണ്ണോജ്ജ്വലചിത്രങ്ങൾ തെളിയുന്നു.

നിഷ്കളങ്കരിൽ തീവ്രവാദത്തിൻ ക്രൂരഹസ്തം
പിടിമുറുക്കീടുന്നേരമെൻ മനം പിടയുന്നു.
സമസൃഷ്ടികൾ പേറും ക്ലേശമൊട്ടകറ്റിടാൻ
എൻ കരദ്വയത്തിന് ശക്തി നീ നൽകീടണേ.

മാമകതൂലികയിൽ മഷി വന്നീടും മുമ്പേ
കുറിച്ചുവെച്ചീടട്ടെ നിന്നപദാനങ്ങൾ ഞാൻ
എന്റെയധരങ്ങളിൽ നിൻ തിരുനാമം മാത്രം
ശേഷിപ്പാൻ കൊതിപ്പു ഞാനെന്നുയിർ വേർപെടുമ്പോൾ! ■

അനിതാ ജോഷാ

ലേഖനം

# പാകിസ്താനിൽ ഭീകരതക്ക് വിഭാഗീയതയുടെ പുതിയമാനം

## ലാഹോറിലെ അഹ്മദിയ്യാ മസ്ജിദിലെ കൂട്ടക്കൊലയുടെ പശ്ചാത്തലത്തിൽ പാകിസ്താനിലെ അഹ്മദിയ്യാ പീഡനത്തെ സംബന്ധിച്ച് "THE HINDU" പത്രത്തിൽ വന്ന ലേഖനം.

രണ്ട് മാസങ്ങൾക്ക് ശേഷം ലാഹോറിൽ ഭീകരത തിരിച്ചുവന്നിരിക്കുന്നു. മോഡൽ ടൗണിലെ നൂർ മസ്ജിദിൽ നിന്നും ഗാരിശാഹുവിലെ ദാറുദിക്റിൽ നിന്നും പുറത്തേക്ക് വന്ന വെടിയുണ്ടകൾ തുളച്ചുകയറിയ മൃതദേഹങ്ങൾ ടി.വി. ചാനലുകൾ പ്രദർശിപ്പിച്ചപ്പോൾ കാണാതെ പോയ രൂക്ഷമായ ഒരു വിരോധാഭാസമായിരുന്നു ടി.വി. ചാനലുകൾ സൂം ചെയ്തു കാണിച്ചത്.

94 അഹ്മദികളുടെ ഭീകരമായ മരണം അവർ സ്വകാര്യമാക്കിവെച്ചിരുന്ന വിശ്വാസത്തെയാണ് പൊതുമണ്ഡലത്തിലേക്ക് കൊണ്ടുവന്നത്. കാരണം വർഷങ്ങളോളമായി അഹ്മദിയ്യാ ജമാഅത്ത് പാകിസ്താനിൽ പീഡനമനുഭവിക്കുന്ന ഒരു സമൂഹമാണ്. കൊല്ലപ്പെട്ട പ്രമുഖരായ പലരുടേയും വിവരങ്ങൾ മാധ്യമങ്ങളാണ് ജനങ്ങളെ അറിയിച്ചത്. പലരും അത് ഒളിച്ചുവെക്കാനാഗ്രഹിച്ചവരായിരുന്നു. ദശകങ്ങളായി അവർ പാകിസ്താനിൽ ജീവിക്കുന്നത് ഈ വിധമായിരുന്നു. എത്രത്തോളമെന്നാൽ മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞത് പാകിസ്താനിലെ ഹിന്ദുക്കളടക്കം എല്ലാ ന്യൂനപക്ഷങ്ങളേക്കാളും ഏറ്റവും കൂടുതൽ പീഡിതർ അഹ്മദികളാണെന്നാണ്. വെള്ളിയാഴ്ച നടന്ന കൂട്ട മനുഷ്യഹത്യയെ സംബന്ധിച്ചു ഗവൺമെൻറ് കാണിച്ച നിസ്സംഗതയാർന്ന പ്രതികരണം പ്രകടമായിരുന്നു. മനുഷ്യാവകാശസംഘടനകൾ ചൂണ്ടിക്കാട്ടുന്നത് പോലെ പാകിസ്താനിൽ നിർദാക്ഷിണ്യം പീഡിപ്പിക്കപ്പെടുന്ന സമൂഹം അഹ്മദികളാണ്.

### വിദ്വേഷം വേരോടെ പിഴുതെറിയുക

'ഭീകരത പാകിസ്താനിൽ വിഭാഗീയതയുടെ പുതിയ ഒരു മാനം കൈവരിച്ചിരിക്കുകയാണ്. അതിനാൽ ഗവൺമെൻറ് വഴിപാട് പോലെ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് ഏന്തെങ്കിലും രണ്ട് ആശ്വാസവാക്കുകൾ പറയുന്നതിലുപരി അഹ്മദിയ്യാ സമൂഹത്തിന് മൊത്തം ആശ്വാസകരമായ രീതിയിൽ എന്തെങ്കിലും ചെയ്യണം.'

പാകിസ്താൻ മുസ്‌ലിം ലീഗിലെ (നവാസ്) ഒരു മുൻ നാഷനൽ അസംബ്ലി അംഗം പറഞ്ഞു. 'യാതൊരു വകതിരിവുമില്ലാത്ത നിർദ്ദയമായ ആക്രമണത്തിന്റെ രൂപത്തിൽ പുറത്ത് വരുന്ന അഹ്മദികൾക്കെതിരെയുള്ള വിദ്വേഷം ഇല്ലാതാക്കാൻ ഗവൺമെന്റ് കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.' അദ്ദേഹം കൂട്ടിച്ചേർത്തു.

ലാഹോറിൽ അഹ്മദികൾക്ക് ഈ രണ്ട് പള്ളികളാണുള്ളത്. അക്രമം നടന്ന് 72 മണിക്കൂർ കഴിഞ്ഞിട്ടും പാകിസ്താനിലെ പ്രൊവിൻഷ്യൻ സർക്കാറോ ഫെഡറൽ സർക്കാറോ ഇത് വരെ യാതൊരു നഷ്ടപരിഹാരവും പ്രഖ്യാപിച്ചിട്ടില്ല.' ഇക്കാര്യത്തിൽ പാകിസ്താൻ ഭരണകൂടം കാട്ടുന്ന നിശബ്ദത കർണകഠോരമായി അനുഭവപ്പെടുന്നു.

പാകിസ്താൻ പീപ്പിൾസ് പാർട്ടിയുടെ (പി.പിപി) സ്ഥാപകനായിരുന്ന സുൽഫിക്കർ അലി ഭൂട്ടോയാണ് അഹ്മദികളെ പാകിസ്താനിൽ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചത്. ആയതിനാൽ ആ പാരമ്പര്യം കളഞ്ഞുകുളിക്കാൻ പി.പി.പി. ഗവൺമെൻറ് മുതിരുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. വിഭജനകാലത്ത് ഇന്ത്യയിലെ മതപീഡനം ഒഴിവാക്കാൻ ഇന്ത്യൻ പഞ്ചാബിൽ നിന്നും പാകിസ്താനിലേക്ക് കുടിയേറിയവരാണ് അഹ്മദികൾ. സാധാരണഗതിയിൽ ജനാധിപത്യ മര്യാദയനുസരിച്ചുള്ള ഒരു സുരക്ഷിതബോധം പാകിസ്താനിൽ

അഹ്മദികൾക്ക് ലഭിക്കുമെന്ന പ്രതീക്ഷയാണ് ഇല്ലാത്തത്.

അവർ സ്വയം തങ്ങളെ 'അഹ്മദികൾ' എന്നാണ് വിളിക്കുന്നതെങ്കിലും അധികവും 'ഖാദിയാനികൾ' എന്ന പേരിലാണ് പാകിസ്താനിൽ അറിയപ്പെടുക. അതാകട്ടെ ഒരു നിന്ദാപരമായ വാക്കായിട്ടാണ് അവർ കണക്കാക്കുന്നത്. അഹ്മദികളുമായുള്ള മതവിയോജിപ്പിന്റെ മുഖ്യകാരണം അവരുടെ സ്ഥാപകൻ മിർസാ ഗുലാം അഹ്മദിനെ ഒരു പ്രവാചകനായിട്ടാണ് അഹ്മദികൾ വിശ്വസിക്കുന്നത്. അതുപോലെ അവിശ്വാസികൾക്കെതിരെ ജിഹാദ് നടത്തണമെന്ന സങ്കല്പത്തെ അവർ എതിർക്കുന്നു. കൂടാതെ ഇസ്‌ലാമിനെ രാഷ്ട്രീയവത്കരിക്കുന്നതിനേയും ഇസ്‌ലാമിക രാഷ്ട്രം എന്ന സങ്കല്പത്തേയും അഹ്മദികൾ എതിർക്കുന്നു. ഇത് കൂടിയാണ് അഹ്മദികൾ ന്യൂനപക്ഷമെന്ന നിലക്ക് കൂടുതൽ പീഡനങ്ങളനുഭവിക്കാൻ കാരണമെന്നാണ് യൂണിവേഴ്സിറ്റി ഓഫ് മേരിലാന്റിന്റെ ഒരു പഠനത്തിൽ പറയുന്നത്.

പാകിസ്താനിൽ തുടക്കം മുതലേ അഹ്മദികൾക്ക് എതിർപ്പുണ്ടായിരുന്നു. എന്നാൽ 1953ലാണ് അഹ്മദിയ്യാ സമൂഹത്തിനെതിരെ അമുസ്‌ലിംകളാക്കി പ്രഖ്യാപിക്കപ്പെടണമെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു പ്രക്ഷോഭം ഉയർന്നുവന്നത്. ഇത് ലാഹോറിൽ കലാപമായി മാറി. എങ്കിലും അഹ്മദികൾ നവരാഷ്ട്രമായ പാകിസ്താനിൽ ഉയർന്ന രീതിയിൽ പ്രവർത്തിച്ചു. ഇത് അവർക്കെതിരെയുള്ള ശത്രുതക്ക് കാരണമായിത്തീർന്നു. ക്രമേണ അവരെ ഗവൺമെന്റ് ഉദ്യോഗങ്ങളിൽ നിന്നും അകറ്റി നിർത്തണമെന്ന ആവശ്യം ഉയർന്നുവന്നു. വാസ്തവത്തിൽ ഈ പ്രക്ഷോഭങ്ങളുടെ മുഖ്യലക്ഷ്യം പാകിസ്താൻ വിദേശകാര്യമന്ത്രിയും അഹ്മദിയുമായ സർസഫറുല്ലാഹ് ഖാനായിരുന്നു. അദ്ദേഹമായിരുന്നു ഇന്ത്യാവിഭജനകാലത്ത് മുസ്‌ലിം ലീഗിനെ പ്രതിനിധീകരിച്ച് ബൗണ്ടറി കമ്മീഷനു മുമ്പാകെ ഹാജരായത്.

1974ൽ പ്രക്ഷോഭണത്തിന്റെ കൊടുങ്കാറ്റ് വീണ്ടും ഉയർന്നപ്പോൾ ഗവൺമെൻറ് പട്ടാളത്തെ വിളിക്കുകയുണ്ടായി. അങ്ങനെ 1974ൽ രണ്ടാമത് ഭരണഘടനാഭേദഗതിയായി അമുസ്‌ലിം ന്യൂനപക്ഷമായി അഹ്മദികൾ പ്രഖ്യാപിക്കപ്പെട്ടു. 1970ലെ തിരഞ്ഞെടുപ്പിൽ ഭൂട്ടോക്ക് നൽകിയ പിന്തുണയൊന്നും അവരെ രക്ഷിക്കാനെത്തിയില്ല. ഈ നിയമനിർമ്മാണമാണ് പാകിസ്താനിൽ അസഹിഷ്ണുതക്കും മതപരമായ ഭീകരതക്കും അടിസ്ഥാനമിട്ടതെന്ന് പാകിസ്താനിലെ നിരവധി സ്വതന്ത്ര ചിന്തകന്മാർ കരുതുന്നു.

എന്നാൽ സിയാഉൽഹഖിന്റെ ഭരണത്തിൻ കീഴിലാണ് അഹ്മദിയ്യാ ജമാഅത്തിന് ഏറ്റവും വലിയ പ്രഹരമേറ്റത്. അഹ്മദികളെ തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കാൻ സിയാ ഗവൺമെന്റു അനുവദിച്ചില്ല. അവരുടെ ആരാധനാകേന്ദ്രത്തെ മസ്ജിദ് എന്ന് വിശേഷിപ്പിക്കാൻ പാടില്ല. ബാങ്ക് വിളിക്കാൻ പാടില്ല എന്നീ നിയമങ്ങൾ പ്രാവർത്തികമാക്കി. അവരുടെ മസ്ജിദുകളെ 'ഇബാദത്ത് ഗാഹ്' എന്ന് വിളിക്കാനേ അനുവാദമുള്ളൂ. അവർക്ക് ശ്മശാനവും പ്രത്യേകമാണ്. സ്വയം അമുസ്‌ലിംകളായി രജിസ്റ്റർ ചെയ്താൽ മാത്രമേ അഹ്മദികൾക്ക് വോട്ട് രേഖപ്പെടുത്താനുള്ള അവകാശമുള്ളൂ. സിയായുടെ ഭരണകാലത്ത് കലിമ (ഇസ്‌ലാമിലെ പ്രഥമ വിശ്വാസപ്രഖ്യാപനം) ചൊല്ലിയതിന്റെ പേരിൽ അഹ്മദികളെ അറസ്റ്റു ചെയ്യുകയുണ്ടായി. അവരുടെ ഖുർആൻ ഭാഷ്യങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. വിവാഹ ക്ഷണക്കത്തുകളിൽ പോലും ഇസ്‌ലാമിക സാങ്കേതികപദങ്ങൾ ഉപയോഗിക്കാൻ അവർക്ക് അനുവദാമുണ്ടായിരുന്നില്ല.

ഭരണകൂടത്തിന്റെ ഈ വിധ്വംസകപ്രവർത്തനങ്ങളെ തുടർന്ന് ഇംഗ്ലണ്ടിലേക്കും കാനഡയിലേക്കും അഹ്മദികളുടെ അഭയാർത്ഥിപ്രവാഹമുണ്ടായി. പക്ഷേ, ഇപ്പോഴും പാകിസ്താനിൽ 4 ദശലക്ഷം അഹ്മദികളുണ്ട്. അതിൽ ഭൂരിപക്ഷവും താമസിക്കുന്നത് ലാഹോറിലാണ്. സിയായുടെ ഭരണകാലത്തിനുശേഷം സംഗതികൾക്ക് അയവ് വന്നിട്ടുണ്ടെങ്കിലും തൊഴിൽ, വിദ്യാഭ്യാസം മുതലായ മേഖലകളിൽ ഗൂഢമായ പക്ഷപാത സമീപനം തുടരുക്കയാണ്. തങ്ങളുടെ വിശ്വാസം വെളിപ്പെടുത്താതിരിക്കാൻ അവർ നിർബന്ധിക്കപ്പെടുകയാണ്. ഇപ്പോഴും അവരുടെ വാർത്താപത്രമായ 'അൽഫസലി'ൽ ഖുർആൻ വചനങ്ങൾ പ്രസിദ്ധീകരിക്കാൻ അനുവാദമില്ല. അഹ്മദികൾ വാജിബുൽ ഖതൽ (കൊല്ലപ്പെടാൻ അർഹർ) ആയിട്ടാണ് അവിടെ കണക്കാക്കപ്പെടുന്നത്.

സിയാക്ക് ശേഷം വന്ന പാകിസ്താൻ ഭരണഘടനയുടെ 18ാം ഭേദഗതി സിയായുടെ കാലത്തെ എല്ലാവിധ അടയാളങ്ങളും എടുത്തുനീക്കുന്നവയായിരുന്നു. പക്ഷേ സിയായുടെ ഉല്പന്നമായ മതനിന്ദാനിയമം മാത്രം അതേപടി നിലനില്ക്കുന്നു. ഈ നിയമമാണ് അഹ്മദികൾക്കെതിരെ സ്വാഭാവികമായി ഉപയോഗിക്കപ്പെടുന്നത്. മനുഷ്യാവകാശക്കമ്മീഷന്റെ പുതിയ റിപ്പോർട്ട് പ്രകാരം 1984ൽ ഇരുപതാം നമ്പർ ഓർഡിനൻസ് വന്നതിനുശേഷം കഴിഞ്ഞ 25 വർഷത്തിനുള്ളിൽ 100 ഓളം അഹ്മദികൾ ഉന്മൂലനം ചെയ്യപ്പെട്ടിട്ടുണ്ട്. വെള്ളിയാഴ്ച ഉച്ചക്കുണ്ടായ സംഭവത്തോടെ ആ സംഖ്യ ഇരട്ടിക്കുകയാണുണ്ടായത്.

(The Hindu 2 June 2010ൽ പ്രസിദ്ധീകരിച്ചത്)

■

# ഭീകരതാണ്ഡവത്തിനു മുന്നിലും അഹ്മദി യുവാക്കളുടെ ധീരത

## ജീവൻ തൃണവൽഗണിച്ച് ഭീകരരെ കീഴ്പ്പെടുത്തിയ അഹ്മദി യുവാക്കളുടെ ഉജ്ജ്വല മാതൃക. പാകിസ്താനിലെ Express Tribune പ്രസിദ്ധീകരിച്ചത്.

ലാഹോറിലെ മോഡൽ ടൗണിൽ ബൈത്തുന്നൂറിലുണ്ടായ ഭീകരരുടെ ഭയാനകമായ ആക്രമണവേളയിൽ അഹ്മദിയ്യാ യുവജനസംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യാ അംഗങ്ങളായ രണ്ട് യുവാക്കൾ കാണിച്ച ധീരത വിസ്മയകരമാണ്. മസ്ജിദിനകത്ത് കൂട്ടക്കൊല നട ത്തി കൊലവിളി നടത്തിനിന്ന ഭീകരനെ ഇവർ സാഹസികമായി കീഴ് പ്പെടുത്തുകയുണ്ടായി. ഭീകരരെ കീഴ്പ്പെടുത്തുന്ന ശ്രമത്തിൽ ഭീകരരുടെ ആത്മഹത്യാ ജാക്കറ്റ് പൊട്ടി ശഹീദായ യുവാക്കളുമുണ്ടായിരുന്നു. ആ സാഹസിക കൃത്യം ഇരുപത്തിരണ്ടുകാരനായ നബിൽ സാഹിബും ഇരുപത്തൊന്നുകാരനായ ബിലാൽ സാഹിബും വിവരിക്കുന്നു.

നബിൽ സാഹിബിന്റെ വിവരണത്തിൽ നിന്ന്: ഉച്ചക്ക് 1.30നാണ് ജുമാ നമസ് കാരത്തിന്നായി ഞാൻ പള്ളിയിൽ പ്രവേശിച്ചത്. 1.45 ആയപ്പോഴേക്കും ആളുകൾ കൂടി വന്നു. അപ്പോഴാണ് ആദ്യത്തെ വെടിയൊച്ച കേട്ടത്. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഒരു ഭീകരന്റെ തലയുടെ പിൻഭാഗമാണ് കണ്ടത്. അയാൾ സെക്യൂരിറ്റി ഗാർഡായ അൻവർ സാഹിബിനെ വെടിവെക്കാൻ ശ്രമിക്കുകയായിരുന്നു. അയാൾ പള്ളി കെട്ടിടത്തിനകത്തേക്ക് വരാനുള്ള ശ്രമമാണെന്ന് ഞാൻ മനസ്സിലാക്കി. ഞാനുടനെ പ്രവേശനകവാടത്തിലെ ഗെയിറ്റടക്കാൻ വേണ്ടി ഓടി. അപ്പോഴേക്കും അവർ പ്രവേശിച്ചുകഴിഞ്ഞിരുന്നു. പള്ളിയുടെ താഴ്ഭാഗത്തേക്ക് ഓടി രക്ഷപ്പെടാൻ പള്ളിക്കകത്തുള്ളവരോട് എല്ലാവരോടും ഞാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. പ്രായമുള്ളവർക്ക് പെട്ടെന്ന് ഓടി രക്ഷപ്പെടാൻ കഴിഞ്ഞില്ല.

ഇരുപത് വയസ്സ് തോന്നിക്കുന്ന ഒരു ഭീകരൻ പള്ളിയുടെ മുഖ്യഹാളിലേക്ക് പ്രവേശിച്ചു തലങ്ങും വിലങ്ങും വെടിവെക്കാനാരംഭിച്ചു. ഉടനെ അവന്റെ കൈയ്യിലുണ്ടായിരുന്ന ഹാൻഡ് ഗ്രനേഡ് വലിച്ചെറിഞ്ഞപ്പോൾ വലിയൊരു സ്ഫോടനമുണ്ടായി. താഴേക്ക് പോകാൻ കഴിയാതെ ഹാളിലുണ്ടായിരുന്ന മുഴുവൻ പേർക്കും ഈ സ്ഫോടനത്തിൽ പരുക്ക് പറ്റി. ഞങ്ങൾ ഒളിച്ചിരുന്ന സ്ഥലത്ത് നിന്നും പള്ളിയുടെ മുഖ്യഹാളിൽ നടക്കുന്ന ഭീകരദൃശ്യങ്ങൾ വ്യക്തമായി കാണാമായിരുന്നു. ഗ്രനേഡ് പൊട്ടിച്ചശേഷം പരുക്കേറ്റ അഹ്മദികൾ അലമുറയിട്ട് നിലവിളിച്ചുകൊണ്ടിരിക്കെ ഭീകരർ അവർക്ക് നേരെ തുരുതുരാ വെടിയുതിർത്തു. നബിൽ സാഹിബ് രംഗം വിവരിക്കുകയായിരുന്നു.

'അപ്പോൾ ആ ഭീകരന്റെ തലക്ക് പരുക്ക് പറ്റി ചോരയൊലിക്കുന്നത് എനിക്ക് കാണാമായിരുന്നു. പന്ത്ര ണ്ട് പേർക്ക് നേരെ വെടിവെച്ചുകൊണ്ട് അവൻ നിലത്ത് വീഴുകയായിരുന്നു. ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തി. അവനെ നിലത്ത് വെച്ച് കടന്നുപിടിച്ചു. ഭീകരൻ ഗ്രനേഡ് സ്ഥാപിച്ച ആത്മഹത്യാ ജാക്കറ്റ് ധരിച്ചിരുന്നു. അവന്റെ ജാക്കറ്റ് അഴിച്ചു മാറ്റാൻ രണ്ടു പേർ എന്നെ സഹായിച്ചു. അവനെ ഞാൻ ബലമായി കീഴ്പ്പെടുത്തിവെച്ചിരുന്നു. എന്റെ കാൽ അവന്റെ കഴുത്തിൽ ആഞ്ഞു ചവിട്ടിയ അവസ്ഥയിലായിരുന്നു. ആ നിലയിൽ മുപ്പത്തഞ്ച് മിനുട്ടോളം ഞാൻ അനങ്ങാൻ വിടാതെ അവനെ കാൽ ചുവടിൽ നിർത്തി. അപ്പോൾ തനിക്ക് വല്ലാതെ വേദനിക്കുന്നു വെന്ന് ഭീകരൻ നിലവിളിച്ചു പറയുന്നുണ്ടായിരുന്നു. എന്റെ കാൽ എടുത്തുമാറ്റാൻ അവൻ ആവശ്യപ്പെട്ടു. ഞാൻ അല്പം കാൽ അഴിച്ചുപിടിച്ചു. ഞാൻ അപ്പോൾ അവനോട്, നീ എന്തിനാണ് നിരപരാധികളായവരെ കൊന്നതെന്ന് ചോദിച്ചു. അപ്പോൾ

അവന്റെ മറുപടി: 'എല്ലാ അവിശ്വാസികളേയും പാകിസ്താനിൽ നിന്ന് ഉന്മൂലനം ചെയ്യലാണ് 'തന്റെ ദൗത്യമെന്ന് പറഞ്ഞു. അവനിൽ നിന്നും ഇത് കേട്ട മാത്രയിൽ എനിക്ക് പിന്നീട് സംസാരിക്കാൻ കഴിഞ്ഞില്ല' നബിൽ സാഹിബ് പറഞ്ഞു.

ഇരുപത്തൊന്ന് വയസ്സുകാരനും ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജനസംഘടന) അംഗവുമായ ബിലാലാണ് മറ്റൊരു ഭീകരനെ പിടിക്കാൻ സഹായിച്ചത്. ബിലാൽ ബൈത്തുന്നൂറിന്റെ രണ്ടാം നിലയിലാണുണ്ടായിരുന്നത്. പള്ളിയുടെ മുമ്പിൽ നടക്കുന്ന സംഭവങ്ങൾ അദ്ദേഹത്തിന് വ്യക്തമായി കാണാമായിരുന്നു. ഭീകരർ പള്ളിക്കകത്തേക്ക് പാഞ്ഞുകയറുന്നതാണ് ബിലാൽ സാഹിബ് പിന്നീട് കണ്ടത്. അദ്ദേഹം അക്കാര്യം വിവരിക്കുന്നു:

'പതിനേഴ് വയസ്സ് കാരനായ ഒരു ഭീകരനായിരുന്നു അവൻ. ആ ഭീകരൻ വലിച്ചെറിഞ്ഞ ഹാൻഡ് ഗ്രനേഡ് പൊട്ടിയാണ് ലെഫ്റ്റനന്റ് ജനറൽ (റിട്ട) ചൗധരി നാസിർ അഹ്മദ് സാഹിബ് മരിച്ചത്. പിന്നീട് അവൻ പള്ളിയുടെ മുൻവാതിലിലേക്ക് ഓടി വന്നു. രണ്ടാം നിരയിലെ ഗോവണിയിലേക്ക് ഓടിക്കയറി. ഞാൻ ഒരു കട്ടിലിനു പിറകിൽ ഒളിച്ചിരിക്കുകയായിരുന്നു. ഭീകരൻ നിരന്തരമായി വെടിയുതിർത്തുകൊണ്ടിരിക്കുകയായിരുന്നു. എല്ലാം അവിടെ നിന്നും വ്യക്തമായി കാണാമായിരുന്നു. ഭാഗ്യത്തിന് ഭീകരൻ എന്നെ കണ്ടില്ല' ബിലാൽ പറഞ്ഞു.

പതിനേഴു വയസ്സുകാരനായ ഭീകരൻ അപ്പോഴും വെടിയുതിർക്കുകയായിരുന്നു. പിന്നിൽ നിന്നിരുന്ന ഞാൻ ഇതൊരവസരമാണെന്ന് കരുതി. ഞാൻ അവന് മേൽ രണ്ടും കല്പിച്ചു ചാടി വീണു കീഴ്പ്പെടുത്തി. ഉച്ചത്തിൽ മറ്റുള്ളവരെ സഹായത്തിന്നായി നിലവിളിച്ചു. ആ ഭീകരൻ സെറയ്കി ഭാഷയായിരുന്നു സംസാരിച്ചിരുന്നത്. ദാഹിച്ചു പരവശനായ ഭീകരൻ ഒരു ഗ്ലാസ്സ് വെള്ളത്തിന് യാചിച്ചുകൊണ്ടിരുന്നു. മറ്റുള്ളവരുടെ സഹായത്തോടെ ഞാൻ അവന്റെ ആത്മഹത്യാ ജാക്കറ്റ് അഴിച്ചുമാറ്റി. സെറയ്കി ഭാഷ എനിക്ക് അല്പം അറിയാമായിരുന്നു. അവനെ പിടിച്ചതിനു അവൻ നിരന്തരമായി ഞങ്ങളെ പിരാകുകയും ചീത്തവാക്കുകൾ വിളിച്ചുപറയുകയും ചെയ്യുന്നുണ്ടായിരുന്നു. പോലീസ് ഓഫീസർമാർ വരുന്നതുവരെ അരമണിക്കൂറോളം ഞാൻ അവനെ ആ നിലയിൽ പിടിച്ചുവെച്ചു. അതിനുശേഷം പോലീസിനെ ഏല്പിച്ചു, ബിലാൽ സാഹിബ് പറഞ്ഞു.

(കടപ്പാട് Express Tribune Pakistan മേയ് 29, 2010)

# ലാഹോർ പള്ളിയിൽ സംഭവിച്ചത്

അഹ്മദികളെ ഭീകരരായ തെഹ്രികെ താലിബാനിൽ നിന്നും രക്ഷിക്കാൻ പാകിസ്താൻ പ്രത്യേകം പരിശീലനം സിദ്ധിച്ച പോലീസിനെ അയച്ചിട്ടുണ്ടാകുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? എന്നാൽ പാകിസ്താനിൽ സംഭവിച്ചത് അതല്ല.

ഉച്ചക്ക് ഒരു മണി കഴിഞ്ഞ് മുപ്പത്തഞ്ച് മിനുട്ടായപ്പോൾ മോഡൽ ടൗണിലുള്ള പള്ളിയിലേക്ക് മൂന്ന് ഭീകരർ പ്രവേശിച്ചു. ആത്മഹത്യാ ജാക്കറ്റണിഞ്ഞ അവരുടെ കൈയ്യിൽ മെഷീൻ ഗൺ ഉണ്ടായിരുന്നു. ആദ്യത്തെ ഭീകരൻ പള്ളിയിൽ പ്രവേശിച്ച ഉടനെ ഇമാമിനേയും പ്രസിഡണ്ട് സാഹിബിനേയും വെടിവെച്ചു. അവർ രണ്ടുപേരും മുൻനിരയിലായിരുന്നു ഇരുന്നത്. മുൻനിരയിൽ ഇരിക്കുന്നവർക്കാണ് കൂടുതൽ അനുഗ്രഹമുണ്ടാകുക എന്നതാണല്ലോ ഇസ്‌ലാമിന്റെ പാഠം. പ്രസിഡണ്ട് സാഹിബിന്റെ അടുത്ത് ഇരുന്നിരുന്ന നാസിർ ബാജ്‌വയുടെ കാലിന്നാണ് വെടിയേറ്റത്. ആദ്യത്തെ വെടി പൊട്ടിയപ്പോൾ തന്നെ ആളുകൾ നാലുപാടും ചിതറി ഓടി.

അപ്പോൾ അവിടെ സെക്യൂരിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്നത് ഒരു റിട്ടയേർഡ് ആർമി ഓഫീസറായിരുന്നു. അദ്ദേഹത്തിന്റെ കൈയ്യിൽ ഒരു കൈത്തോക്ക് മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് അദ്ദേഹം അക്രമികളെ വെടിവെച്ചു. അവർ ഉടനെ തിരിച്ചു വെടിവെച്ചു അദ്ദേഹത്തെ കൊലപ്പെടുത്തി. ഒരു ഭീകരൻ പള്ളിയുടെ മിനാറത്തിലേക്ക് കയറി അവന് ഹിതം പോലെ ആളുകളെ വെടിവെക്കാനാണ് മുകളിൽ കയറിയത്.

നസീർ ബാജ്‌വ സാഹിബ് അൻപത് വയസ്സ് പ്രായമുള്ളയാളായിരുന്നു. സഹായത്തിന് ആയുധമില്ലെന്നും പോലീസ് വരുകയില്ലെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. ഭീകരനെ കീഴ്പെടുത്താൻ തന്നെ ബാജ്‌വ സാഹിബ് തീരുമാനിച്ചു. ഭീകരന്റെ പിൻഭാഗത്ത് കൂടിയാണ് അദ്ദേഹം സമീപിച്ചത്. മെഷീൻഗണ്ണുമായി 100 അടി അകലെ

*(ശേഷം 36 - ൽ)*

എ.എം. മുഹമ്മദ് സലിം

ലേഖനം

# മതവൈവിധ്യങ്ങൾ എന്തുകൊണ്ട്? മതങ്ങൾക്ക് എങ്ങനെ ഐക്യപ്പെടാം?

## വിവിധ മതങ്ങളുള്ള ഒരു ബഹുസ്വര സമൂഹത്തിൽ സംഘർഷങ്ങളില്ലാതെ മതജീവിതം നയിക്കാനുള്ള ഉദാത്തമായ ദർശനവും അദ്ധ്യാപനങ്ങളുമാണ് ഇസ്‌ലാം നൽകുന്നത്.

ഭാരതം മതവൈവിധ്യങ്ങളുടെ ഒരു പ്രദർശനശാലയാണ്. ഇത്രയധികം മതങ്ങളും വിശ്വാസ വൈജാത്യങ്ങളുമുള്ള മറ്റൊരു ദേശം ഭൂമിയിലില്ല. പക്ഷേ, ഖേദകരമായ ഒരു വസ്തുത ഇന്ത്യയിലെ പ്രബലമതാനുയായികളായ ഹിന്ദുക്കളും, മുസ്‌ലിംകളും, ക്രിസ്ത്യാനികളും ഒരു ഭരണത്തിനു കീഴിൽ സാമൂഹ്യജീവിതം നയിക്കുമ്പോൾ തന്നെ ഒരു വിഭാഗത്തിന്റെ മതം മറ്റൊരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം പരലോകം പോലെ അന്യവും അജ്ഞാതവുമാണ്. മതങ്ങൾ തമ്മിൽ സംവാദങ്ങളോ ചർച്ചകളോ നാം നടത്താറില്ല. മതമെന്നാൽ തീപ്പിടിക്കുന്ന വികാരമാണെന്നും മതാന്തരസംവാദമെന്നാൽ തീക്കളിയാണെന്നും മതവിശ്വാസികളിൽപ്പെട്ട പലരും ധരിച്ചുവശായിരിക്കുന്നു. മതത്തെ ഒരു അഗ്നികുണ്ഡം പോലെ വഹിച്ചുകൊണ്ടു നടക്കുന്ന അല്പന്മാർ അധികരിച്ചുവരുന്ന ഇക്കാലത്ത് വിഭജനത്തിന്റെ അദൃശ്യമായ വൻമതിലുകൾക്കുള്ളിൽ മതങ്ങൾ വിനിമയരഹിതരമായി കഴിയുന്നു. പാലങ്ങളില്ലാത്ത മതവിശ്വാസത്തിന്റെ ഈ ദ്വീപുകളാണ് മതസ്പർദ്ദയുടെ വളർത്തുകേന്ദ്രങ്ങൾ. മതങ്ങൾ തമ്മിൽ സംശയങ്ങളും ദുരൂഹതകളും ഇവിടെ നിന്നും ഉടലെടുക്കുന്നു. ഇവിടെ നിന്നാണ് സംഘർഷങ്ങളിലേക്കും കലാപങ്ങളിലേക്കും രക്തചൊരിച്ചിലിലേക്കും നയിക്കുന്ന തിന്മയുടെ വിഷബീജങ്ങൾ ഉരുവംകൊള്ളുന്നത്.

ഇന്ത്യാഉപഭൂഖണ്ഡങ്ങളിൽ മതവർഗ്ഗീയകലാപം മൂലം മരിച്ചവരുടെ എണ്ണത്തെ മുൻകടക്കാൻ ലോക മഹാ യുദ്ധങ്ങൾക്ക് മാത്രമേ സാധ്യമാവൂ. ആത്മശാന്തിക്കും ലോകശാന്തിക്കും വേണ്ടി നിലകൊള്ളുന്ന മതം ഇത്ര ഭയാനകമായ ഒരു വിപത്തായി മാറുന്നതിന്റെ കേന്ദ്രബിന്ദു എവിടെയാണ്? മതവിശ്വാസികൾ കൂട്ടായി ആലോചിച്ച് അഭിപ്രായ സമന്വയമുണ്ടാക്കേണ്ട പ്രശ്നമാണിത്. വർഗ്ഗീയതക്ക്, ഭരണഘടനാപരമായും സാമൂഹ്യശാസ്ത്രപരമായും രാഷ്ട്രീയപരമായും നിരവധി പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വർഗ്ഗീയ ചിന്തകളും വർഗ്ഗീയ ലഹളകളും പരിഹരിക്കാൻ മതത്തിനകത്തുനിന്നും പരിഹാരങ്ങളില്ലേ എന്നതാണ് നമ്മുടെ ചോദ്യം? വർഗ്ഗീയത പരിഹരിക്കാൻ പ്രമാണ സഹിതം മതങ്ങൾ മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളാണ് മറ്റെന്തിനേക്കാളും ഏറ്റവും ഫലപ്രദം. മതത്തിന്റെ അകക്കാമ്പിൽ നന്നും വരുന്ന അത്തരം പരിഹാരനിർദ്ദേശങ്ങൾക്കാണ് ആത്മീയ ദാർഢ്യവും വൈകാരിക സംസക്തിയുമുണ്ടാവുക. അവസാനകാലത്തെ വാഗ്ദത്ത മത പരിഷ്ക്കർത്താവും ദൈവിക വെളിപാടുകൾ കൊണ്ട് അനുഗൃഹീതനുമായ ഹദ്റത്ത് അഹ്മദി(അ)ന്റെയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും ഈ വിഷയസംബന്ധമായ ചിന്തകൾ മതലോകം ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അത് കേവലം യുക്തിശൂന്യങ്ങളായ സാന്ത്വനവചനങ്ങളോ വ്യാജസുഖം നൽകുന്ന വീൺവാക്കുകളോ അല്ല. മതവൈവിധ്യങ്ങളെയും അതിന്റെ പൊരുളിനെയും സംബന്ധിച്ച് അവ യുക്തിപൂർണ്ണമായ ഒരു കാഴ്ചപ്പാടു നൽകുന്നു.

ഒരു ബഹുസ്വരസമൂഹത്തിൽ ജീവിക്കാനാവശ്യമായ പ്രായോഗിക അദ്ധ്യാപനങ്ങൾ ആധുനിക മുസ്‌ലിം ചിന്താലോകത്തുനിന്നും ഉണ്ടായിട്ടില്ല. അതിന്ന് ഒരു കാരണം മുസ്‌ലിംലോകത്തെ ചിന്തകൾ ഏറെ

ക്കുറെ മുസ്‌ലിം ഭൂരിപക്ഷത്തിന്റെ പശ്ചാത്തലത്തിലും മുസ്‌ലിം അധികാരത്തിന്റെ സാന്നിധ്യത്തിലും മുസ്‌ലിം മതവൈവിധ്യങ്ങൾ മതങ്ങളുടെ പരിണാമ ചരിത്രത്തിലെ വർണ്ണശബളിമയമാർന്ന രൂപങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അവ നൽകുന്ന യഥാർത്ഥ സന്ദേശം സംഘർഷമല്ല സമന്വയമാണ്. ഉമ്മത്തിന്റെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ആധുനികലോകത്ത് ഇസ്‌ലാമിനെ നയിക്കാൻ ഈ മദ്ധ്യകാല ചിന്തകൾ അപര്യാപ്തങ്ങളും അപ്രായോഗികവുമാണ്. ഒരു ബഹുമത സമൂഹത്തിൽ നാനാ നാദങ്ങളേയും താളപ്പൊരുത്തത്തോടെ ശ്രുതിമധുരമായി എങ്ങനെ സമന്വയിപ്പിക്കാം എന്ന വിഷയത്തിൽ ഇസ്‌ലാം പ്രാമാണികമായി നൽകുന്ന സംഭാവനയെയാണ് മുസ്‌ലിംകൾ ഉദ്ഗാനം ചെയ്യേണ്ടത്.

## മതവൈവവിധ്യങ്ങൾ എന്തുകൊണ്ട്?

ദൈവം അയക്കുന്ന പ്രവാചകന്മാരാണ് മതങ്ങളുടെ സ്ഥാപകന്മാർ. മനുഷ്യവർഗ്ഗത്തിന്ന് പ്രകൃതി നൽകിയ ഗോത്രീയവും ഭാഷാപരവും ദേശീയവുമായ വൈവിധ്യങ്ങൾ തന്നെയാണ് മതവൈവിധ്യങ്ങളുടേയും അടിസ്ഥാനം. മനുഷ്യസമൂഹം, ഗോത്രങ്ങളും ജനവർഗ്ഗങ്ങളുമായാണ് സൃഷ്ടിക്കപ്പെട്ടത് എന്നത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. സമൂഹരൂപീകരണത്തിൽ അവ വഹിക്കുന്ന പങ്ക് സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രവും അംഗീകരിച്ചിട്ടുള്ളതാണ്. ഗോത്രങ്ങളുടേയും ദേശീയതകളുടേയും അടിസ്ഥാനത്തിൽ തന്നെയാണ് മതങ്ങളും മതവവൈവിധ്യങ്ങളും രൂപപ്പെടുന്നത്. അതായത് മതങ്ങളുടേയും വൈവിധ്യങ്ങൾക്ക് കാരണം ദൈവത്തിന്റെ ബോധപൂർവ്വമായ പ്രവർത്തനമാണ്. അതുകൊണ്ട് തന്നെ അവ പൂർണ്ണമായും പ്രകൃതിപരവുമാണ്. ഖുർആൻ പറയുന്നു:

***മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗ്ഗങ്ങളും (ശുഊബ്) ഗോത്രങ്ങളു (കബായിൽ) മാക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടി*** (49:13).

ഇങ്ങനെ വ്യത്യസ്തങ്ങളായ ഭാഷാഗോത്രജനവിഭാഗങ്ങളിലെല്ലാം പ്രവാചകന്മാർ വന്നിട്ടുണ്ട്. ഓരോ ജനവർഗ്ഗങ്ങളുടേയും ഭാഷാപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിലാണ് പ്രവാചകന്മാർ ആഗതരായിട്ടുള്ളത് എന്നാണ് ഖുർആൻ പറയുന്നത്. ***'നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജ്ജിക്കുക (എന്നതായിരുന്നു അവരുടെ പ്രബോധനം)*** (16:37)

പുരാതനസമൂഹങ്ങളിൽ ഭാഷയാണ് ഏറ്റവും ശക്തമായ ഗോത്രചിഹ്നം. ഓരോ ഗോത്രത്തിന്റേയും ഭാഷയിലാണ് പ്രവാചകന്മാർ സംസാരിച്ചതെന്ന് ഖുർആൻ വ്യക്തമാക്കുന്നു ***'നാം ഒരു ദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയോടെ യല്ലാതെ അയച്ചിട്ടില്ല. അദ്ദേഹം അവർക്ക് സന്ദേശം വിവരിച്ചുകൊടുക്കുന്നതിനു വേണ്ടി*** (14:5) ഇങ്ങനെ പ്രകൃതി സൃഷ്ടിച്ച ഗോത്രീയമായ ശക്തമായ അടിസ്ഥാനങ്ങളിലാണ് മതങ്ങളും സ്ഥാപിതമായത്. മതവൈവിധ്യങ്ങളുടെ അടിസ്ഥാനമിതാണ്. മനുഷ്യസമൂഹത്തിന്റെ വളർച്ചക്ക് ഗോത്രങ്ങളും, ഭാഷയും, ദേശീയതയും എപ്രകാരം പ്രയോജനകരമായിരുന്നുവോ അപ്രകാരം തന്നെ മതങ്ങളുടെ വളർച്ചക്കും അവ അനുപേക്ഷണീയമാണ്. പ്രകൃതിയുടെ ഈ വൈവിധ്യം വിനാശകരമായ വൈരുദ്ധ്യമല്ല എന്ന തിരിച്ചറിവാണ് മതവിശ്വാസികൾക്ക് വേണ്ടത്.

മനുഷ്യസമൂഹം ആദിയിൽ ഒറ്റ സമുദായമായിരുന്നു എന്നാണ് ഖുർആൻ പറയുന്നത്. പിന്നീട് വൈവിധ്യങ്ങളുമായി വീണ്ടും അവൻ ഐക്യത്തിലേക്ക് മനുഷ്യസമൂഹത്തെ നയിക്കും എന്നും ഖുർആൻ പറയുന്നു (2:214). ജനവർഗ്ഗ വൈവിധ്യങ്ങൾ ഭാവിയിൽ സാമൂഹ്യവത്ക്കരണത്തിന് വിധേയമായി മനുഷ്യർ ഒരു സമൂഹമായിത്തീരും എന്നതും ഒരു യാഥാർത്ഥ്യമാണ്. ഈ സാമൂഹ്യസങ്കലനം പൂർത്തിയായി ഏകലോകം സംജാതമാവുന്ന ആധുനികകാലത്തെപ്പറ്റി ഖുർആനിൽ പ്രവചനമുണ്ട്. ജനവർഗ്ഗങ്ങളുടെ ഈ സങ്കലന പ്രക്രിയ ആരംഭിച്ച ഘട്ടത്തിൽതന്നെ ഗോത്രദേശീയതകൾക്കതീതമായ ഒരു സർവ്വജനീന പ്രവാചകനായി മുഹമ്മദ് നബി(സ)യെ ദൈവം അയക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിസംബോധനയും ദൗത്യവും വിശ്വമാനവ സമൂഹത്തോടായിരുന്നു. ദൈവം മുഹമ്മദ് നബി(സ) യോട് കല്പിക്കുന്നു: ***പറയുക: ഓ മനുഷ്യരേ, സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ*** (9:159)

ഇങ്ങനെ വിശ്വമാനവസമൂഹത്തിന്റെ രൂപീകരണം ആരംഭിക്കുന്ന വേളയിൽ ആഗതനാവുന്ന സാർവ്വജനീന പ്രവാചകൻ മനുഷ്യന്റെ മതവികാസ പരിണാമത്തിലെ നവീനദശയെ പ്രതിനിധീകരിക്കുന്നു. ആ സന്ദർഭത്തിൽ മനുഷ്യസമൂഹത്തിന്റെ ആത്മീയമായ ഏകീകരണത്തിൽ ഭാഗഭാക്കാവാൻ പൂർവ്വമതങ്ങളുടെ അനുയായികൾ അദ്ദേഹത്തെ തിരിച്ചറിയണമെന്ന്

ദൈവം ആഗ്രഹിക്കുന്നു. എങ്കിൽ മാത്രമേ മനുഷ്യന്റെ സാമൂഹിക വികാസത്തോടൊപ്പം സംഭവിക്കേണ്ട ആത്മീയ വികാസവും ഐക്യവും പൂർണ്ണമാവുകയുള്ളൂ. ഭാവിയിൽ സമാഗതനാവുന്ന ഈ വിശ്വമാനവ പ്രവാചകനെ സ്വീകരിക്കാൻ പൂർവ്വീകരായ എല്ലാ പ്രവാചകന്മാരോടും ദൈവം കരാർ വാങ്ങിയതായി ഖുർആൻ പറയുന്നു. ആ കരാറിന്റെ മുദ്രകൾ അതാത് മതങ്ങളിൽ സത്യാന്വേഷികൾക്ക് തിരിച്ചറിയുന്ന രൂപത്തിൽ ഇപ്പോഴും കാണാവുന്നതാണ്. ഇങ്ങനെ എല്ലാ പ്രവാചകന്മാരോടും വാങ്ങി യ ഈ കരാറിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു.

***'അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ അവസരം ഓർക്കുക? ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. (എന്നു പറഞ്ഞു കൊണ്ട്) അവൻ ചോദിച്ചു : നിങ്ങൾ സമ്മതിക്കുകയും എന്റെ കരാർ (ഈ ബാധ്യത) ഏറ്റെടുക്കുകയും ചെ യ്തുവോ? അവർ പറഞ്ഞു: (അതെ) ഞങ്ങൾ സമ്മതിച്ചു അല്ലാഹു പറഞ്ഞു: നിങ്ങൾ സാക്ഷ്യം വഹിക്കുവീൻ; നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാണ്*** (3:82)

ഇസ്‌ലാം മതം അതിന്റെ പൂർവ്വമതങ്ങളെയെല്ലാം സ്വന്തം പൈതൃകമായി കാണുകയും അതിനെ അംഗീകരിക്കുകയും സ്വാംശീകരിക്കുകയും അത് തങ്ങളുടെ അനുപേക്ഷണീയ മതബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്നു. ആ പൂർവ്വമതങ്ങളുടെ സ്വാഭാവിക പരിണാമപൂർത്തിയെയാണ് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത്. ആദം നബി(അ) മുതൽ വന്ന നിരവധി പ്രവാചകന്മാരാൽ കെട്ടിപ്പടുത്ത മതസൗധത്തിന്റെ സമഗ്രപൂർണതയാണ് ഇസ്‌ലാം.

## ശ്രീകൃഷ്ണൻ ഒരു പ്രവാചകൻ

എല്ലാ ജനങ്ങളിലും പ്രവാചകന്മാർ അവതരിച്ചിട്ടുണ്ട് എന്നതും അവരിൽ വിശ്വസിക്കാൻ മുസ്‌ലിംകളുടെ ബാദ്ധ്യതയാണ് എന്നതും ഇസ്‌ലാമിലെ പ്രഖ്യാപിത തത്വമാണ്. ഇന്ത്യയിൽ ജനിച്ച അല്ലാഹുവിന്റെ മഹാനായ ദിവ്യ പ്രവാചകന്മാരാണ് ഹദ്റത്ത് ശ്രീകൃഷ്ണനും (അ) ശ്രീരാമനും (അ) ശ്രീബുദ്ധനും (അ) ശ്രീവർദ്ധമാനമഹാവീരനും (അ). കോടിക്കണക്കിന് സത്യാത്മാക്കൾ ഈ മഹാന്മാരായ ദിവ്യാത്മാക്കളുടെ സ്മരണയിലും അദ്ധ്യാപനത്തിലും വിശുദ്ധ ജീവിതം നയിക്കുകയും ലോകത്ത് ശാന്തി പരത്തുകയും ചെയ്യുന്നവരാണ്. ഹദ്റത്ത് ശ്രീകൃഷ്ണ(അ)നെപ്പറ്റി റസൂൽ തിരുമേനി(സ)യുടെ പ്രസിദ്ധമായ ഒരു വചനം ഇങ്ങനെയാണ്. ***'കാനഫിൽ ഹിന്ദി നബിയ്യും അസ്‌വദു ലൗനഹു ഇസ്മുഹു കാഹിന' കാർവർണനായ ഒരു പ്രവാചകൻ ഇന്ത്യയിൽ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ നാമം കാഹിന (കണ്ണൻ) എന്നായിരുന്നു.*** (ദയ്‌ലമി) ഹദ്റത്ത് ശ്രീകൃഷ് ണനെ(അ)പ്പറ്റി ഇസ്‌ലാമിൽ അവതരിച്ച വാഗ്ദത്ത മസീഹും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുമായ ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

***'രാജാ കൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യൻ ആയിരുന്നുവെന്ന് എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊരാളെ കാണാനാവില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. ദൈവത്തിൽ നിന്നുള്ള റുഹുൽ ഖുദ്സ് അഥവാ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൻ നിന്നുള്ള ജേതാവും ഐശ്വര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ പാപത്തിൽ നിന്നും ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാലഘട്ടത്തിലെ നബി തന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാഠങ്ങൾ പിൽക്കാലത്ത് മാറ്റിമറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞു തുളുമ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടുള്ള സ്നേഹവും തിന്മയോടുള്ള വെറുപ്പും പുലർത്തിയിരുന്നു. അവസാനകാലത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിരൂപം അഥവാ അവതാരം വെളിപ്പെടുമെന്നത് ദൈവത്തിന്റെ വാഗ്ദാനം ആയിരുന്നു. ആ വാഗ്ദാനം എന്റെ പ്രാദുർഭാവത്തോടെ പൂർത്തിയായിരിക്കുന്നു.*** (ലക്ചർ സിയാൽകോട്ട്).

## ഇസ്‌ലാം സാർവ്വദേശീയ മതം

മറ്റു മതങ്ങളിൽ നിന്നും വിഭിന്നമായി ഇസ്‌ലാം എല്ലാ മതങ്ങളേയും മതപുരുഷന്മാരേയും അംഗീകരിക്കുന്നു. ഇത് ഒഴുക്കൻ മട്ടിൽ പറഞ്ഞ ഒരു പ്രസ്താവനയോ അഭിപ്രായമോ അല്ല. എല്ലാ പ്രവചകന്മാരിലും വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ ആറു അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ അഞ്ചാമത്തേതാണ്. പ്രവാചകന്മാർക്കിടയിൽ യാതൊരു വ്യത്യാസവും കല്പിക്കാതെ എല്ലാവരേയും വിശ്വസിക്കാനാണ് ഖുർആന്റെ കല്പന. മുസ്‌ലിംകൾക്ക് പൂർവ്വിക പ്രവാചകന്മാരെ വിശ്വസിച്ചാൽ മാത്രം പോര അവർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഖുർആൻ പറയുന്നു: '***അവർ എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാ സം കല്പിക്കുന്നില്ല (എന്നവർ പറയും)*** (2:286)

ലോകത്തിലെ എല്ലാ ജനവർഗ്ഗങ്ങളിലും ദൈവം ദൂതന്മാരെ അയച്ചിട്ടുണ്ടെന്നും ആ ദൂതന്മാരിലെല്ലാം വിശ്വസിക്കൽ തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണെന്നും ഇസ്‌ലാം പ്രഖ്യാപിക്കുന്നു. മാത്രമല്ല, ഇസ്‌ലാം ഗോത്രീയമായ യാതൊരു പരിഗണനയുമില്ലാതെ വിശ്വാസ സമൂഹത്തെയാണ് അഭിസംബോധനം ചെയ്യുന്നത്. ഈ പ്രത്യേകതകളാണ് ഇസ്‌ലാം മതത്തെ സാർവ്വജനീന മതമാക്കി മാറ്റുന്നത്.

മാത്രമല്ല, മതങ്ങളെ ദൈവം അവതരിപ്പിച്ച കാലാനുക്രമ പട്ടിക നോക്കിയാൽ ഇസ്‌ലാം മതം മതപരിണാമത്തിന്റെ പരിപൂർത്തി വന്ന കാലഘട്ടത്തിൽ ഒടുവിലായി അവതരിച്ച മതമാണ്. അതിനുശേഷം മതകുടുംബത്തിൽ പുതിയ മതങ്ങൾ ഉത്ഭവിച്ചായി കാണുവാനും സാധ്യമല്ല.

## മോക്ഷവും മതങ്ങളും

ഇസ്‌ലാം മതത്തിന്റേയും ഇസ്‌ലാം മതത്തിന് മുമ്പ് ആവിർഭവിച്ച മതങ്ങളുടേയും മോക്ഷത്തെ സംബന്ധിച്ച അവകാശവാദത്തിൽ വ്യത്യാസങ്ങളുണ്ട്. വാസ്തവത്തിൽ അന്യമതവിശ്വാസികളെ പേരെടുത്ത് പറഞ്ഞ് അഭിസംബോധന ചെയ്തുകൊണ്ട് അവർക്ക് ആത്മീയ സാന്ത്വനം നൽകുന്ന വിശുദ്ധ ഖുർആന്റെ വിശാലമായ സാർവ്വജനീന മതദർശനം മറ്റൊരുമതത്തിലും കാണാത്തതാണ്. മധ്യകാല മനഃസ്ഥിതിക്കാരായ സങ്കുചിത മുസ്‌ലിം പൗരോഹിത്യം തിരിച്ചറിയാത്തതോ തുറന്നു കാട്ടാത്തതോ ആയ അന്യാദൃശമായ ഇസ്‌ലാമിന്റെ ഈ വശത്തെ സംബന്ധിച്ച് അഹ്മദിയ്യാ ഖലീഫയുടെ വിവരണം ശ്രദ്ധിക്കുക. മോക്ഷം ഒരു മതത്തിന്റേയും കുത്തകയാക്കാൻ സാധ്യമല്ല (Salvation cannot be monopolised by any single religion) എന്ന ഉപശീർഷകത്തിൽ Islam's response to contemporary issues എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

*"നിർഭാഗ്യകരമെന്ന് പറയട്ടെ തങ്ങളുടെ വിശ്വാസവുമായി യോജിച്ചു പോകാത്തവർക്കെതിരെ നില്ക്കുക എന്നത് ലോകത്തിലെ മിക്ക മതപുരോഹിതന്മാരുടെയും സമീപനമായി കാണപ്പെടുന്നു. മധ്യകാലഘട്ടത്തിലെ മിക്ക മുസ്‌ലിം പണ്ഡിതന്മാരും ഇസ്‌ലാമിനെ പോലും അവതരിപ്പിച്ചത് ഇസ്‌ലാം മതത്തിന്റെ ആവിർഭാവത്തിനുശേഷം ഇസ്‌ലാം മതത്തിന് പുറത്തു ജീവിച്ചു മരിച്ച ആദം സന്തതികൾക്കെല്ലാം മോക്ഷം നിഷേധിക്കപ്പെടും എന്ന അർത്ഥത്തിൽ ഇസ്‌ലാം മാത്രമാണ് മോക്ഷത്തിന്റെ ഒരേയൊരു കവാടം എന്ന നിലക്കാണ്. ക്രിസ്തുമതവും ഇതിൽ നിന്നും വിഭിന്നമായ ഒരു വീക്ഷണമല്ല അവതരിപ്പിക്കുന്നത്. എന്റെ അറിവിൽ പെട്ടിടത്തോളം മറ്റു മതങ്ങളും ഇതേ വീക്ഷണം തന്നെയാണ് അവതരിപ്പിക്കുന്നത്.*

*എന്റെ ശ്രോതാക്കൾ ഞാൻ പറയുന്നത് വിശ്വസിച്ചാലും. അന്യമതവിദ്വേ ഷപരവും സങ്കുചിതവുമായ ഈ വീക്ഷണം ഇസ്‌ലാമിനു നേരെ ആരോപിക്കുന്നതിന് യാതൊരു നീതീകരണവുമില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആന് പറയാനുള്ളത് തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ്.*

*വിശുദ്ധ ഖുർആൻ പ്രകാരം മോക്ഷം എന്നത് ലോകത്തിലെ യാതൊരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല. പുതിയ സത്യങ്ങൾ വെളിപ്പെടുകയും പ്രകാശത്തിന്റെ പുതിയ കാലഘട്ടങ്ങൾ ഉദയം ചെയ്യുകയും ചെയ്താൽ പോലും ആദ്യവസാനം വരെ തങ്ങളുടെ സ്വന്തം തെറ്റിനാലല്ലാതെ, അറിവില്ലായ്മയുടെ ഒരു ജീവിതം നയിക്കുന്ന ഒരു കൂട്ടർ, അവരാകട്ടെ തെറ്റായ ആശയങ്ങളുടെ പിൻമുറക്കാരായിരുന്നാൽ പോലും സത്യസന്ധമായ ഒരു ജീവിതം അവർ പൊതുവേ നയിക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവർക്ക് ദൈവത്തിൽ നിന്നുള്ള മോക്ഷം നിഷേധിക്കപ്പെടുകയില്ല."* (തുടരും)

■

## പരീക്ഷണം

അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു. എന്നു പറയുന്ന സഹനശീലർക്ക് നീ സുവാർത്ത അറിയിക്കുക ***(വി. ഖു. 2:156,157)***

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 11

# ഇസ്‌ലാമിന്റെ പേരിലുള്ള 'തീവ്രവാദ' ത്തിന്റെ അടിവേരുകൾ....

**മുസ്‌ലിംകളിലെ തീവ്രവാദവും ഭീകരവാദവും തങ്ങളുടെ ജിഹാദി സിദ്ധാന്തത്തിന്റെ പേരിൽ ന്യായീകരിച്ചിരുന്ന ജമാഅത്തെ ഇസ്‌ലാമി ജനരോഷത്തെ തുടർന്ന് ഇപ്പോൾ നില പാടു മാറ്റുകയാണ്.**

**1992**-ൽ കേരളത്തിൽ 'തീവ്ര വാദ' വിഷയം ചർച്ചയല്ലാതിരുന്ന സമയത്ത്, കാശ്മീരിലെ ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദ പ്രവർത്തനങ്ങളെ അഭിമാനപൂർവ്വം തങ്ങളുടെ വളർച്ചയുടെ മാനദണ്ഡമാക്കി 50 വർഷത്തെ പ്രവർത്തന മികവായി കേരള ജനതക്കിടയിൽ "പ്രബോധനം, 50-ാം വാർഷികപതിപ്പ്"ൽ അച്ചടിച്ച് വിതരണം ചെയ്യുമ്പോൾ, ഇങ്ങനെയൊരു ദുര്യോഗം അവർക്ക് വന്നു ഭവിക്കുമെന്ന് കേരള ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർ ചിന്തിച്ചിട്ടുണ്ടാവില്ല. അതുകൊണ്ട് തന്നെയാണ്, 'തീവ്രവാദ'വുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് കാണിക്കാൻ നിരന്തരം 'സമാധാന വാദ' പ്രസ്താവനകളുമായി അവർ ഓടി നടക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു പണ്ഡിതൻ എഴുതുന്നു: ''അതിന് (ജമാഅത്തെ ഇസ്‌ലാമിക്ക്) മറ്റു നാടുകളിലെ ഒരു പ്രസ്ഥാനവുമായും ഒരു ബന്ധവുമില്ല."

- പി.പി. അബ്ദുറഹ്മാൻ പെരിങ്ങാടി, കേരള ശബ്ദം - 2010 മാർച്ച് 28

ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു മുഖം മാത്രം ദർശിച്ച കേരള മദ്യവിമോചന സമിതി ഡയറക്ടർ എഴുതുന്നു: "ഇൻഡ്യയിലെ ജമാഅത്തിന്, ഇൻഡ്യക്ക് പുറത്തും കാശ്മീരിലെ സംഘടനകളുമായും ഒരു ബന്ധവും ഇല്ല.'' ഇ.എ. ജോസഫ്, 'മാധ്യമം' ദിനപത്രം പേജ് - 6, 30-5-2010

എന്നാൽ മേൽവരികൾ കളവാണെന്ന്, ജമാഅത്തെ ഇസ്‌ലാമിയുടെ അസിസ്റ്റൻറ് അമീറായ ശൈഖ് മുഹമ്മദ് കാരക്കുന്നിന്റെ ആധികാരിക വാക്കുകളിലൂടെ ആർക്കും വ്യക്തമാകുന്നതാണ്. അദ്ദേഹം പറയുന്നു; "ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ ഇന്ത്യയിലോ പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇൻഡ്യാ ഉപഭൂഖണ്ഡത്തിൽ തന്നെ ഇതേ പേരും വേരുമുള്ള ആറു സംഘടനകളുണ്ട്."

പ്രബോധനം - ജമാഅത്തെ ഇസ്‌ലാമി 50-ാം വാർഷികപ്പതിപ്പിന്റെ തുടക്കത്തിൽ തന്നെ മേൽവരികൾ എഴുതി എന്ന് മാത്രമല്ല; കേരളത്തിലെ വാർഷികപതിപ്പിൽ പ്രസ്തുത 6 സംഘടനകളുടെ ചരിത്രവും വളർച്ചയും വളരെ അഭിമാനപൂർവ്വം എഴുതിച്ചേർത്തിട്ടുമുണ്ട്. ഇതൊന്നും പെരിങ്ങാടിയും ജോസഫും വായിച്ചു നോക്കിയിട്ടില്ലേ? ഇത് കൂടാതെ, ഇന്ന് ലോകത്ത് തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും വിളനിലമായി അറിയപ്പെടുന്ന അഫ്ഗാനിസ്ഥാനിലെ 'ധീര ജിഹാദി'നെ തങ്ങളുടെ അക്കൗണ്ടിലേക്ക് വരവ് വെച്ചുകൊണ്ട് പ്രസ്തുത വാർഷിക പതിപ്പിൽ - **'മൗദൂദിയും അഫ്ഗാൻ ജിഹാദും'** എന്ന തലക്കെട്ടിൽ, 151-ാം പേജിൽ സായുധരായ തീവ്രവാദികളുടെ ഫോട്ടോ കൊടുത്തുകൊണ്ട് അഭിമാനപൂർവ്വം എഴുതുന്നു:

"അഫ്ഗാൻ മുജാഹിദുകളുടെ സപ്തകക്ഷിസഖ്യമായ ഇത്തി

ഹാദെ ഇസ്‌ലാമിയുടെ നേതാക്കളി ലൊരാളാണ് ഖാദി മുഹമ്മദ് അമീൻ ... അഫ്ഗാൻ ജിഹാദിൽ മൗലാനാ മൗദൂദിക്കുള്ള സ്വാധീനത്തിലേക്ക് വെളിച്ചം വീശുകയാണദ്ദേഹം.

ലോകത്തിന്റെ വിവിധ ഭാഗങ്ങ ളിലുള്ള ഇസ്‌ലാമിക വ്യക്തിത്വ ങ്ങളെ ഞങ്ങൾ പരിചയപ്പെട്ടിരുന്നു. അവരുടെയെല്ലാം പുസ്തകങ്ങൾ വായിക്കുകയും ചെയ്തിരുന്നു. ഇങ്ങനെയാണ് മൗലാനാ മൗദൂദി യെയും ആദ്യമായി പരിചയപ്പെടു ന്നത്. രിസാലെ ദീനിയ്യാത്ത് (ഇസ് ലാംമതം) ആണ് ഞാൻ ആദ്യമായി വായിച്ച മൗദൂദി കൃതി. പിന്നെ മറ്റു പുസ്തകങ്ങളും.

1969-ൽ കാബൂൾ യൂനിവേ ഴ്സിറ്റിയിൽ പഠിക്കുന്ന കാലത്താണ് മൗലാനാ മൗദൂദിയുമായി യഥാർത്ഥ ത്തിൽ പരിചയപ്പെട്ടത്. അഫ്ഗാനി സ്ഥാനിൽ സംഘടിത ഇസ്‌ലാമിക പ്രസ്ഥാനം ആരംഭിച്ച കാലമാണത്. ഇസ്‌ലാമിക പ്രസ്ഥാനം സംഘടി തവും വ്യവസ്ഥാപിതവും രഹസ്യ വുമായ പ്രവർത്തനങ്ങൾക്ക് തുട ക്കം കുറിച്ചപ്പോൾ ഞങ്ങൾ ഇസ് ലാമിക പ്രസ്ഥാന നായകന്മാരുടെ ഗ്രന്ഥങ്ങൾ കഴിയുന്നത്ര ശേഖരി ക്കാനും പഠിക്കാനും തീരുമാനിച്ചു. അങ്ങനെ സയ്യിദ് മൗദൂദി... തുടങ്ങി യവരുടെയെല്ലാം കൃതികൾ ശേഖ രിച്ച് ഞങ്ങൾ പഠനം തുടങ്ങി.

1975-ൽ പാകിസ്താനിലേക്ക് ഹിജ്റ ചെയ്ത് വന്നപ്പോൾ, മൗദൂദി കൃതികൾ കൂടുതൽ പ്രയോജനപ്പെ ടുത്താൻ സാധിച്ചു. ഇക്കാലത്ത് മൗദൂദിയുമായി പല തവണ കൂടി ക്കാഴ്ച നടത്തിയിട്ടുണ്ട്. അദ്ദേഹ ത്തിന്റെ വസതിയിൽ വെച്ചായിരു ന്നു ഈ കൂടിക്കാഴ്ചകൾ. അഫ്ഗാ നിസ്ഥാനിലെ ഇസ്‌ലാമിക പ്രസ്ഥാ നത്തെക്കുറിച്ച് അദ്ദേഹവുമായി ഞങ്ങൾ ആശയവിനിമയം നടത്തു കയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേ ശനിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

'സായുധ പോരാട്ടം' ആരംഭി ക്കുന്നതിന് മുമ്പും ഞങ്ങളദ്ദേ ഹത്തെ ചെന്ന് കണ്ടിരുന്നു."

- ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷിക പതിപ്പ് പേജ് 151, 152.

അഫ്ഗാനിസ്ഥാനിലെ 7 തീവ്ര വാദ സായുധ ഗ്രൂപ്പുകളുടെ നേതാ വിന്റെ മൗദൂദി ആശയങ്ങളുമാ യുള്ള അഗാധമായ ബന്ധത്തിന്റെ വാക്കുകളാണ് മുകളിൽ എഴുതിയ ത്. ചുരുക്കത്തിൽ അഫ്ഗാനിസ്ഥാ നിൽ നടന്നുകൊണ്ടിരിക്കുന്ന തീവ്ര വാദ-സായുധ ജിഹാദിനുള്ള ഏറ്റ വും വലിയ പ്രചോദനം മൗലാനാ മൗദൂദിയാണെന്ന് അർത്ഥശങ്കക്കിട യില്ലാത്തവിധം കേരള ജമാഅത്തെ ഇസ്‌ലാമി വ്യക്തമാക്കിയിരിക്കുന്നു. അതിൽ അവർ അഭിമാനിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണല്ലോ കാശ്മീരിലെ സായുധജിഹാദും അഫ്ഗാനിലെ സായുധ ജിഹാദും 50-ാം വാർഷികപതിപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ 50 വർഷത്തെ പ്ര വർത്തനമികവിനുള്ള ഉദാഹരണ മായി എഴുതിച്ചേർത്തിരിക്കുന്നത്. ഒരേ പേരും വേരുമുള്ള 6 സംഘട നകൾ ഏതൊക്കെയെന്ന് വിലയിരു ത്തുന്നത് രസാവഹമായിരിക്കും.

1) ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമി. 2) കാശ്മീർ ജമാ അത്തെ ഇസ്‌ലാമി. 3) പാക്കി സ്താൻ ജമാഅ ത്തെ ഇസ്‌ലാമി. 4) ബംഗ്ലാദേശ്. 5) അഫ്ഗാനിസ്ഥാൻ 6) ശ്രീലങ്ക. ഇതിൽ ഇൻഡ്യയിലും (കാശ്മീർ ഒഴിച്ച്) ശ്രീലങ്കയിലും മാത്രമാണ് സായുധ ജിഹാദിന്റെ വേര് ഉറക്കാതെയുള്ളത്. ബാക്കി നാല് സ്ഥലത്തും സായുധ പോരാ ട്ടങ്ങളും, പ്രക്ഷോഭങ്ങളും കലാപ ങ്ങളും നടത്തി ഹുകൂമത്തെ ഇലാ ഹിക്ക് വേണ്ടി പോരാടികൊണ്ടിരി ക്കുകയാണ്. ഇതിന്റെ പേരിൽ കശ്മീരിന്റെ താഴ്‌വരകളിൽ, അഫ് ഗാൻ മലഞ്ചെരുവുകളിൽ, പാകി സ്താനിൽ, ബം ഗ്ലാദേശിൽ ആയിര ക്കണക്കിന് യുവാക്കൾ ആവേശഭ രിതരായി സായുധരായി 'ഇസ്‌ലാമി ന്റെ പേരിൽ തീവ്രവാദപ്രവർത്തന ങ്ങൾ നടത്തുന്നു. മൗദൂദിയുടെ 'തീവ്രവാദ'വാക്കുകളാണ്. ഇതി നുള്ള പ്രചോദനമെന്നത് ജമാ അത്തെ ഇസ്‌ലാമിയുടെ ഐ.പി. എച്ച്. പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ തന്നെ സാക്ഷ്യം പറയുന്നുണ്ട്.

എന്തായിരുന്നു മൗദൂദി തൊടു ത്തുവിട്ട തീവ്രവാദ വാക്കുകൾ? അതു നമുക്കൊന്ന് പരിശോധനാവി ധേയമാക്കാം. "മതേതരത്വം, ദേശീ യതത്വം, ജനാധിപത്യം, ഒരു താ ത്വിക വിശകലനം" എന്ന പേരിൽ 2007-ൽ ഐ.പി.എച്ച്. പ്രസിദ്ധീക രിച്ച ഗ്രന്ഥത്തിൽ മൗദൂദി എഴു തുന്നു:

**"നമ്മുടെ വിരോധം** കേവലം മതേതര-ദേശീയ-ജനാധിപത്യവ്യവ സ്ഥിതിയോടാണ്. അതിനെ ചലിപ്പി ക്കുന്ന കൈകൾ ഹിന്ദുവിന്റേയോ, മുസൽമാന്റേയോ, പാശ്ചാത്യന്റേ യോ, പൗരസ്ത്യന്റേയോ ആരുടെ തന്നെയായാലും കൊള്ളാം. ഏതു നാട്ടിൽ, ഏത് ജനതയുടെ മേൽ **ഈ ഭയങ്കരവിപത്ത്** അടിച്ചേല്പിക്കപ്പെ ടുന്നതായാലും അവിടത്തെ ദൈവ ദാസന്മാരെ നാം **ശക്തിയുക്തം** ആഹ്വാനം ചെയ്യുന്നതായിരിക്കും. **ആ വിപത്തിനെക്കുറിച്ച്** ജാഗരൂക രാകുവാൻ! അതിനെ **തുടച്ചുമാറ്റി** ഒരു ഉത്തമ സാമൂഹിക വ്യവസ്ഥി തി സ്ഥാപിക്കുവാൻ!! (പേജ് : 16)

"മുസൽമാന്മാരെ സംബന്ധി ച്ചിടത്തോളം, ഞാനിതാ അവരോട് തുറന്നു പ്രസ്താവിക്കുന്നു. ആധു

നിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ **ഇസ്‌ലാമിനും ഈമാനിനും കടകവിരുദ്ധമാണ്.** നിങ്ങളതിന്റെ മുമ്പിൽ സർവ്വാത്മനാ തല കുനിക്കുകയാണെങ്കിൽ നിങ്ങളുടെ വിശുദ്ധ ഖുർആനെ പിറകോട്ടു വലിച്ചെറിയലായിരിക്കും. നിങ്ങളതിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും പങ്കുവഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതനോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. നിങ്ങളതിന്റെ കൊടി പിടിക്കുകയാണെങ്കിൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജ്യദ്രോഹക്കൊടി ഉയർത്തലായിരിക്കും. ഏതൊരു പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളെന്ന് നിങ്ങൾ സ്വയം അവകാശപ്പെടുന്നുണ്ടോ അതിന്റെ ആത്മാവും ഈ **അവിശുദ്ധ വ്യവസ്ഥിതി**യുടെ ആത്മാവും തമ്മിൽ **തുറന്ന സമരത്തിലാണ്.** അതിന്റെ മൗലികതത്ത്വങ്ങളും ഇതിന്റെ മൗലികതത്ത്വങ്ങളും **തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്.** അതിന്റെ ഓരോ ഘടകവും ഇതിന്റെ ഓരോ ഘടകവുമായി **സന്ധിയില്ലാത്ത യുദ്ധമാണ്.** പ്രസ്തുത **വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല.** ആ വ്യവസ്ഥിതി അധികാരം വാഴുന്നിടത്ത് ഇസ്‌ലാം **വെറും ജലരേഖയായിരിക്കും.** ഇസ്‌ലാമിന് **സ്വാധീനമുള്ള ദിക്കിൽ** ആ വ്യവസ്ഥക്ക് **സ്ഥാനമുണ്ടാവുകയില്ല.** നിങ്ങൾ പരിശുദ്ധ ഖുർആനും തിരുദൂതരും ആവിഷ്കരിച്ച ഇസ്‌ലാമിലാണ് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെയായിരുന്നാലും ശരി, മതേതര ഭൗതികത്വസിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ **പ്രതിരോധിക്കുകയും** പകരം ദൈവവിശ്വാസത്തിലധിഷ്ഠിതമായ ആ മാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർത്ഥം **സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത 'മതകർത്തവ്യം'** മാത്രമാകുന്നു. നിങ്ങൾക്ക് ഒരു പ്രത്യേക ജനതയെന്ന നിലയിൽ സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവും, ലഭിക്കുന്നേടത്ത് വിശേഷിച്ചും. യഥാർത്ഥ ഇസ്‌ലാമിക വ്യവസ്ഥിതിക്ക് പകരം, **ഈ 'കുഫ്ർ' വ്യവസ്ഥയാണ്** നിങ്ങൾ സ്വന്തം കരങ്ങൾ കൊണ്ട് നിർമിച്ചു നടത്തുന്നതെങ്കിൽ പിന്നെ നിങ്ങളോട് എനിക്കൊന്നും പറയാനില്ല. (മൗദൂദി അതേ പുസ്തകം പേജ് 22).

"ദേശീയ മതേതര ജനാധിപത്യ വ്യവസ്ഥിതിക്കെതിരിൽ, ഒരു ദൈവിക മാനുഷിക ജനപ്രാതിനിധ്യവ്യവസ്ഥിതിയുടെ സംസ്ഥാപനം. അതത്രേ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം." (പേജ് - 21)

"പ്രസ്തുത നാഗരിക - രാഷ്ട്രീയ വ്യവസ്ഥയുടെ നിയന്ത്രണവും ഭരണവും ദൈവഭക്തരും ദൈവാനുസാരികളുമായ ദൈവദാസന്മാരുടെ കരങ്ങളിൽ മാത്രമേ അർപ്പിക്കാൻ പാടുള്ളൂ." (പേജ് -21)

"അങ്ങനെ തങ്ങളുടെ കഴിവും സ്വാധീനവും വികസിച്ചിടങ്ങളിലെല്ലാം, മനുഷ്യന്റെ ചിന്താപരവും സദാചാരപരവും നാഗരികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതവ്യവസ്ഥിതിയെ ആധുനിക നാസ്തികത്വത്തിന്റെയും പദാർത്ഥവാദത്തിന്റെയും അടിത്തറകളിൽ നിന്ന് **പിഴുതെടുത്ത്,** യഥാർത്ഥ ദൈവവിശ്വാസത്തിന്റെ - 'തൗഹീദി'ന്റെ അടിത്തറമേൽ കെട്ടിയുറപ്പിക്കുക. ഇതാണ് നമ്മുടെ ഈ ജമാഅത്ത് (പാർട്ടി) രംഗത്തു വന്നതിന്റെ ഉദ്ദേശ്യം. (പേജ് - 5).

മൗദൂദിയുടെ ഈ ഒരു പുസ്തകത്തിലെ വരികൾ മാത്രം നാം വിശകലനം ചെയ്യുകയാണെങ്കിൽ മൗദൂദിയുടേയും ജമാഅത്തെ ഇസ്‌ലാമിയുടേയും കാഴ്ചപ്പാടിൽ:-

* മതേതര - ദേശീയ - ജനാധിപത്യം: അതവർക്ക് വിരോധമാണ്. * അത് ഭയങ്കര വിപത്താകുന്നു. * ശക്തിയുക്തം അവർ ആഹ്വാനം ചെയ്യുമെന്ന്. * ആ വിപത്തിനെക്കുറിച്ച് ജാഗരൂകരാകുവാൻ. * അതിനെ തുടച്ച് മാറ്റണമെന്ന്. * പകരം വ്യവസ്ഥിതി സ്ഥാപിക്കണമെന്ന്. *മുസ്‌ലിംകളോടുള്ള തുറന്ന പ്രഖ്യാപനം. * അത് ഇസ്‌ലാമിനും ഈമാനിനും കടകവിരുദ്ധമാണ്. * അതിനെ അനുസരിച്ചാൽ - ഖുർആനെ പുറകോട്ട് വലിച്ചെറിയൽ. * അതിന്റെ നടത്തിപ്പിലും സ്ഥാപനത്തിലും പങ്ക് വഹിച്ചാൽ - തിരുദൂതനോടുള്ള കടുത്ത വഞ്ചന. *അതിന്റെ കൊടിപിടിച്ചാൽ - ദൈവത്തിനെതിരെ രാജ്യദ്രോഹക്കൊടി. * അത് അവിശുദ്ധ വ്യവസ്ഥിതി. * അതും ഇസ്‌ലാമും തമ്മിൽ തുറന്ന സമരത്തിൽ. * അതും ഇസ്‌ലാമിക തത്ത്വങ്ങളും തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്. അവ തമ്മിൽ സന്ധിയില്ലാത്ത യുദ്ധമാണ്. അതുമായി ഇസ്‌ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല. ആ വ്യവസ്ഥിതിയുള്ളിടത്ത് ഇസ്‌ലാം വെറും ജലരേഖ. ഇസ്‌ലാമിന് സ്വാധീനമുള്ള സ്ഥലത്ത് അതിന് ഒരു സ്ഥാനവുമില്ല. യഥാർത്ഥ വിശ്വാസികൾ, എവിടെയായിരുന്നാലും ഇതിനെ പ്രതിരോധിക്കണം. പകരം 'ഹുകൂമത്തെ ഇലാഹി' (ദൈവികഭരണം) സ്ഥാപിക്കാൻ സമരം ചെയ്യണം. ഇത് ഒഴിച്ചുകൂടാനാവാത്ത 'മതകർത്തവ്യ'മെന്ന്. യഥാർത്ഥ ഇസ്‌ലാമിക വ്യവസ്ഥിതിയല്ലാത്ത എല്ലാ വ്യവസ്ഥിതികളും 'കുഫ്റ്' വ്യവസ്ഥിതികളെന്ന്. ഭരണനിയന്ത്രണം യഥാർത്ഥ വിശ്വാസികൾ മാത്രം (അഥവാ ജമാഅത്തെ ഇസ്‌ലാമിക്കാർ). ഇസ്‌ലാമിക വ്യവസ്ഥി

തികളല്ലാത്ത വ്യവസ്ഥിതികളെ പിഴുതെടുത്ത് ഇസ്‌ലാമിക ഭരണം സ്ഥാപിക്കുക. ഇതിന് വേണ്ടിയാണ് ജമാഅത്തെ ഇസ്ലാമി എന്ന പാർട്ടി രംഗത്ത് വന്നത്.

ഇസ്‌ലാമിലെ നവോത്ഥാന നായകനെന്നും ചരിത്ര പുരുഷനെന്നും ജമാഅത്തെ ഇസ്ലാമി തന്നെ വിശേഷിപ്പിക്കുന്ന അതിന്റെ സ്ഥാപകനേതാവിന്റെ ഒരു ബുക്കിലെ മാത്രം തീവ്രവാദ വിസ് ഫോടനങ്ങളാണ് മുകളിൽ എഴുതിയത്. എന്നാൽ പ്രസ്തുത ബുക്ക് ആരംഭിക്കുമ്പോൾ അതിൽ–

1) അല്ലാഹുവിന്റെ നാമത്തിൽ ആരംഭിച്ചിട്ടില്ല.

2) ആ ബുക്കിൽ, തന്റെ വാദത്തിന് പ്രമാണമായി – വിശുദ്ധ ഖുർആനിലെ ഒരൊറ്റ വചനവും ഉദ്ധരിച്ചിട്ടില്ല.

3) നബി(സ)യുടെ ഒരു വചനം പോലും പ്രമാണമായി ഉദ്ധരിച്ചിട്ടില്ല.

ഇസ്‌ലാമിക പണ്ഡിതനെന്ന മേൽവിലാസമുള്ള മൗദൂദിയുടെ ബുക്കുകൾ വായിച്ച് പ്രസ്തുത തീവ്രവാദ ആഹ്വാനങ്ങൾ. ഹൃദയാത്മനാ സ്വീകരിച്ചുകൊണ്ട്, ലോകത്തിലെ ഏതെങ്കിലും രാജ്യത്ത് ജീവിക്കുന്ന മുസ്ലിം യുവാക്കൾ, തങ്ങളുടെ 'മതകർത്തവ്യങ്ങൾ' തിരിച്ചറിഞ്ഞ് ആവേശഭരിതരായി 'ഇസ്ലാമികഭരണം' സ്ഥാപിക്കാൻ, നിലവിലുള്ള ഭരണകൂടങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതിലൂടെയുള്ള ദുരന്തങ്ങളുടെ ഉത്തരവാദിത്തം, മൗദൂദിക്കല്ലാതെ മറ്റാർക്കാണ്? കാശ്മീരിന്റെ താഴ്‌വരകളിലും, അഫ്ഗാനിസ്ഥാനിലെ മലഞ്ചെരിവുകളിലും, എല്ലാം വലിച്ചെറിഞ്ഞ് ആയുധം കയ്യിലേന്തി ഇസ്ലാമിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന ആക്രമണങ്ങൾക്ക് ആരാണ് ഉത്തരവാദി? യൂണിവേർസിറ്റിയിലും, കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക്, കമ്മ്യൂണിസ്റ്റ് മുതലാളിത്ത പ്രത്യയശാസ്ത്രങ്ങളുടെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടി, പകരം വെക്കാനുള്ള പ്രത്യയശാസ്ത്രമെന്ന നിലയിൽ 'ഇസ്ലാമിക ഭരണത്തെ'ക്കുറിച്ച് സ്റ്റഡീക്ലാസുകൾ നൽകി, അതിനായി ജീവിതം സമർപ്പിക്കാൻ തയ്യാറാക്കിയ യുവസമൂഹമാണ് ഇന്ന് ലോകത്ത് ഈ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ പേരിൽ ചെയ്തുകൂട്ടുന്ന എല്ലാ അക്രമങ്ങളുടെയും മുമ്പിൽ 'ഇസ്ലാമികം' എന്ന് എഴുതിച്ചേർത്ത് അതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നു.

ലോകത്തിന്റെ ഏതെങ്കിലും കോണിൽ ഭരണകൂടത്തിനെതിരായി മുസ്ലിംകൾ സംഘടിച്ചാൽ, അത് സ്വന്തം വരവിൽ ചേർത്ത് അഭിമാനിച്ചിരുന്ന ഒരു കാലം ജമാഅത്തെ ഇസ്ലാമിക്കുണ്ടായിരുന്നു. അന്ന് തീവ്രവാദം അവരുടെ അഭിമാന ശൈലിയായിരുന്നു. ഇറാനിലെ വിപ്ലവവും, അഫ്ഗാനിൽ നിന്നും റഷ്യയെ തുരത്തിയതും ലോകം മുഴുവൻ ഇസ്ലാമിക ഭരണം കാഴ്ചവെക്കാൻ പോകുന്നുവെന്ന് മനഃക്കോട്ട കെട്ടി അവർ കാത്തിരുന്നു. പ്രബോധനത്തിന്റെ താളുകൾ അതിന്നായി നീക്കിവെച്ചു. എന്നാൽ ഇറാനിലെ അസ്ഥിരതയും, അഫ്ഗാനിലെ വിപ്ലവകാരികളുടെ കൂട്ടത്തല്ലുകളും, അമേരിക്കയുടെ ബോംബുവർഷവും ഒരു വശത്ത് പ്രതീക്ഷകൾക്ക് പോറലേൽപ്പിച്ചപ്പോൾ, ഇൻഡ്യയിൽ സംഘ്പരിവാറിന്റേയും, ഭരണകൂടത്തിന്റേയും തീവ്രവാദവേട്ടയിൽ പേടിച്ച് ഇപ്പോൾ ജമാഅത്തെ ഇസ്ലാമി നിലനിൽപിന്നായി ഹുകൂമത്തെ ഇലാഹിയും, ഇഖാമത്തുദീനും വലിച്ചെറിഞ്ഞു. തീവ്രവാദത്തോട് വിട പറഞ്ഞ്, നേതാവിനെപ്പോലും തള്ളിപ്പറയാൻ തയ്യാറായിരിക്കുന്നു. 'ജനാധിപത്യ'വുമായി യോജിക്കുന്ന ഒറ്റ പോയന്റുമില്ല' എന്ന് നേതാവ് പറഞ്ഞതിനെ കാറ്റിൽ പറത്തി, ഇപ്പോൾ കേരള ജമാഅത്തുകാർ ജനാധിപത്യത്തിന്റെ കാവൽക്കാരായി മാറിയ 'മാജിക്കും' സംഭവിച്ചുകഴിഞ്ഞു.

ജമാഅത്തെ ഇസ്ലാമി പണ്ഡിതൻ പ്രബോധനത്തിൽ എഴുതുന്നു:

"ഇൻഡ്യയിൽ നിലനിൽക്കുന്ന ജനാധിപത്യസംവിധാനം തകരുകയോ തളരുകയോ ചെയ്യാതെ **സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്ലാമി."**

"മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവും ഉദ്ഘോഷിക്കുന്ന ഇൻഡ്യൻ **മതേതരത്വം മഹത്തായ മൂല്യമാണെന്ന് ജമാഅത്തെ ഇസ്ലാമി വിശ്വസിക്കുന്നു."**

സദ്റുദ്ദീൻ വാഴക്കാട്, പ്രബോധനം 15-5-2010. പേജ് – 16, 17

'ഹുകൂമത്തെ ഇലാഹി' എന്ന ദൈവിക ഭരണത്തിൽ നിന്ന് തുടങ്ങിയ നീണ്ട 60 വർഷത്തെ ഗവേഷണഫലമായി കണ്ടെത്തിയ ഈ തത്വം പക്ഷേ, കേരള ജമാഅത്തെ ഇസ്ലാമിയുടേതാണ്. അന്ത്യശ്വാസം വലിക്കുന്ന പ്രസ്ഥാനത്തിന് തങ്ങളുടെ നേതാവ് കഷ്ടപ്പെട്ട് എഴുതിവെച്ച വാക്കുകളെ തള്ളികളയേണ്ടി വന്നു എന്ന് മാത്രമല്ല; മറ്റെല്ലാ മതേതര – ജനാധിപത്യ പ്രവർത്തകരെയും കവച്ച് വെച്ച് ഒരു പടി മുന്നിൽ നിന്ന് **"ഇൻഡ്യൻ മതേതരത്വം മഹത്തായ മൂല്യമാണെന്നും; അതിനെ സംരക്ഷിക്കാൻ ജമാഅത്തെ ഇസ്ലാമി പ്രതിജ്ഞാബദ്ധമാണെന്നും"** പറയേണ്ടി വന്നിരിക്കുന്നു."

എന്നാൽ, മൗദൂദിയുടെ വാക്കു

കൾക്ക് കടകവിരുദ്ധമായി പ്രബോധനം എഴുതുമ്പോഴും, ഐ.പി.എച്ച് മൗദൂദി കൃതികൾ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. കേരള ജമാഅത്തെ ഇസ്‌ലാമി ഹൂകൂമത്തെ ഇലാഹിയും, ഇഖാമത്തുദ്ദീനും വലിച്ചെറിഞ്ഞ് മതേതര ജനാധിപത്യക്കുപ്പായമണിഞ്ഞ് ബഹുസ്വര സമൂഹത്തിൽ ലയിക്കാനുള്ള തത്രപ്പാടിൽ ഓടിനടക്കുമ്പോൾ, മൗദൂദിയുടെ മേൽബുക്കുകൾ വായിച്ച് ആവേശം കൊണ്ട തടിയന്റവിട നസീറും, 'സിമി'യുടെ പ്രവർത്തകരും ഇന്ന് ജയിലറകളിലാണ്. ആരാണ് ഇതിന് ഉത്തരവാദികൾ? ജനാധിപത്യസംവിധാനത്തിനെതിരെ, മൗദൂദിയുടെ വാക്ക് കേട്ട് സന്ധിയില്ലാത്ത സമരം പ്രഖ്യാപിച്ച് ഇസ്‌ലാമിക ഭരണത്തിന് പരിശ്രമിക്കുന്ന ചെറുപ്പക്കാർ ഇന്ന് ഇൻഡ്യയിലും, പാക്കിസ്ഥാനിലും, ബംഗ്ലാദേശിലും, അഫ്ഗാനിലും ഏറ്റുമുട്ടികൊല്ലപ്പെടുന്നതിനും, മനുഷ്യബോംബായി ഹോമിക്കപ്പെടുന്നതിനും, എന്ത് ന്യായീകരണമാണ് ഇനി നിങ്ങൾ നൽകുക? കശ്മീരിലെ എത്രയോ യുവാക്കൾ പട്ടാളവുമായി ഏറ്റുമുട്ടി ഈ ലോകത്ത് നിന്നും വിടപറഞ്ഞു പോയി. എത്രയോ ഇൻഡ്യൻ പട്ടാളക്കാരെ വധിച്ചുകളഞ്ഞു! എത്രയെത്ര കുടുംബങ്ങൾ അനാഥമായി! എത്രയോ സഹോദരിമാർ വിധവകളായി! എത്ര യുവാക്കൾ ജയിലറകളിൽ കഴിഞ്ഞുകൂടുന്നു. ഇന്നും മലഞ്ചെരുവുകളിൽ ഇൻഡ്യൻ പട്ടാളക്കാരുമായി സന്ധിയില്ലാ സമരം ചെയ്യുന്നു. മൗദൂദിയുടെ വാക്കുകളിൽ ആവേശം പൂണ്ട കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയല്ലേ ഇതിനുത്തരവാദികൾ? ഇതിനെ ന്യായീകരിച്ചുകൊണ്ട് വാർഷികപതിപ്പിൽ എഴുതിയ ജമാഅത്തെ ഇസ്‌ലാമിക്ക് സമാധാനത്തിന്റെ സന്ദേശം നൽകാൻ എന്തവകാശമാണുള്ളത്?

തീവ്രവാദപ്രവർത്തനത്തിന്റെ പേരിൽ ഇന്ന് ഇൻഡ്യൻ ജയിലറകളിൽ കഴിഞ്ഞുകൂടുന്ന സിമി പ്രവർത്തകരാകുന്ന ചെറുപ്പക്കാർക്ക് ഈ ഗതി വന്നതിന് ഉത്തരവാദികളാരാണ്? മൗദൂദിയുടെ ഗ്രന്ഥങ്ങൾ വായിച്ച്, ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാരുടെ സ്റ്റഡീക്ലാസുകളിൽ നിന്നും വീര്യം സ്വീകരിച്ച് അക്ഷരാർത്ഥത്തിൽ, മൗദൂദി വിഭാവന ചെയ്ത ദൈവികഭരണത്തിന് വേണ്ടി - അത് 'മതകർത്തവ്യ'മെന്ന് ധരിച്ച് പരിശ്രമിച്ച സിമിയുടെ യുവാക്കൾ ജയിലറകൾക്കുള്ളിയാലതിന് മൗദൂദിയല്ലാതെ മറ്റാരാണ് കാരണക്കാരൻ? എന്നാൽ **'സിമിയുമായുള്ള ബന്ധം'** എന്ന പേരിൽ ശൈഖ് മുഹമ്മദ് കാരകുന്ന് - 14-3-2010ന് കേരളശബ്ദത്തിൽ പേജ് 29-ൽ എഴുതുന്നു:

"ജമാഅത്തെ ഇസ് ലാമി രൂപീകരിച്ച സംഘടനയല്ല സിമി, അതിന്റെ രൂപീകരണയോഗത്തിൽ പങ്കെടുത്ത വ്യക്തി എന്ന നിലയിൽ ഉറപ്പിച്ചു പറയാനാവും. ജമാഅത്ത് സിമി രൂപീകരണത്തിന് മുൻകയ്യെടുത്തിട്ടില്ല. അതിന്റെ രൂപീകരണയോഗത്തിൽ ഒരൊറ്റ ജമാഅത്ത് നേതാവും പങ്കെടുത്തിട്ടുമില്ല. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾ ചേർന്ന് സിമി രൂപീകരിക്കുകയായിരുന്നു."

തീവ്രവാദവുമായി ബന്ധപ്പെട്ട് സിമി നിരോധിക്കപ്പെടുകയും ; സമൂഹം അവരെ വെറുപ്പോടെ വീക്ഷിക്കുകയും ചെയ്ത സാഹചര്യത്തിൽ അഥവാ 2010-ലാണ് സിമിയിൽ നിന്നും ജമാഅത്തെ ഇസ്‌ലാമിയെ രക്ഷിക്കാൻ ശൈഖ് മുഹമ്മദ് കാരക്കുന്ന് മേൽവരികളെഴുതിയത്. എന്നാൽ, ഇതേ ശൈഖവർകൾ 1992-ൽ പ്രബോധനം ജമാഅത്തെ ഇസ്‌ലാമിയുടെ 50-ാം വാർഷിക പതിപ്പിൽ പേജ് 268-ൽ **'സിമി രൂപീകരണം'** എന്ന തലവാചകത്തിൽ എഴുതുന്നു: വായനക്കാർ വിലയിരുത്തുക:

"അങ്ങനെ കേരളത്തെ പ്രതിനിധീകരിച്ച് ഞങ്ങൾ രണ്ടുപേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേർന്നവരും രണ്ട് ദിവസം യോഗം ചേർന്നു. അവിടെ വെച്ചാണ് 'സിമി' രൂപീകരിക്കപ്പെട്ടത്. വിവിധ സംസ്ഥാനങ്ങളിൽ **ജമാഅത്തെ ഇസ്‌ലാമിയുടെ മേൽനോട്ടത്തിലും സഹായസഹകരണങ്ങളോടും** പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘടനാ പ്രതിനിധികളാണ് അലിഗറിൽ ഒത്തുകൂടിയത്. അതുകൊണ്ടുതന്നെ 'സിമി' രൂപീകരണവിവരം ജമാഅത്ത് **കേന്ദ്ര നേതൃത്വത്തെ അറിയിച്ച് സമ്മതവും ആവശ്യമായ ഉപദേശനിർദ്ദേശങ്ങളും** നേടാൻ പ്രസിഡണ്ടിനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്തിക്കൊണ്ടാണ് യോഗം പിരിഞ്ഞത്.

1977 ഏപ്രിൽ 25ന് സിമി രൂപീകരിക്കപ്പെട്ടുവെങ്കിലും കേരളഘടകം നിലവിൽ വന്നത് ഒക്ടോബർ 2ന് മാത്രമാണ്. **കോഴിക്കോട് ജമാഅത്തെ ഇസ്‌ലാമി ഓഫീസിൽ ഈ ലേഖകന്റെ അധ്യക്ഷതയിൽ** ചേർന്ന യോഗത്തിൽ വെച്ച് പി.എം.എ. സലാം ചെയർമാനായ 14 അംഗങ്ങളുള്ള അഡ്ഹോക് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഇതര സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും **ജമാഅത്തെ ഇസ്‌ലാമിയുടെ സഹായസഹകരണങ്ങളോടെയാണ് സിമി പ്രവർത്തിച്ചുകൊണ്ടിരുന്നത്."**

-ശൈഖ് മുഹമ്മദ് കാരക്കുന്ന്

മുൻ സിമി അധ്യക്ഷൻ, ഇപ്പോഴത്തെ ജമാഅത്തെ ഇസ്‌ലാമി അസി: അധ്യക്ഷൻ.

'തീവ്രവാദം' മുദ്രചാർത്തപ്പെട്ട

*(ശേഷം 42-ൽ)*

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 22**

ഏ.ക്യു മഹ്ദി

# റസൂൽ തിരുമേനി(സ)യുടെ രണ്ടാം ദൗത്യം ഇമാം മഹ്ദി(അ)യിലൂടെ പൂർത്തിയാകുന്നു

## അവസാനകാലത്തെ വാഗദത്ത മതപുരുഷൻ ആഗതനാകുന്നു

ഇമാം മഹ്ദിയുടെ നിയോഗത്തെപ്പറ്റി പരിശുദ്ധ ഖുർആനിൽ പ്രവചനരൂപത്തിൽ വന്ന ഒരു വാക്യവും ബന്ധപ്പെട്ട രണ്ടു നബിവചനങ്ങളും നമുക്കിവിടെ വായിക്കാം.

'അവൻ തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരുടെ ഇടയിൽ അവരിൽ നിന്നുതന്നെ ഒരു പ്രവാചകനെ നിയോഗിച്ചത്. അതുപോലെ, ഇതുവരെ അവരോടു ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും അദ്ദേഹത്തെ നിയോഗിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അതു നൽകുന്നതാണ്. അല്ലാഹു മഹത്തായ ഔദാര്യത്തിന്റെ ഉടമയത്രെ.'

നബി തിരുമേനി(സ) അരുൾ ചെയ്തതായി ബുഖാരിയിൽ പറയുന്നു:

'സത്യവിശ്വാസം കാർത്തിക നക്ഷത്രത്തിലേയ്ക്ക് ഉയർന്നുപോകുമ്പോൾ പാർസി വംശജനായ ഒരാൾ അതിനെ ഭൂമിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരികയും വീണ്ടും ലോകത്ത് സ്ഥാപിക്കുകയും ചെയ്യും'

കുറേക്കൂടി വ്യക്തമായ ഒരു സൂചനയാണ് താഴെ കുറിക്കുന്ന ഈ ഹദീസിൽ പറയപ്പെട്ടിട്ടുള്ളത്.

'ജനങ്ങളിൽ ആപത്തും നാശവും സംഭവിക്കുമ്പോൾ എന്റെ സമുദായത്തിൽ നിന്ന് മഹ്ദിയെ എഴുന്നേൽപ്പിക്കുമെന്ന സുവിശേഷം ഞാൻ നിങ്ങളെ അറിയിക്കുന്നു.'

(മുസ്നദ് അഹ്മദ്)

അഹ്മദ് എന്ന പ്രവാചകനെപ്പറ്റി ഖുർആനിൽ ഇപ്രകാരം ഒരു പ്രവചനമുണ്ട്. 'മറിയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭം ഓർക്കുക. എന്റെ മുമ്പിലുള്ള തൗറാത്തിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടും, എന്റെ പിറകെ വരാനുള്ള അഹ്മദ് എന്ന പേരായ ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിച്ചുകൊണ്ടും, നിങ്ങളുടെ അടുക്കലേയ്ക്ക് നിയുക്തനായ അല്ലാഹുവിന്റെ ദൂതനാണു ഞാൻ. അങ്ങനെ അദ്ദേഹം പ്രത്യക്ഷത്തെളിവുകളോടുകൂടി അവരുടെയടുക്കൽ വന്നപ്പോൾ അവർ അംഗീകരിക്കാൻ തയ്യാറായില്ല. അദ്ദേഹം ഇസ്‌ലാമിലേയ്ക്ക് ക്ഷണിക്കപ്പെട്ടുകൊണ്ടി



രിക്കെ അല്ലാഹുവിന്റെ മേൽ കറ്റു കെട്ടി പറയുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? അക്രമികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല. (ശത്രുക്കൾ) അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്താൻ ശ്രമിക്കുന്നു. സത്യനിഷേധികൾ എത്ര തന്നെ വെറുത്താലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുക തന്നെ ചെയ്യും. എല്ലാ മതങ്ങളുടെയും മേൽ വിജയം കൈവരിക്കുന്നതിന് നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി തന്റെ ദൂതനെ അയച്ചവനാണ് അല്ലാഹു, ബഹുദൈവ വിശ്വാസികൾ എത്ര തന്നെ വെറുത്താൽ പോലും.'

ഇമാം മഹ്ദിയുടെ ആഗമനത്തെപ്പറ്റിയുള്ള സുവ്യക്തവും അർത്ഥപൂർണ്ണവുമായ ചില നബി വചനങ്ങൾ നമുക്കു ശ്രദ്ധിക്കാം.

'ഏതൊരുവന്റെ കൈകളിൽ എന്റെ ജീവൻ ഇരിക്കുന്നുവോ അവനാണെ സത്യം 'നീതിമാനായ വിധികർത്താവായി ഈസബ്നുമറിയം നിങ്ങളിൽ പ്രത്യക്ഷപ്പെടും. അദ്ദേഹം കുരിശ് ഉടയ്ക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും. ' (ബുഖാരി).

'മഹ്ദിയല്ലാതെ ഈസയില്ല' (ഇബ്നു മാജ) എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു നബിയില്ല. അദ്ദേഹം തീർച്ചയായും ഇറങ്ങും' (അബൂദാവൂദ്)

സഹീഹ് മുസ്ലിമിൽ, വരാനിരിക്കുന്ന മസീഹിനോടു 'നബി' എന്ന പദം ചേർത്തു നാലുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**മഹ്ദിയുടെ ആവിർഭാവ കാലം** – '1240 വർഷം കഴിഞ്ഞാൽ അല്ലാ ഹു ഇമാം മഹ്ദിയെ എഴുന്നേൽ പ്പിക്കും' (അന്നജ്മുസ്സാഖിബ്) രാജ്യം – 'ഇമാം മഹ്ദി പ്രത്യക്ഷപ്പെടുന്നത് ഇന്ത്യയിലായിരിക്കും' (അന്നജ്മുസ്സാഖിബ്) സ്ഥലം – 'ഖദ്അ' എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്ത് ഇമാം മഹ്ദി വെളിപ്പെടും. (റുവാഹിറുൽ അസ്റാർ)

**വംശം** – 'പേർഷ്യൻ വംശജരായിരിക്കും' (ബുഖാരി).

**നാമം** – 'ഇമാം മഹ്ദിയുടെ നാമം' അഹ്മദ് എന്നായിരിക്കും (അൽഫത്താവാ ഹദീസിയ്യാ)

ജമാഅത്തിന്റെ പേര് – മഹ്ദിയുടെ ജമാഅത്തിന്റെ പേര് 'അഹ്മദിയ്യാ ത്വരീഖത്ത്' എന്നായിരിക്കും' (മിർകാത്ത് – ശറഹുൽ മിശ്ക്കാത്ത്)

അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ ചില സന്ദർഭങ്ങളെപ്പറ്റിയും ഖുർആനിലുണ്ട്.

ഒന്ന് – 'ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും തന്നിരിക്കുന്നു. പിന്നെ നിങ്ങളുടെ അടുക്കലുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അരികിൽ വരുന്നതായാൽ തീർച്ചയായും അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്.'

രണ്ട് – 'ഓർക്കുക, നാം പ്രവാചകന്മാരിൽ നിന്ന് അവരുടെ കരാർ വാങ്ങിയ സന്ദർഭം. നിന്നിൽ നിന്നും, നൂഹ് – ഇബ്രാഹിം – മൂസ – ഈസ എന്നിവരുടെ പക്കൽനിന്നും ദൃഢമായ കരാറത്രെ വാങ്ങിയത്.'

പ്രവാചകന്മാർ വരുമ്പോൾ വിശ്വസിക്കണമെന്ന് തങ്ങളുടെ ജനതകളുടെ വക്താക്കളായ പ്രവാചകന്മാരോട് അല്ലാഹു കരാർ വാങ്ങിയതായി മേലുദ്ധരിച്ച ആദ്യസൂക്തം പറയുന്നു.

രണ്ടാമത്തെ സൂക്തത്തിലാവട്ടെ, അല്ലാഹു മുഹമ്മദ് നബി(സ)യോട് പ്രത്യേകം കരാർ വാങ്ങിയതായും പറയുന്നു. റസൂൽ തിരുമേനി(സ)യ്ക്ക് ശേഷം വരുന്ന പ്രവാചകനെ മുസ്ലിംകൾ വിശ്വസിക്കണമെന്നും അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണമെന്നുമുള്ള ഒരു ഉടമ്പടിയെപ്പറ്റി താഴെ കുറിക്കുന്ന നബിവചനം വ്യക്തമായ സൂചന നൽകുന്നു.

'മഹ്ദിയുടെ ആവിർഭാവമുണ്ടായാൽ നിങ്ങൾ മഞ്ഞിൻകട്ടമേൽ ഇഴഞ്ഞു ചെന്നായാൽപോലും അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യേണ്ടതാണ്.' (കൻസൂൽ ഉമ്മാൽ)

സർവമതങ്ങളിലും പ്രവചിക്കപ്പെട്ട പരിഷ്കർത്താവായിരുന്നു ഹദ്റത്ത് അഹ്മദ് (അ)

മുസ്ലിംകൾക്കും, ക്രിസ്ത്യാനികൾക്കും, യഹൂദർക്കും, മാത്രമല്ല ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും കൺഫ്യൂഷിയസ്, സെറോസ്റ്റർ മതക്കാർക്കും അവരുടെ ഗ്രന്ഥങ്ങളിൽ യുഗാന്ത്യത്തിൽ ആഗതനാവുമെന്നു പ്രവചിക്കപ്പെട്ട വാഗ്ദത്ത പുരുഷൻ ഹദ്റത്ത് അഹ്മദ് (അ) ആണെന്ന് ദൈവം അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുത്തു.

എല്ലാ മതങ്ങളും ദൈവപ്രോക്തങ്ങളാണെന്ന് വിശ്വസിക്കുന്ന ഇസ്ലാം മതത്തിൽ മാത്രമേ അത്തരമൊരു സാർവ്വലൗകിക പ്രവാചകൻ വരാൻ സാധ്യതയുള്ളൂ. മുസ്ലിംകളുടെ മഹ്ദിയും മസീഹും ക്രിസ്ത്യാനികളുടെ മിശീഹായും ഹിന്ദുക്കളുടെ കൽക്കിയും, ബുദ്ധമതക്കാരുടെ മൈത്രേയനും താനാണെന്ന് അദ്ദേഹം വാദിച്ചു.

ഇമാം മഹ്ദിയുടെ അവതാരം സംബന്ധിച്ച് സുപ്രധാനവും സുനിശ്ചിതവുമായ രണ്ട് അടയാളങ്ങൾ ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ചുള്ള നബിവചനങ്ങൾ നമുക്കു

ശ്രദ്ധിക്കാം.

'നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആകാശഭൂമികൾ ഉണ്ടായതു മുതൽ ഇത്തരത്തിലുള്ള അടയാളം (മറ്റൊരു ദിവ്യാത്മാവിനു വേണ്ടിയും) ഒരു കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത്, ചന്ദ്രന് റംസാൻ മാസത്തിൽ (ഗ്രഹണത്തിനായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ 13, 14, 15) പ്രഥമരാത്രിയിലും, സൂര്യന് ഗ്രഹണത്തിനായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ 27, 28, 29) മദ്ധ്യപകലിലും ഗ്രഹണമുണ്ടാകുന്നതാണ്' (ദാറുഖുത്നി)

ഹിജ്റ 1311-ലെ റംസാൻ മാസത്തിൽ ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന രാത്രികളിൽ പ്രഥമ രാത്രിയായ 13-ന് (മാർച്ച് 21, 1894) ചന്ദ്രഗ്രഹണവും, സൂര്യന് ഗ്രഹണം സംഭവിക്കുന്ന ദിവസങ്ങളിൽ നടുവിലത്തെ ദിവസമായ 28ന് (ഏപ്രിൽ 6, 1894) സൂര്യഗ്രഹണവും സംഭവിച്ചു. ഈ അടയാളങ്ങൾ അടുത്തവർഷം അമേരിക്കൻ ഭൂഖണ്ഡത്തിലും ആവർത്തിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദി (അ) മഹ്ദീ മസീഹ് വാദം പുറപ്പെടുവിച്ച് അഞ്ചു വർഷത്തിനു ശേഷം അദ്ദേഹത്തെ തിരിച്ചറിയാൻ തിരുനബി(സ) നിർദ്ദേശിച്ച ഈ അടയാളങ്ങൾ കൃത്യസമയത്തുതന്നെ പുലരുകയായിരുന്നു.

അങ്ങനെ ഇമാം മഹ്ദി അവതരിച്ചു. വിശുദ്ധ ഖുർആനിലും റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിലുമുള്ള പ്രവചനങ്ങളുടെ നിറവിൽ ഇസ്‌ലാം മതത്തിൽ ആഗോള വിജയത്തിനായി ഇമാം മഹ്ദിയും മസീഹുമായി അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യെ നിയോഗിച്ചു.

ഇൻഡ്യയിലെ പഞ്ചാബ് പ്രവിശ്യയിൽ ഖാദിയാൻ എന്ന ഗ്രാമത്തിലെ പുരാതനവും കുലീനവുമായ പേർഷ്യൻ കുടുംബത്തിൽ 1835 ഫെബ്രുവരി 13-ന് അദ്ദേഹം ഭൂജാതനായി. 1908 മെയ് 26നാണ് അദ്ദേഹം ദിവംഗതനായത്. ■

*(16-ൽ നിന്ന് തുടർച്ച)*

പ്രചരിപ്പിക്കുന്നത്. കൊലയാളി പറഞ്ഞത് ഞങ്ങളുടെ പണ്ഢിതർ പറഞ്ഞു തരുന്നത് അഹ്മദികളെ കൊ ന്നാൽ പ്രതിഫലം ലഭിക്കും എന്നതാണ്. അതുകൊണ്ട് ലാഹോർ സംഭവം എനിക്ക് പ്രചോദനം നൽകി. അങ്ങനെ പ്രതിഫലം ലഭിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ കൊന്നത്. മാത്രമല്ല, പിടിച്ചപ്പോൾ അയാൾ പറഞ്ഞത് ഈ പ്രദേശത്ത് ഒരു അഹ്മദിയെപ്പോലും ഞങ്ങൾ ജീവനോടെ വെക്കില്ല എന്നാണ്. ഇവരുടെ അവസ്ഥയാണിത്. എന്നിട്ട് പറയുന്നത് തങ്ങളെ ലോകരുടെ മുമ്പാകെ അപകീർത്തിപ്പെടുത്തുകയാണിവർ എന്നാണ്. ലോകത്ത് നിങ്ങൾ സ്വയം അപകീർത്തിക്കർഹരായിത്തീരുകയാണ്.

അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ ശറ്റിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ദുആ കൂടുതലായി ചെയ്യുക. പരുക്കു പറ്റിയവർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവർക്ക് പെട്ടെന്ന് പൂർണ്ണ സൗഖ്യം നൽകുമാറാകട്ടെ. ■

*(24-ൽ നിന്ന് തുടർച്ച)*

യാണ് ഭീകരൻ നിലയുറപ്പിച്ചിരുന്നത്. എങ്ങനെയാണ് ഭീകരന്റെയടുത്ത് താൻ എത്തിയതെന്ന് തനിക്കറിയില്ല ബാജ്‌വ സാഹിബ് പറഞ്ഞു. അദ്ദേഹത്തിന്റെ കാലിന് ഇതിനകം പരുക്ക് പറ്റിയിട്ടുണ്ടായിരുന്നു. എങ്ങനെയെങ്കിലും ഇഴഞ്ഞ് ഞാൻ ഭീകരനരികിലെത്തി അവനെ കീഴ്പ്പെടുത്തി അവന്റെ മുകളിൽ കയറിയിരുന്നു. മറ്റു അഹ്മദികളും അപ്പോഴേക്ക് സഹായത്തിനെത്തിയിരുന്നു.

ചാവേറായ ഭീകരന് നരഹത്യ തുടരാനായില്ല എന്ന് ബോധ്യമായി. അവൻ തന്റെ സൂയിസൈഡ് ജാക്കറ്റിന് മുന്നിൽ സ്ഥാപിച്ച ഗ്രനേഡിലേക്ക് കൈവെച്ചു. മധ്യവയസ്കനായ ബാജ്‌വ സാഹിബ് സംഗതി തിരിച്ചറിഞ്ഞു. ചാവേർ സ്വയം പൊട്ടിത്തെറിക്കാനായിരുന്നു ശ്രമം. അവർ അവന്റെ കൈകൾ ഗ്രനേഡിൽ നിന്നും പിടിച്ചുമാറ്റി.

മുകളിലുണ്ടായിരുന്ന തോക്കുധാരിയായ ഭീകരന്റെ തോക്ക് പെട്ടെന്ന് പ്രവർത്തനരഹിതമായി. ഈ അവസരമുപയോഗിച്ച് മൂന്ന് ഖാദിംകൾ (യുവാക്കൾ) അവനെ തള്ളി നിലത്തിട്ടു. അവന് താൻ പിടിക്കപ്പെട്ടു എന്ന് ബോധ്യമായി. നിർഭാഗ്യമെന്നു പറയട്ടെ, അവനെ പിടികൂടിയ യുവാക്കൾക്ക് ആത്മഹത്യാ ജാക്കറ്റിന്നുള്ളിലെ ഗ്രനേഡിനെപ്പറ്റി അറിയില്ലായിരുന്നു. ചാവേറായ ഭീകരൻ ഗ്രനേഡിലെ പിന്ന് വലിച്ചുനീക്കുന്നതിൽ വിജയിച്ചു. ആ മൂന്ന് യുവാക്കളും ഭീകരനോടൊപ്പം സ്ഫോടനത്തിൽ ശഹീദായി. ഇന്നാലില്ലാഹി....

മോഡൽ ടൗൺ പള്ളിയിലെ വെടിവെപ്പ് കഴിഞ്ഞു 4 മണിക്കൂറിന് ശേഷവും പോലീസ് പള്ളിയിലെത്തിയിരുന്നില്ല. വിചിത്രമായിട്ടുള്ളത്.

*(ശേഷം 42 - ൽ)*

ചോദ്യോത്തരം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

# 'വടി' ഒഴിവാക്കുകയോ?

## സാന്ത്വനവും ശിക്ഷയും ഉചിതജ്ഞതയോടെ സമന്വയിപ്പിച്ച സംസ്കരണമാണ് വേണ്ടത്

കാരുണ്യത്തേയും പൊറുത്തുകൊടുക്കലിനേയും കുറിച്ചുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾ വധശിക്ഷ യുമായി എങ്ങനെ പൊരുത്തപ്പെടുത്താൻ കഴിയും എന്നതാണ് ചോദ്യം.

ഉത്തരം: ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

യൂറോപ്പിൽ പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ നിരവധി ചോദ്യോത്തരസദസ്സുകളിൽ ഈ ചോദ്യം ഞാൻ ആവർത്തിച്ചു വിശകലനം ചെയ്തിട്ടുണ്ട്.

സങ്കുചിതമായ പരിപ്രേക്ഷ്യത്തിൽ വെറുതെ 'അതെ', 'ഇല്ല' എന്ന് ഉത്തരം പറയുന്നതിനുപകരം ചോദ്യം മുഴുവനായി നാം വിശകലനം ചെയ്യേണ്ടതുണ്ട്. ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് കുറ്റം ചെയ്യുന്നവരോട് കാരുണ്യം കാണിക്കുകയെന്നതും മറ്റേത് അത്തരം കുറ്റവാളികൾക്ക് ഇരയാവുന്ന നിരപരാധികളോട് കാരുണ്യം കാണിക്കുകയെന്നതുമാണ്. കുറ്റവാളിയോട് കൂടുതൽ കാരുണ്യം കാണിക്കുമ്പോൾ അന്തിമമായി എന്തു സംഭവിക്കും എന്നതാണ് ഇവിടെ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം. ആരുടെ ചെലവിലാണ് നിങ്ങളിത് ചെയ്യുക? നിയമമനുസരിക്കുന്ന നിരപരാധികളായ പൗരന്മാരുടെ ചെലവിലാണെങ്കിൽ അത് കാരുണ്യമല്ല. അത് വേഷപ്രച്ഛന്നമായ കാരുണ്യമാണ്. അത് യഥാർത്ഥത്തിൽ ക്രൂരതയാണ്. അന്തിമവിശകലനത്തിൽ, "കുറ്റവാളിയോട് നമുക്ക് കരുണ കാണിക്കാം" എന്ന് പറയുന്നതുപോലെയാണത്. അതാവട്ടെ, നിരപരാധിയോടു കാണിക്കുന്ന ദയയില്ലായ്മയും ക്രൂരതയുമാണ്. ദൈവം മനുഷ്യപ്രകൃതി അറിയുന്നു. അവനാണ് സ്രഷ്ടാവ്. മുഹമ്മദാ(സ)ണ് വിശുദ്ധ ഖുർആൻ എഴുതിയത് എന്നൊരു തെറ്റിദ്ധാരണ പാശ്ചാത്യലോകത്ത് നിലനില്ക്കുന്നുണ്ട്. യഥാർത്ഥത്തിൽ, ദൈവമാണ് വിശുദ്ധ ഖുർആന്റെ 'എഴുത്തുകാരൻ'. വിശുദ്ധ ഖുർആനിൽ നാം കാണുന്ന നിയമങ്ങളൊന്നും മുഹമ്മദ് (സ) ഉണ്ടാക്കിയതല്ല. അവ സർവ്വകാലികനായ ദൈവമാണ് ഉണ്ടാക്കിയത്. അതിനു സ്ഥലകാല പരിമിതിയില്ല. ദൈവം ഇവയ്ക്കെല്ലാം ഉപരിയായി നിലകൊള്ളുന്നു. വിശുദ്ധ ഖുർആൻ അഭിസംബോധന ചെയ്തത് പഴയ കാലഘട്ടത്തിലുള്ള അറേബ്യൻ സമൂഹത്തെ അഥവാ സംസ്കാരത്തെയായിരുന്നു എന്ന് പറയുന്നത് തെറ്റാണ്. അതൊരു തെറ്റിദ്ധാരണയാണ് ലളിതമായിപ്പറഞ്ഞാൽ വിശുദ്ധ ഖുർആന്റെ മുമ്പിലുള്ളത് മനുഷ്യപ്രകൃതിയാണ്. കാലമേറെ കഴിഞ്ഞാലും വിശുദ്ധ ഖുർആൻ ഇന്നും ഫലപ്രദവും പ്രവർത്തനയോഗ്യവുമാണെന്ന് തറപ്പിച്ചു പറയുന്നത് അതുകൊണ്ടാണ്. അതിനെ മറികടക്കാൻ കാലത്തിന് സാദ്ധ്യമല്ല. എന്തെന്നാൽ, മനുഷ്യപ്രകൃതി മാറ്റാവതല്ല. അതുകൊണ്ട് കുറ്റത്തേയും ശിക്ഷയേയും കുറിച്ചുള്ള പ്രശ്നങ്ങളെല്ലാം മനുഷ്യപ്രകൃതിയുമായി ബന്ധപ്പെടുത്തി വേണം പരിഗണിക്കാൻ. ഇക്കാര്യത്തിലുള്ള ഒരു പ്രത്യേകകാര്യം സമാധാനവും സ്നേഹവും വളർത്തുകയാണോ അതല്ല അത് വെറും പ്രതികാരമാണോ സൃഷ്ടിക്കുന്നത് എന്നു നോക്കി വേണം അതിന്റെ അന്തിമഫലം തീരുമാനിക്കാൻ എന്നതാണ്. വധശിക്ഷ നടപ്പിൽ വരുത്തിയാൽ അത് വിദ്വേഷവും പ്രതികാരവുമാണ് വളർത്തുന്നതെങ്കിൽ വിശുദ്ധ ഖുർആനിൽ അത് സ്ഥാനം കണ്ടെത്തുകയില്ല. എന്നാൽ അതങ്ങനെയല്ല.

ദൈനംദിന ജീവിതത്തിൽ നിങ്ങൾക്ക് കുടുംബത്തിലുണ്ടാകുന്ന അനുഭവം ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. ഇംഗ്ലീഷിൽ അവർ പറയുന്നു: "വടി ഒഴിവാക്കുക, കുട്ടിയെ ചീത്തയാക്കുക."

ഇതിന്റെ അർത്ഥമെന്താണ്? ഇത് ജ്ഞാനസമ്പുഷ്ടമായ ഒരു പ്രയോഗമോ, അതല്ല അർത്ഥശൂന്യമായ ഒരു പറച്ചിലോ? എനിക്ക് തോന്നുന്നു അത് അഗാധമായ അർത്ഥം ഉൾക്കൊള്ളുന്നതാണെന്നാണ്, പക്ഷേ, മുഴുവനുമല്ല. “വടി ഒഴിവാക്കുക കുട്ടിയെ ചീത്തയാക്കുക” എന്നത് ചിലപ്പോൾ നല്ലതാണ്. എന്നാൽ മറ്റു ചിലപ്പോൾ മോശവുമാണ്. ഇക്കാര്യത്തിൽ വിശുദ്ധ ഖുർആന്റെ അധ്യാപനമെന്താണെന്ന് ഞാൻ പറയാം. അപ്പോൾ നിങ്ങൾക്ക് മനസ്സിലാവും.

നിങ്ങളോട് ദ്രോഹം ചെയ്യപ്പെട്ടാൽ പ്രതികാരം ചെയ്യാൻ നിങ്ങൾക്കവകാശമുണ്ട്. പക്ഷേ നിങ്ങളോട് ചെയ്യപ്പെട്ട ദ്രോഹത്തിന്റെ പരിധി വരെ മാത്രം, അണുവളവ് കൂടുതൽ പാടില്ല. പക്ഷേ, ഒരു വ്യക്തി പൊറുത്തു കൊടുക്കാൻ തീരുമാനിച്ചാൽ എല്ലാ സാഹചര്യങ്ങളിലും നിരുപാധികം അത് ഉത്തമമാകുമോ? ഇല്ല!

വിശുദ്ധ ഖുർആൻ ഉപയോഗിച്ച വാക്കുകൾ ‘‘ആരാണോ പൊറുത്തു കൊടുക്കുന്നത്, അത് പൊറുത്തു കൊടുക്കുന്നതിന്റെ ഫലമായി പരിഷ്കരണമുണ്ടാവുമെങ്കിൽ ദൈവത്തിന്റെ പക്കൽ അവന് പ്രതിഫലമുണ്ട്” എന്നാണ്.

എല്ലാ ഘട്ടങ്ങളിലും കുറ്റം കൈകാര്യം ചെയ്യുന്നതിന്റെ തത്ത്വശാസ്ത്രം ഇതാണ്. അത് വധശിക്ഷയുടെ കാര്യത്തിൽ മാത്രമല്ല, വീട്ടിലായാൽ പോലും ശരി, തെറ്റ് ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുമെന്നറിഞ്ഞുകൊണ്ട് കുട്ടികളെ വടിയിൽ നിന്നൊഴിവാക്കുകയാണെങ്കിൽ നിങ്ങൾ സ്വന്തം നിലയിലും, സത്യസന്ധത പുലർത്തുന്നില്ലെന്നു മാത്രമല്ല അനീതി കാണിക്കുകയും ചെയ്യുന്നു. അത്തരം കുട്ടികൾ കടുത്ത കുറ്റവാളികളായി വളരാനാണ് കൂടുതൽ സാദ്ധ്യത. ഇല്ല എന്നാൽ, നല്ല ബോധവും പ്രതികരണശേഷിയുമുള്ള കുട്ടിയാണെങ്കിൽ, നിങ്ങളുടെ സ്നേഹത്തോടും അവനോടുള്ള മനോഭാവത്തോടും പ്രത്യേക ശ്രദ്ധയുള്ളവനാണെങ്കിൽ, അവനിൽ നിന്ന് ശ്രദ്ധ തിരിക്കുന്നത് തന്നെ നല്ലൊരു ശിക്ഷയായിരിക്കും. പിന്നെ നിങ്ങൾ ‘വടി’ കയ്യിലെടുക്കുകയാണെങ്കിൽ നിങ്ങൾ അവനെ ചീത്തയാക്കുകയാണ്. ‘വടി’യെടുക്കുന്നത് എപ്പോഴും നന്നാക്കിത്തീർക്കുന്നതിന് സഹായകമാവില്ല. ചിലപ്പോൾ ‘വടി’ അവനെ ചീത്തയാക്കുന്നു. ഇത് ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കേണ്ട ജ്ഞാനവും വിശേഷബുദ്ധിയുമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ വധശിക്ഷ അനുവദിച്ചിരിക്കുന്നത്. ദ്രോഹിതന് പൊറു ത്തു കൊടുക്കാനുള്ള അവകാശവും നല്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്റെ സമഗ്രതയുടെ മറ്റൊരു വശമാണത്.

ഒരു വ്യക്തിയോടൊ, കുടുംബത്തോടോ ദ്രോഹം ചെയ്യപ്പെട്ടാൽ സമൂഹത്തിലെ മറ്റുള്ളവർക്ക് അത് പൊറുത്തുകൊടുക്കാൻ എന്താണവകാശം? പ്രിയപ്പെട്ടവരെ നഷ്ടപ്പെടുകയോ മറ്റു നഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്തിട്ടുള്ളവരുടെ അത്ര തന്നെ വിഷമം നിങ്ങൾക്ക് തോന്നുന്നില്ല. എന്നിട്ടും അവരുടെ പേരിൽ നിങ്ങൾ പൊറുത്തുകൊടുക്കുന്നു! ഒരാൾ നിങ്ങളെ കൊള്ളയടിച്ച് പാപ്പരാക്കുന്നു. മറ്റുള്ളവർ വന്ന് പറയുന്നു, “ശരി തന്നെ. നിങ്ങൾ വിഷമിക്കേണ്ട, ഞങ്ങൾ അയാൾക്ക് പൊറുത്തു കൊടുക്കുന്നു.” അങ്ങനെ ചെയ്യാൻ അവർക്കീ ഭൂമിയിൽ ആരാണവകാശം നൽകിയത്? അക്രമം ചെയ്യപ്പെട്ടവരുടെ ബന്ധുക്കൾക്ക്, ഏറ്റവും അടുത്ത ബന്ധുക്കൾക്ക്, അതുമായി നേരിട്ട് ബന്ധപ്പെട്ടവർക്ക് പൊറുത്തു കൊടുക്കാനുള്ള അവകാശം വിശുദ്ധ ഖുർആനിൽ നല്കുന്നു. അവർ പൊറുത്തുകൊടുക്കുകയാണെങ്കിൽ കുറ്റവാളിക്ക് വധശിക്ഷ നല്കപ്പെടുന്നില്ല. ബന്ധുക്കളാണ് പീഡിതർ. പൊറുത്തു കൊടുക്കലിൽ എത്രത്തോളം പോവാമെന്ന് അവർക്കറിയാം.

എന്നാൽ, എല്ലാ കുറ്റവാളികളും ഒരുപോലെയല്ല. ചിലർ വളരെ ക്രൂരന്മാരാണ്. ചില ആളുകൾക്ക് നീതിബോധം തൊട്ടുതീണ്ടിയിട്ടുണ്ടാവില്ല. ഇവിടെ ചില കേസുകൾ എനിക്കറിയാം. കുറ്റവാളിക്ക് പൊറുത്തു കൊടുക്കപ്പെടുന്നു. എന്നാൽ അയാൾ കുറ്റം ചെയ്തുകൊണ്ടേ പോകുന്നു. പിന്നീട് എങ്ങനെയെങ്കിലും രക്ഷപ്പെടുന്നു. പിന്നേയും അതേപോലെയുള്ള കുറ്റങ്ങൾ ചെയ്യുന്നു. അങ്ങനെയുള്ള നീചകൃത്യങ്ങൾ നിരവധി ചെയ്തശേഷം തന്നെ ജീവപര്യന്തം തടവിന് ശിക്ഷിക്കണമെന്ന് അയാൾ സ്വയം അപേക്ഷിച്ചു. അയാളുടെ കുറ്റകരമായ പെരുമാറ്റം നിയന്ത്രിക്കുകയെന്നത് അയാളുടെ കഴിവിൽ പെട്ടതായിരുന്നില്ല. പിന്നീട് അയാൾക്ക് ജീവപര്യന്തം തടവുശിക്ഷ നല്കി. മനുഷ്യമനസ്സിന്റെ അത്തരം അഗാധപ്രശ്നങ്ങൾ നമുക്കെങ്ങനെ തീരുമാനിക്കാൻ പറ്റും? അതാവട്ടെ, വ്യക്തികൾ തോറും വിഭിന്നമാണുതാനും. അടിസ്ഥാനപരമല്ലെങ്കിലും ഇന്നയിന്ന കുറ്റവാളികൾക്കെല്ലാം പൊറുത്തു കൊടുക്കണമെന്നും ബാക്കിയുള്ളവരെയെല്ലാം കൊല്ലണമെന്നും നമുക്കെങ്ങനെ പറയാൻ സാധിക്കും? ഇതൊരു വശമാണ്. മറ്റേത് അനുഭവം കാണിച്ചുതരുന്നതാണ്. സ്ഥിതിവിവരക്കണക്കുകളാണ് ഞാൻ പറയുന്നത്. കുറച്ചുകാലം വധശിക്ഷ നടപ്പാക്കുകയും പിന്നെ അതെടുത്തുകളയു

*(ശേഷം - 42ൽ)*

കുറിപ്പുകൾ

മുസാഫിർ

# ക്രെയ്ഗ് വെൻഡർ ജീവന്റെ സ്രഷ്ടാവോ?

**2010** മെയ് 20-ാം തിയ്യതി ലോകത്തിലെ പ്രശസ്തനായ ജനിതക ശാസ്ത്രവിദഗ്ദ്ധൻ ക്രെയ്ഗ് വെൻഡർ അമേരിക്കയിൽ നിന്നും പുറപ്പെടുന്ന 'സയിൻസ് എക്സ്പ്രസ്' എന്ന ഓൺലൈൻ മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം ലോക വാർത്താ മാധ്യമങ്ങളിൽ വൻ പ്രാധാന്യം നേടുകയും അറ്റമില്ലാത്ത ചർച്ചകൾക്കും സംവാദങ്ങൾക്കും തുടക്കം കുറിക്കുകയും ചെയ്തിരിക്കുന്നു. പരീക്ഷണശാലയിൽ ക്രെയ്ഗ് കൃത്രിമ ജീവൻ സൃഷ്ടിച്ചിരിക്കുന്നു എന്നതായിരുന്നു വാർത്ത. ക്രെയ്ഗും ഒരു സംഘം ശാസ്ത്രജ്ഞരും രാസവസ്തുകളുപയോഗിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെ കൃത്രിമമായി ക്രോമോസോം നിർമ്മിക്കുകയും അതേ ക്രോമോസോം ഘടനയുള്ള ഒരു ബാക്ടീരിയയിലേക്ക് അത് പറിച്ചുനടുകയുമാണ് ചെയ്തത്. ഈ സംഭവമാണ് ക്രെയ്ഗിനെ ജീവന്റെ സ്രഷ് ടാവാക്കിക്കൊണ്ടുള്ള വാർത്തകൾക്കാധാരം.

കൃത്രിമ ജീവനാണ് താൻ നിർമ്മിച്ചതെന്നോ അതിന്റെ സ്രഷ്ടാവ് താനാണെന്നോ പ്രതിഭാശാലിയായ ക്രെയ്ഗ് വെൻഡർ അവകാശപ്പെട്ടിട്ടില്ല. 'സ്വയം തൽസമ പകർപ്പുകളായി വിഭജിക്കുന്നതും കമ്പ്യൂട്ടറിന് പിതൃത്വം നൽകാവുന്നതുമായ നമ്മുടെ ഗോളത്തിലെ ആദ്യത്തെ ജീവി രൂപം' എന്നാണ് താൻ നിർമ്മിച്ചെടുത്ത ബാക്ടീരിയയെപ്പറ്റി അദ്ദേഹം പറഞ്ഞത്. വാർത്തകൾക്ക് സെൻസേഷൻ പകരാൻ കാത്തിരിക്കുന്ന മാധ്യമങ്ങളും ശാസ്ത്രത്തെ ദൈവമാക്കാൻ നോക്കുന്ന ഭൗതികവാദികളുമാണ് അദ്ദേഹത്തിനെ ജീവന്റെ സ്രഷ്ടാവാക്കി മാറ്റിയത്. കേട്ടത് പാതി കേൾക്കാത്തത് പാതി. വാർത്തയറിഞ്ഞയുടൻ കേരളത്തിലെ നമ്മുടെ യുക്തിവാദി സുഹൃത്തുക്കൾ അവരുടെ നേതാവ് ശ്രീ കലാനാഥന്റെ നേതൃത്വത്തിൽ സംഘടിച്ചു ദൈവ വിശ്വാസത്തിന് മൂർദാബാദ് വിളിച്ചുകൊണ്ട് കോഴിക്കോട്ട് പ്രകടനവും പൊതുയോഗവും നടത്തുകയുണ്ടായി.

ക്രെയ്ഗ് വെൻഡറിന്റെ നേതൃത്വത്തിൽ നടന്ന പരീക്ഷണത്തിന്റെ ചുരുക്കമിതാണ്. ഒരു ജീവിയുടെ പാരമ്പര്യസവിശേഷതകൾ നിർണ്ണയിക്കുന്ന കോശത്തിനുള്ളിലെ ജനിതക വസ്തുക്കളെയാണ് 'ജിനോം' എന്ന് പറയുന്നത്. അത്തരത്തിൽ ഏറ്റവും ചെറിയ 'ജിനോം' ഉള്ള ബാക്ടീരിയയാണ് 'മൈക്കോപ്ലാസ്മ മൈക്കോയ്ഡ്സ്' (Mycoplasma mycoides). ഈ ബാക്ടീരിയയുടെ ഡി.എൻ.എ. കോഡിന്റെ രാസാക്ഷരങ്ങൾ മനസ്സിലാക്കി രാസവസ്തുക്കളുപയോഗിച്ച് കൃത്രിമമായി അതേപോലെയുള്ള ഡി.എൻ.എ. നിർമ്മിക്കുകയും ആ ഡി.എൻ.എ. ഉപയോഗിച്ച് നിർമ്മിച്ച ക്രോമോസോം നേരത്തെ പറഞ്ഞ മൈക്കോപ്ലാസ്മ മൈക്കോയ്ഡ്സ് ബാക്ടീരിയയിലേക്ക് പറിച്ചു നടുകയുമുണ്ടായി. തുടർന്നു ജീവന്റെ സജീവ പ്രതിഭാസങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് സാധാരണ ബാക്ടീരിയയെപോലെ അത് വളരുകയും വംശവർദ്ധനവ് നടത്തുകയും ചെയ്തു. തീർച്ചയായും ക്രെയ്ഗ് വെൻഡറുടെ മഹത്തരമായ ഈ കണ്ടുപിടിത്തം ശാസ്ത്രലോകത്തെ വലിയൊരു വഴിത്തിരിവാണ്. സോഫ്റ്റ് വെയർ നിർമ്മിച്ച് കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നത് പോലെ ജിനോം നിർമ്മിച്ച് ഒരു ജീവി രൂപത്തെ ഇഷ്ടാനുസരണം വിധേയമാക്കാൻ കഴിയും എന്നത് നിസ്സാര കാര്യമല്ല. മനുഷ്യന് ആവശ്യമുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്ന ബാക്ടീരിയകളേ ഈ വിധം നിർമ്മിച്ച് ഔഷധ നിർമ്മാണത്തിനുപയോഗിക്കാം. അതുപോലെ ഭൂമിയിലെ പരിസ്ഥിതിയെ കുഴപ്പത്തിലാക്കുന്ന കാർബൺ ഡയോക്സൈഡ് തുടങ്ങിയ ഹരിതവാതകങ്ങളെ ആഗിരണം ചെയ്യുന്ന ബാക്ടീരിയകളെ സൃ ഷ്ടിച്ചുവിടാം. വമ്പിച്ച തോതിൽ എണ്ണ മലിനീകരണമുണ്ടായാൽ ആ എണ്ണ കുടിച്ചു വറ്റിക്കാനുള്ള ചെറുബാക്ടീരിയകളെ ഇപ്രകാരം ഉത്പാദിപ്പിക്കാം. അങ്ങനെ നിരവധി നേട്ടങ്ങൾ ഈ കണ്ടുപിടിത്തത്തിലൂടെ

സാധ്യമാകുമെന്ന് ശാസ്ത്രലോകം പറയുന്നു. അതുപോലെ എതിർവാദങ്ങളുമുണ്ട്. ഇത്തരത്തിൽ മനുഷ്യൻ ഡിസൈൻ ചെയ്ത് വിടുന്ന ബാക്ടീരിയ മലിനീകരണം ഇല്ലാതാക്കുന്നതിന് പകരം സ്വയം ഒരു മലിനവസ്തുവാണെന്നും പരിസ്ഥിതിക്ക് അത് വമ്പിച്ച അപകടങ്ങൾ വരുത്തിവെക്കുമെന്നും ഇംഗ്ലണ്ടിലെ ഡോ. ഹെലൻവാലസ് അഭിപ്രായപ്പെടുന്നു. ജനിതകശാസ്ത്രത്തിലെ പുതിയ വികാസങ്ങളെ വിലയിരുത്തുന്ന ഇംഗ്ലണ്ടിലെ 'ജനി വാച്ച്' എന്ന സംഘടനയുടെ വാക്താവാണ് ഡോ. ഹെലൻ വാലസ്. മാത്രമല്ല, ഭീകരർ രോഗം പരത്തുന്നതോ നാശം വിതക്കുന്നതോ ആയ ബാക്ടീരിയകളെ ഇത്തരത്തിൽ പടച്ചു 'ബയോടെറ്റിസം' എന്ന പുതിയൊരു ഭീകരാക്രമണശൈലി രൂപപ്പെടാനുള്ള സാധ്യതയെ പറ്റിയും ചിലർ ആശങ്കപ്പെടുന്നു. ഏതായാലും അത്തരം കാര്യങ്ങളെല്ലാം മനുഷ്യന്റെ വിവേചനബോധത്തെ ആശ്രയിച്ചിരിക്കുന്ന കാര്യങ്ങളാണ്.

കൃത്രിമ ബാക്ടീരിയയെ നിർമ്മിച്ചതിന്റെ പേരിൽ ശാസ്ത്രജ്ഞന്മാർക്ക് ദൈവത്വം ചാർത്തിക്കൊടുക്കുന്ന ഈ കോലാഹലം കാണുമ്പോൾ തൊള്ളായിരത്തി അൻപതുകളിൽ സ്റ്റാൻലി മില്ലറും ഹരോൾഡ് യുറേയും ജീവന്റെ രഹസ്യം കണ്ടുപിടിക്കാൻ നടത്തിയ ഒരു ശാസ്ത്ര പരീക്ഷണമാ ണ് ഓർമ്മവരുന്നത്. ഭൂമിയിലെ ആദ്യത്തെ അവസ്ഥ ഒരു ലാബറട്ടറിയിലെ ഫ്ളാസ്കിൽ അവർ പുനഃസൃഷ്ടിച്ചു. പ്രാഥമിക സമുദ്രജലത്തിന്റേയും വാതകങ്ങളുടേയും സാമ്പിൾ ഉണ്ടാക്കി ഒരു ഫ്ളാസ്ക്കിൽ അടക്കം ചെയ്തു. ഊർജം പകരാനായി അതിനകത്ത് സ്ഥാപിച്ച രണ്ട് ഇലക്ട്രോഡുകളിലൂടെ വൈദ്യുതി പ്രവഹിപ്പിക്കുകയുണ്ടായി. അപ്പോൾ ജൈവവസ്തുക്കളുടെ അടിസ്ഥാന ഘടകമായ കുറച്ച് അമിനോ ആസിഡുകൾ ഫ്ളാസ്കിലെ ദ്രവത്തിൽ രൂപംകൊണ്ടു. ഈ പരീക്ഷണം ശാസ്ത്രലോകത്തെ അത്ഭുതപരതന്ത്രരാക്കി. അരനൂറ്റാണ്ടു മുമ്പത്തെ പഴയകാല യുക്തിവാദികൾ ആനന്ദാതിരേകത്താൽ തുള്ളിച്ചാടി. 'ശാസ്ത്രജ്ഞർ പരീക്ഷണശാലയിൽ ജീവൻ നിർമ്മിച്ചിരിക്കുന്നു. അതുകൊണ്ട് മതങ്ങൾ പിരിച്ചുവിടുക' എന്നതായിരുന്നു യുക്തികോവിദന്മാരെന്ന് നടിച്ചവരുടെ ജല്പനം. പിന്നീട് ജീവിലോകത്തെ നിരവധി വിസ്മയച്ചെപ്പുകൾ ഒന്നൊന്നായി അനാവരണം ചെയ്യപ്പെടുകയുണ്ടായി. ഇവയെല്ലാം കണ്ടെത്തിയിട്ടും അത്ഭുതങ്ങളുടെ അനന്തചക്രവാളങ്ങൾ ബാക്കി നില്ക്കുന്നു. ദൈവം സൃഷ്ടിച്ചുവെച്ച അത്ഭുതങ്ങൾ അനാവരണം ചെയ്യപ്പെടുമ്പോൾ വിനീതവിധേയത്വത്തോടെ ആ മഹാസൃഷ്ടിവൈഭവത്തിനു മുമ്പിൽ തലകുനിക്കുന്നതിനുപകരം സ്വയം ദൈവം ചമയാനാണ് അഹങ്കാരിയായ മനുഷ്യൻ തുനിയുന്നത്. ഭൂമി ഉരുണ്ടതാണെന്ന് ശാ സ്ത്രം കണ്ടുപിടിച്ചു എന്നുപറയുമ്പോൾ ഭൂമിയെ ഉരുട്ടി ഷെയ്പാക്കിയത് ശാസ്ത്രജ്ഞന്മാരാണെന്ന ഗർവ്വാണ്, ദൈവനിഷേധികളായ ചില ഒച്ചവെക്കുന്ന കാലിപ്പാത്രങ്ങൾക്കുള്ളത്. ഭൂമി ഉരുണ്ടതാണെന്ന് ശാസ്ത്രം കണ്ടുപിടിക്കുന്നതിനു മുമ്പും ഭൂമി ഉരുണ്ടതാണെന്നും മറ്റേതോ ഒരു ശക്തിയാണ് അതിന്ന് ഗോളാകാരം നൽകിയതെന്നുമുള്ള ലളിതസത്യം മനുഷ്യൻ മറന്നുപോകുന്നു. പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച പ്രകൃതിനിയമം മനുഷ്യൻ അവന്റെ കഴിവനുസരിച്ച് പകർത്തിയെഴുതിയതിന്റെ ജ്ഞാനരൂപമാണ് ശാസ്ത്രം എന്ന കാര്യം നാം വിസ്മരിക്കരുത്.

വാസ്തവത്തിൽ ബാക്ടീരിയയുടെ സൂക്ഷ്മമായ ഒരു അവയവത്തിന്റെ പ്രവർത്തനം മനസ്സിലാക്കി. അത് കൃത്രിമമായി നിർമ്മിച്ച് ബാക്ടീരിയയിൽ മാറ്റിവെക്കുകയാണ് ക്രെയിഗ് ചെയ്തത്. മാറ്റിവെച്ചതിന് ശേഷവും അത് സുഗമമായി പ്രവർത്തിച്ചു. അതിന്റെ പേരിൽ ആ ജീവിരൂപത്തിന്റെ മൊത്തം സൃഷ്ടികർതൃത്വം അവകാശപ്പെടുന്നത് ശരിയല്ല. ഉദാഹരണത്തിന് മനുഷ്യന്റെ ഹൃദയവാൽവ് മാറ്റിവെച്ച് മനുഷ്യനെ സൃഷ്ടിച്ചുവെന്ന് അവകാശപ്പെടുന്നത് പോലെ നിരർത്ഥകമാണ് ഈ വാദം. മാത്രമല്ല മെക്കോ പ്ളാസ്മാ ബാക്ടീരിയയുടെ ക്രോമോസോമിന് വൃത്താകൃതിയിൽ വളരെ ലളിതമായ ഒരു ഘടനയാണുള്ളത്. എന്നാൽ മനുഷ്യന്റെ ഓരോ കോശത്തിലും 23 ജോഡി ക്രോമോസോമുകളുണ്ട്. ബാക്ട ീരിയയുടെ വൃത്തരൂപത്തിലുള്ള ക്രോമോ സോമിനെ അപേക്ഷിച്ച് വലിയതും നേർ രൂപത്തിലുള്ളതും (Linear Chromosome) അതി സങ്കീർണ്ണവുമാണത്.

ഇനി ബാക്ടീരിയയേയോ അല്ലെങ്കിൽ അതിനേക്കാൾ സങ്കീർണ്ണമായ ജീവിരൂപങ്ങളേയോ ശാസ്ത്രം കൃത്രിമമായി സൃഷ്ടിച്ചാൽ തന്നെ സൃഷ്ടികർത്താവ് എന്ന ദൈവത്തിന്റെ ഗുണം ശാസ്ത്രത്തിന് നേടിയെടുക്കാൻ സാധ്യമല്ലെന്ന് ഖുർആൻ നിർവ്വചനമനുസരിച്ച് നമുക്ക് ബോദ്ധ്യമാവും. ദൈവത്തിന്റെ സൃഷ്ടികർത്തൃത്വത്തെക്കുറിച്ച് ഖുർആൻ പറയുന്നു.

1. **അല്ലാഹു 'ബദീഅ്' (മുൻ മാതൃകയില്ലാതെ സൃഷ്ടിക്കുന്നവൻ) ആണ്:** *'മുൻ മാതൃകകളില്ലാതെ ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനത്രേ അവൻ* (3:118)

2. **എല്ലാറ്റിന്റേയും സൃഷ്ടി**

**കർത്താവ്:** *'അവൻ എല്ലാവസ്തുക്കളേയും സൃഷ്ടിക്കുകയും എന്നിട്ട് അവയെ നല്ലവണ്ണം നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു* (25:3)

3. **ഇല്ലായ്മയിൽ നിന്നും സൃഷ്ടിക്കുന്നവൻ:** *അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു* (59:25).

ഈ അർത്ഥഗർഭമായ ഖുർആൻ വചനങ്ങളിൽ വിവരിക്കപ്പെട്ട സൃഷ്ടികർതൃത്വമാണ് ദൈവത്തിന്റെ സൃഷ്ടികർതൃത്വം. അതിന്റെ അഗാധമായ അർത്ഥവും അതുല്യതയും നാം മനസ്സിലാക്കേണ്ടതുണ്ട്. അവൻ മുൻമാതൃകയില്ലാതെ സൃഷ്ടിക്കുന്നവനാണ് മനുഷ്യന്റെ നിർമ്മിതികളെല്ലാം പ്രകൃതിവസ്തുക്കളെ അനുകരിച്ചുകൊണ്ടും അതിന്റെ നിരീക്ഷണങ്ങളിൽ നിന്ന് ആശയം സ്വീകരിച്ചുകൊണ്ടുമാണ് നടക്കുന്നത്. മുൻമാതൃകയില്ലാതെ മനുഷ്യന് ശൂന്യതയിൽ നിന്നും ഒരാശയവും ലഭിക്കുന്നില്ല. മുൻമാതൃകയില്ലാതെ സൃഷ്ടിക്കുന്നവൻ (Originator) എന്ന ഗുണം ആർക്കാണോ ഉള്ളത് അവനാണ് സ്രഷ്ടാവ് എന്ന ഗുണം പൂർണാർത്ഥത്തിൽ യോജിക്കുക. നിലവിലുള്ള മാതൃക നോക്കിയോ അതിനെ അനുകരിച്ചോ സൃഷ്ടി നടത്തുന്നവനെ സ്രഷ്ടാവ് എന്ന് വാഴ്ത്താൻ സാധ്യമല്ല. പ്രപഞ്ചത്തിൽ നിലകൊള്ളുന്ന നിയമമനുസരിച്ചാണ് വസ്തുക്കൾ അതിന്റെ സവിശേഷഗുണങ്ങളനുസരിച്ച് പ്രവർത്തിക്കുന്നത്. പദാർത്ഥങ്ങളുടെ ഗുണവും അത് പ്രവർത്തിക്കുന്ന നിയമവും മനസ്സിലാക്കി പരസ്പരം യോജിപ്പിക്കുകയാണ് മനുഷ്യൻ ചെയ്യുന്നത്. വസ്തുക്കളെ അസ്തിത്വത്തിലേക്ക് കൊണ്ടുവന്നതിലോ അസ്തിത്വത്തോടൊപ്പമുള്ള അവയുടെ സവിശേഷഗുണങ്ങൾ സൃഷ്ടിക്കപ്പെട്ടതിലോ മനുഷ്യന് യാതൊരു പങ്കുമില്ല. പദാർത്ഥങ്ങൾ അവയുടെ ഗുണങ്ങൾ, അവ പ്രവർത്തിക്കുന്ന നിയമങ്ങൾ, അവ നിലനിക്കുന്ന പ്രപഞ്ചം എന്നിവ സൃഷ്ടിച്ചതുകൊണ്ടാണ്. ദൈവം സമഗ്രമായ അർത്ഥത്തിൽ സൃഷ്ടാവാകുന്നത്. ഭൂമിയിൽ പണ്ടേ സൃഷ്ടിക്കപ്പെട്ട വായുവും വെള്ളവും വെളിച്ചവും വിഭവങ്ങളുമുള്ള, ആവാസവ്യവസ്ഥയിലാണ് മനുഷ്യനും മനുഷ്യൻ ഇപ്പോൾ സൃഷ്ടിച്ചുവെന്നു പറയുന്ന ബാക്ടീരിയയും പിറന്നുവീഴുന്നത്. ഈ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിൽ ബാക്ടീരിയയേപ്പോലെ മനുഷ്യരായ നമുക്കും യാതൊരു പങ്കുമില്ല. അങ്ങനെയുള്ള മനുഷ്യന് ദൈവത്തെ തോൽപ്പിക്കുന്ന സ്രഷ്ടാവാകാൻ കഴിയുന്നതെങ്ങനെ?

പ്രപഞ്ചത്തിൽ സൃഷ്ടിക്കപ്പെട്ട പദാർത്ഥങ്ങൾക്കൊണ്ടു മാത്രമേ മനുഷ്യന് സൃഷ്ടി നടത്താൻ സാധ്യമാകൂ. ദൈവമാകട്ടെ, ഇല്ലായ്മയിൽ വസ്തുക്കളെ അസ്തിത്വത്തിന്റെ ലോകത്ത് കൊണ്ടുവരുന്നവനാണ്. ചുരുക്കത്തിൽ സ്രഷ്ടാവ് എന്ന വിശേഷണം ദൈവത്തിന് മാത്രം യോജിച്ചതാണ്. മനുഷ്യനെ ആ പേരിൽ വിശേഷിപ്പിക്കുകയാണെങ്കിൽ തന്നെ പരിമിതമായ അർത്ഥമേ അതിനു നൽകേണ്ടതുള്ളൂ.

അൻപത് വർഷം മുൻപ് അമിനോ ആസിഡ് ലാബറട്ടറിയിൽ സൃഷ്ടിച്ചപ്പോൾ ജീവന്റെ സ്രഷ്ടാവായി മനുഷ്യൻ ദൈവം ചമഞ്ഞിരുന്നു. ഇക്കാലത്ത് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്കൂൾ ലാബിൽ വെച്ച് ഹെൻട്രി മില്ലറുടെ പ്രസ്തുത പരീക്ഷണം നടത്തി അമിനോ ആസിഡ് ഉല്പാദിപ്പിക്കാൻ സാധിക്കും. ലോകപ്രശസ്തനായ ക്രെയ്ഗും അദ്ദേഹത്തിന്റെ ശാസ്ത്രസംഘവും കോശത്തിനകത്തെ കൃത്രിമ ക്രോമോസോം നിർമ്മിച്ചതിന്റെ പേരിൽ ദൈവത്തെ തോൽപ്പിച്ച ജീവന്റെ സ്രഷ്ടാവാണ് എന്ന് പറഞ്ഞ് വാഴ്ത്തുന്നവർ ഒരു കാര്യം ഓർക്കുക. ഭാവിയിൽ സ്കൂൾ കുട്ടികൾ ഇത്തരം കൃത്രിമ ക്രോമോസോം നിർമ്മിക്കുമ്പോൾ സ്കൂൾ കുട്ടിയുടെ നിലവാരത്തിലേക്ക് നിങ്ങളുടെ സ്രഷ്ടാവ് താഴ്ന്നുപോകും. യഥാർത്ഥ സ്രഷ്ടാവായ ദൈവം അത്യുന്നതനാണ്. അവനാണ് എല്ലാ സ്തുതിയും. ■

## രക്തസാക്ഷികൾ

അംറുബ്നു നുഫൈൽ (റ) നിവേദനം: അല്ലാഹുവിന്റെ ദൂതർ (സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു:

ഒരാൾ തന്റെ സ്വത്ത് സംരക്ഷണവേളയിൽ കൊല്ലപ്പെട്ടാൽ രക്തസാക്ഷിയാണ്. തന്റെ സ്വന്തം ജീവൻ സംരക്ഷിക്കാൻ വേണ്ടി കൊല്ലപ്പെട്ടാലും രക്തസാക്ഷിയാണ് തന്റെ വിശ്വാസസംരക്ഷണത്തിന് വേണ്ടി കൊല്ലപ്പെട്ടാലും രക്തസാക്ഷിയാണ്. തന്റെ കുടുംബത്തിന്റെ സംരക്ഷണത്തിനായി കൊല്ലപ്പെട്ടാലും രക്തസാക്ഷിയാണ്. ***(അബൂദാവൂദ്, തിർമിദി)***

## അനുസ്മരണം



### ജനാബ് പി. മുഹമ്മദ് സാഹിബ്

കണ്ണൂരിലെ ആദ്യകാല അഹ് മദികളിൽപെട്ട പള്ളിക്കലകത്ത് അബ്ദുല്ലാ സാഹിബിന്റെ മകൻ പോളക്കന്റകത്ത് മുഹമ്മദ് സാഹിബ് (84) കണ്ണൂരിൽ വാർദ്ധക്യസഹജമായ രോഗങ്ങളാൽ 3-4-10 ന് വഫാത്തായിരിക്കുന്നു. ഇന്നാലില്ലാഹി.....

1947ൽ ഇന്ത്യാ-പാക്ക് വിഭജനാവസരത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ന്റെ ആഹ്വാനമനുസരിച്ച് ഖാദിയാന്റെ സംരക്ഷണത്തിന്നായി കേരളത്തിൽ നിന്നു ചെന്നിരുന്ന മൂന്നു പേരിൽ ഒരാൾ ജ: പി. മുഹമ്മദു സാഹിബ് ആയിരുന്നു. മറ്റു രണ്ട് പേർ മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബും കണ്ണൂരിലെ പി. സൈനുൽ ആബിദീൻ സാഹിബുമാണ്. ഒന്നരവർഷക്കാലം ഖാദിയാനിൽ ജീവൻ പണയം വെച്ചുകൊണ്ട് സ്തുത്യർഹമായ സേവനം ചെയ്യുവാനും അങ്ങനെ ഹദ്റത്ത് മുസ്ലിഹ് മൗഊദി(റ)ൽ നിന്നും നേരിട്ടു അനുഗ്രഹാശിസകൾ ലഭിക്കുവാനുമുള്ള സൗഭാഗ്യം മൂന്നു പേർക്കുമുണ്ടായി. പരേതന്ന് നാല് ആൺമക്കളും രണ്ട് പെൺമക്കളുമാണുള്ളത്.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ■

**മുഹമ്മദ് ഉമർ എച്ച്.എ., ഖാദിയാൻ**

---

*(36-ൽ നിന്ന് തുടർച്ച)*

പാകിസ്താനിലെ ഒരു മാധ്യമവും അഹ്മദിയ്യാ പള്ളിയെ 'മസ്ജിദ്' എന്ന് വിശേഷിപ്പിച്ചിരുന്നില്ല പകരം 'ആരാധനാലയം' എന്നായിരുന്നു വാർത്തകളിലുടനീളം പറഞ്ഞതും എഴുതിയതും. മാധ്യമങ്ങൾ വൻപ്രാധാന്യത്തോടെയാണ് സംഭവം റിപ്പോർട്ട് ചെയ്തതെങ്കിലും അഹ്മദികളോട് കാണിക്കുന്ന മുൻവിധിയും പക്ഷപാതിത്വവുമാണ് ഇത് സൂചിപ്പിക്കുന്നത്. അപ്രകാരം ഒരുമാധ്യമവും തന്നെ അഹ്മദികൾ പ്രാർത്ഥിക്കുമ്പോഴാണ് അല്ലെങ്കിൽ ജുമാ നമസ്കരിക്കുമ്പോഴാണ് അക്രമണം നടന്നതെന്ന് പറയുകയോ എഴുതുകയോ ചെയ്തില്ല. ഇത് തെളിയിക്കുന്നത് അനഹ്മദി മുസ്ലിംകൾ ഭീകരരെ ഭയപ്പെടുന്നു എന്നതാണ്, ഒരു അഹ്മദിയ്യാ വക്താവ് പറഞ്ഞു. താലിബാൻ അനുകൂല സംഘടനകൾ അഹ്മദികൾക്കെതിരെ അത്യധികം പ്രകോപനപരമായ പോസ്റ്ററുകൾ പാകിസ്താനിൽ പലയിടങ്ങളിലും പതിച്ചിട്ടുണ്ടെന്ന് വാക്താവ് പറഞ്ഞു.

(കടപ്പാട് Neighbour Newspaper .com) ■

---

*(38-ൽ നിന്ന് തുടർച്ച)*

കയും ചെയ്ത രാജ്യങ്ങളിൽ തീർച്ചയായും കൊലപാതകക്കുറ്റം വർദ്ധിച്ചിട്ടുണ്ട്. അമേരിക്കയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ വധശിക്ഷ എടുത്തുകളഞ്ഞിട്ടുണ്ടോ അവിടെയെല്ലാം കൊലപാതകം വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ലഭ്യമായ അടിസ്ഥാന വസ്തുതകൾ തെളിയിക്കുന്നത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമാണ് ഏറ്റവും ഉത്തമവും യുക്തിപരവുമെന്നാണ്. ■

(The Review of Religions May 1994)

**വിവർത്തകൻ : കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

---

*(33-ൽ നിന്ന് തുടർച്ച)*

'സിമി'യുമായി 'ജമാഅത്തെ ഇസ്ലാമി'ക്കു ഒരു ബന്ധവുമില്ലെന്ന് പറഞ്ഞ് കൈകഴുകാൻ ശ്രമിക്കുന്ന ശൈഖ് മുഹമ്മദ് കാരകുന്ന്, കേരള ശബ്ദത്തിലൂടെ വായനക്കാരെയും പൊതുജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുമ്പോൾ, താൻ തന്നെ 1992-ൽ എഴുതിവെച്ച യാഥാർത്ഥ്യത്തിന്റെ മേൽ വരികൾ ആരുമറിയാതെ പോകുമെന്ന് കരുതിയോ? ■

(തുടരും)

## പ്രശസ്ത വിജയം



കോഴിക്കോട് ജമാഅത്തിലെ ഇർഫാൻ ഹബീബ് കേരള എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയിൽ 74-ാം സ്ഥാനവും കുസാറ്റ് എഞ്ചിനിയറിങ്ങ് പരീക്ഷയിൽ 9-ാം സ്ഥാനം. ഐ.ഐ.ടി. യിൽ 5225 സ്ഥാനവും കരസ്ഥമാക്കി. കോഴിക്കോട് ജമാഅത്തിലെ സി.കെ. മുഹമ്മദ് കോയാ സാഹിബിന്റേയും എം.പി. റസിയാബി സാഹിബയുടേയും പുത്രനാണ്.